**JEEVA MOZHIKAL** RNI/KERBIL/-2003/21404 Regn No: KL/KTM/608/2012-14
April 2012 www.jeevamozhikal.org Annual subscription Rs. 80/-

## ദൈവസ്വരം കേൾക്കുക

**ദൈ**വസ്വരം ദൈനംദിനജീവിതത്തിലെ നിത്യസാധാരണമായ സംഭവങ്ങളിൽ നമുക്കു കേൾക്കാൻ കഴിയുമോ? ഒരു സംഭവകഥ കേൾക്കുക:

അസ്സീസിയിലെ ഫ്രാൻസിസ് തന്റെ ശിഷ്യനായ ലിയോയോടൊത്ത് ഒരു വയൽവരമ്പിലൂടെ നടന്നു പോകുകയായിരുന്നു. പൊടുന്നനെ വയലിലെ ചെളിയിൽ പണിയെടുത്തുകൊണ്ടിരുന്ന ആ നാട്ടുകാരനായ ഒരു കർഷകൻ ചെളിയിൽ നിന്നു പൊന്തിവന്നു വരമ്പിലേക്കു കയറി. ഫ്രാൻസിസ് അടുത്തു വരുന്നതു കണ്ടപ്പോൾ കർഷകൻ ചോദിച്ചു:

"അസ്സീസിയിലെ ഫ്രാൻസിസല്ലേ?"

"അതെ". ഫ്രാൻസിസ്സിന്റെ വിനയാന്വിതമായ മറുപടി.

കർഷകൻ വീണ്ടും "എല്ലാവരും താങ്കളെ ഒരു വിശുദ്ധനായിട്ടാണു കണക്കാക്കുന്നത് അല്ലേ"?

ഫ്രാൻസിസ് എന്തു മറുപടി പറയണമെന്നറിയാതെ ഒന്നു പരുങ്ങി. പിന്നെ നേർത്ത സ്വരത്തിൽ സമ്മതിച്ചു:

"അതെ".

ഭാവഭേദമൊന്നും കൂടാതെ കർഷകൻ ഇങ്ങനെ പറഞ്ഞു: "ശരി. അങ്ങനെതന്നെയായിരിക്കണം കേട്ടോ!"

അതു പറഞ്ഞ് കർഷകൻ വീണ്ടും പാടത്തിലെ ചെളിയുടെ അടരുകൾക്കിടയിലേക്ക് ഇറങ്ങിപ്പോയി.

ഫ്രാൻസിസ് അസ്സീസി പെട്ടെന്നു പൊട്ടിക്കരഞ്ഞുകൊണ്ട് തിരിഞ്ഞു ലിയോയോടു പറഞ്ഞു : "നീ കേട്ടോ. എന്നെ ദൈവം ചെളിക്കിടയിൽ നിന്ന് കയറി വന്നു ശാസിച്ചിട്ട് വീണ്ടും അങ്ങോട്ടേക്കു തന്നെ പോയത്!"

ലിയോയ്ക്കു മനസ്സിലായി-പാവപ്പെട്ട അപക്വതയുള്ള ആ കർഷകൻ 'എന്നു വിശുദ്ധനായി തന്നെ ജീവിച്ചുകൊള്ളണം' എന്നു പറഞ്ഞ വാക്കുകളെ തന്റെ ഗുരു ദൈവത്തിൽ നിന്നുള്ള അരുളപ്പാടായി തന്നെ സ്വീകരിച്ചിരിക്കുന്നു.

"കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ"

നമുക്കു കേൾപ്പാൻ ഒരു ചെവിയുണ്ടോ?

**'Now, you can pay your subscription, online!'**

Jeevamozhikal - Direct Fund transfer Details

Account Name: JEEVAMOZHIKAL
Account No. : 67074193088
Bank & Branch: SBT, Kumaranalloor, Kottayam
Bank IFSC CODE : SBTR0000677


**Note:** Immediately after the fund transfer, kindly email to jeevamozhikal@gmail.com with the **transaction details, your address, phone number and the subscription reference number**.

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranalloor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 10 – ലക്കം 4 ഏപ്രിൽ 2012



**എഡിറ്റോറിയൽ**

# ഓട്ടവും ശുശ്രൂഷയും



**"എ**ങ്കിലും ഞാൻ എന്റെ പ്രാണനെ വിലയേറിയതായി എണ്ണുന്നില്ല. എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിനു സാക്ഷ്യം പറയേണ്ടതിനു കർത്താവായ യേശു തന്ന ശുശ്രൂഷയും തികെക്കേണം എന്നേ എനിക്കുള്ളൂ." (പ്രവൃ.20:24)

മദ്ധ്യധരണിക്കടലിന്റെ തീരത്തു രണ്ടു പട്ടണങ്ങൾ-മിലേത്തോസും എഫേസോസും. ജറുസലെമിനുള്ള ആ കപ്പൽ ഇക്കുറി എഫേസോസ് സ്പർശിക്കാതെ മിലേത്തോസ് വഴിയായാണു പോകുന്നത്. പെന്തക്കോസ്തുദിനത്തിനു മുൻപേ ജറുസലെമിൽ എത്തിച്ചേരുവാനുള്ള തിടുക്കത്തിൽ ആ കപ്പലിൽ കയറിയ ഒരു യാത്രികനുണ്ട്-പൗലൊസ്. പരിശുദ്ധാത്മാവിനാൽ നിർബന്ധിതനായി തന്റെ ശുശ്രൂഷ തികെയ്ക്കുവാനായാണ് അദ്ദേഹം അവിടേയ്ക്കു പോകുന്നത്. പോകുന്ന വഴിയിൽ എഫേസോസിലെ തന്റെ സ്നേഹിതരോടു യാത്ര പറയുവാനും അവർക്കൊരു അന്തിമസന്ദേശം നൽകുവാനും പൗലൊസിന് ആഗ്രഹം.

ആ ആഗ്രഹം അദ്ദേഹം എഫെസോസിലെ സഭയിലെ മൂപ്പന്മാരെ അറിയിച്ചു. അവർ 50 മൈലോളം യാത്രചെയ്ത് മിലേത്തോസിൽ എത്തി പൗലൊസിനെ കണ്ടു. പൗലൊസ് അവരോട് വികാരഭരിതമെങ്കിലും ഹ്രസ്വമായ ഒരു പ്രസംഗം നടത്തി. ഏഷ്യയിൽ വന്ന ഒന്നാംനാൾ മുതൽ അവരോട് താഴ്മയോടും കണ്ണീരോടും കൂടി നിരന്തരം താൻ നൽകിയ ഉപദേശങ്ങൾ വിസ്മരിക്കരുതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ഉപദേശത്തിനു ചേർന്ന തന്റെ നിസ്വാർത്ഥമായ ജീവിതം അവർക്കു മാതൃകയായിരിക്കട്ടെ എന്ന് ആശംസിച്ചു. താൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ സഭയിൽ നുഴഞ്ഞുകയറാനുള്ള സാധ്യതയുടെ നേരേ വേദത്തോടെ വിരൽ ചൂണ്ടി. ജറുസലെമിലേക്ക് പരിശുദ്ധാത്മാവിനാൽ കെട്ടപ്പെട്ടവനായി യാത്രചെയ്യുന്ന തന്റെ മുഖം ഇനി അവരാരും കാണാൻ സാധ്യതയില്ലെന്നും പൗലൊസ് മുന്നറിയിപ്പു നൽകി. ഹ്രസ്വമായ ആ പ്രസംഗം പൊടുന്നനെ അവസാനിച്ചു.

വികാരഭരിതമായ ഒരു വിടവാങ്ങലാണ് തുടർന്നു നടന്നത്. അവർ മുട്ടുകുത്തി പ്രാർത്ഥിച്ചു. പൗലൊസിനെ കഴുത്തിൽ കെട്ടിപ്പിടിച്ചു ചുംബിച്ചു. മൂന്നു സംവത്സരം രാപ്പകൽ ഇടവിടാതെ കണ്ണുനീർവാർത്തുകൊണ്ട് ഓരോരുത്തർക്കും ബുദ്ധി പറഞ്ഞുതന്ന പൗലൊസിന്റെ മുഖം ഇനി തങ്ങൾ കാണുകയില്ല. എല്ലാവരും വളരെ കരഞ്ഞു. കപ്പലോളം അദ്ദേഹത്തെ അവർ അനുയാത്ര ചെയ്തു. എഫേസോസിലുള്ളവരെ സംബന്ധിച്ചിടത്തോളം എല്ലാം ഒരു കാലഘട്ടത്തിന്റെ അവസാനം പോലെയാവാം തോന്നിയത്.

എഫേസോസ് സഭയിലെ മൂപ്പന്മാരോടു നടത്തിയ ആ അന്തിമപ്രസംഗത്തിൽ പൗലൊസ് തന്റെ ജീവിതലക്ഷ്യവും ആത്യന്തികമായുള്ള ആഗ്രഹവും നിർവ്വചിക്കുന്ന വാക്യമാണു തുടക്കത്തിൽ ഉദ്ധരിച്ചത്: 'എന്നാൽ എന്റെ ജീവൻ ഏതെങ്കിലും വിധത്തിൽ വിലപ്പെട്ടതായി ഞാൻ കണക്കാക്കുന്നില്ല. എന്റെ ഓട്ടം പൂർത്തിയാക്കണമെന്നും ദൈവത്തിന്റെ കൃപയുടെ സുവിശേഷത്തിനു സാക്ഷ്യം നൽകാൻ കർത്താവായ യേശുവിൽ നിന്നു ഞാൻ സ്വീകരിച്ചിട്ടുള്ള ശുശ്രൂഷ നിർവഹിക്കണമെന്നും മാത്രമേ ഞാൻ ആഗ്രഹിക്കുന്നുണ്ട്.'

ഈ വാക്യത്തിൽ ശ്രദ്ധേയമായ രണ്ടു വാക്കുകളാണു ഓട്ടവും ശുശ്രൂഷയും (course and ministry).പൗലൊസിനെ സംബന്ധിച്ചിടത്തോളം ഇവ രണ്ടല്ല; ഒന്നാണ്.

ഓട്ടം-ക്രിസ്തീയജീവിതത്തെ താരതമ്യം ചെയ്യാൻ പൗലൊസ് മിക്കപ്പോഴും ഉപയോഗിക്കുന്ന വാക്കാണത്. ക്രിസ്തീയജീവിതം ഒരു ഓട്ടക്കളമാണെന്നും ഒരുവൻ തന്റെ ഓട്ടം വിജയകരമായി ഓടി പൂർത്തിയാക്കണമെന്നുമാണു പൗലൊസിന്റെ കാഴ്ചപ്പാട്. ദമസ്കോസിന്റെ പടി വാതിൽക്കൽ ദൈവം അവനെ പിടികൂടിയപ്പോൾ പൗലൊസ് ആ ഓട്ടം ആരംഭിച്ചു. നിരന്തരം താൻ ആ ഓട്ടക്കളത്തിലായിരുന്നു (1 കൊരി 9:24-26, ഫിലി. 3:12-14). ഒടുവിൽ 'ഞാൻ ഓട്ടം തികെച്ചു' എന്നു തന്റെ അന്തിമ ലേഖനത്തിൽ പൗലൊസ് പ്രഖ്യാപിക്കുകയും ചെയ്യുന്നു (2 തിമൊ. 4:7).

പൗലൊസിൽ നിന്നു വ്യത്യസ്തമായി ഇന്നു പലരെ സംബന്ധിച്ചും ഓട്ടവും ശുശ്രൂഷയും രണ്ടായി മുറിഞ്ഞുകിടക്കുകയാണ്. ക്രിസ്തീയജീവിതമാകുന്ന ഓട്ടത്തിൽ നിന്നു വേറിട്ട ഒരു തൊഴിലായി ശുശ്രൂഷ ഇന്നു മാറിയിരിക്കുന്നു. എന്നാൽ ആത്യന്തികമായി നമ്മുടെ ജീവിതം തന്നെയല്ലേ നമ്മുടെ ശുശ്രൂഷയും? ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെയും ശുശ്രൂഷയെയും വ്യക്തമാക്കാൻ യേശു രണ്ട് ഉദാഹരണങ്ങളാണ് ഉപയോഗിച്ചത്. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു (മത്തായി 5:13) നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു (5: 14). ഉപ്പിന്റെ ജീവിതവും ശുശ്രൂഷയും രണ്ടായി നിൽക്കുന്നില്ല. ഉപ്പ് എല്ലാറ്റിനെയും രുചിപ്പെടുത്തുകയും ജീർണിച്ചു പോകാതെ സംരക്ഷിക്കുകയും ചെയ്യുന്നു. ഉപ്പിന്റെ 'ശുശ്രൂഷ'യാണത്.എന്നാൽ സ്വയം അലിഞ്ഞു ചേർന്നും തന്റെ സ്വത്വത്തെ (identity) നഷ്ടപ്പെടുത്തിയുമാണ് ഉപ്പ് ആ 'ശുശ്രൂഷ' ചെയ്യുന്നത് എന്നുള്ളതുകൊണ്ട് ഉപ്പിന്റെ 'ജീവിത'വും അതുതന്നെ. ഉപ്പിന്റെ 'ജീവിത'ത്തിൽ നിന്നു മാറ്റി നിർത്താവുന്ന ഒന്നല്ല അതിന്റെ 'ശുശ്രൂഷ'.

വെളിച്ചത്തിന്റെ കാര്യവും അങ്ങനെതന്നെ. നിങ്ങൾ ലോകത്തിന്റെ വിളക്കാകുന്നു എന്നല്ല വെളിച്ചമാകുന്നു (not a lamp but light)എന്നാണ് യേശു പറഞ്ഞത്. വെളിച്ചമില്ലാതെയും വിളക്കിന് ഒരു അസ്തിത്വമുണ്ട്(existence). എന്നാൽ വെളിച്ചത്തിന് വെളിച്ചമില്ലാതെ ഒരു നിലനിൽപ്പില്ല. ഉപ്പിനെപ്പോലെ വെളിച്ചത്തിന്റെയും ജീവിതവും ശുശ്രൂഷയും ഒന്നുതന്നെ.

യേശുവിന്റെ കാര്യത്തിലും ഇങ്ങനെ തന്നെയായിരുന്നു.യേശുവിന്റെ ജീവിതത്തെയും ശുശ്രൂഷയെയും രണ്ടായി കാണുന്നവർ തങ്ങൾക്കു നഷ്ടമാകുന്നത് എന്തെന്ന് അറിയുന്നില്ല. യേശുവിന്റെ മൂന്നരവർഷത്തെ പരസ്യശുശ്രൂഷയെ അവിടുത്തെ 30 വർഷത്തെ രഹസ്യജീവിതത്തിൽ നിന്നു മാറ്റി നിർത്താൻ കഴിയുമോ? അവിടുത്തെ രഹസ്യജീവിതത്തിന്റെ തുടർച്ചയും അതിന്റെ പൂരകവുമായിരുന്നു യേശുവിന്റെ പരസ്യശുശ്രൂഷയും. രഹസ്യജീവിതത്തിലാകട്ടെ പരസ്യജീവിതത്തിലാകട്ടെ യേശു 'ഇളയ തൈ പോലെയും വരണ്ട നിലത്തു നിന്നു വേർ മുളയ്ക്കുന്നതു പോലെയും ദൈവത്തിന്റെ മുൻപാകെയായിരുന്നു' (യെശ. 53:2). പരസ്യശുശ്രൂഷാകാലത്തു മാത്രമല്ല അവിടുന്നു ലോകത്തിന്റെ 'വെളിച്ച' മായിരുന്നത്. അവിടുത്തെ മുഴുജീവിതവും മനുഷ്യരുടെ 'വെളിച്ച' മായിരുന്നു (യോഹ. 1:4). യേശുവിന്റെ രഹസ്യജീവിതത്തിനും

*ശേഷം പേജ് 35 ൽ*

സന്ദേശം

# ഓട്ടവും ശുശ്രൂഷയും എന്തിനുവേണ്ടി?

ആർ. പ്രഭാകർ

**ഇ**ന്നു ക്രിസ്തീയലോകം മുഴുവൻ 'ദൈവത്തിനുവേണ്ടി എന്തെങ്കിലും ചെയ്യുന്ന'തിൽ മുഴുകിയിരിക്കുകയാണ്. ചിലരെങ്കിലും ഒരുപക്ഷേ ആത്മാർത്ഥത യോടെയായിരിക്കും ചെയ്യുന്നത്. എന്നാൽ ദൈവം അവരിൽനിന്നു പ്രതീക്ഷിക്കുന്ന ഏകകാര്യമൊഴിച്ചു മറ്റെന്തും ചെയ്യുക എന്നുള്ള സാത്താന്റെ വഞ്ചനയ്ക്ക് സദുദ്ദേശ്യമുള്ളവർ പോലും ഇരയായിത്തീരുന്നു. തൽഫലമായി അവർ പലതും ത്യജിക്കുകയും പലതുംപ്രവൃത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഈ അദ്ധ്വാനങ്ങൾ മനുഷ്യനല്ലാതെ ദൈവത്തിനു സ്വീകാര്യമായിത്തീരുന്നില്ല.

വീണുപോയ ആദമിന്റെ വർഗത്തെ രക്ഷിക്കുവാനായി ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചപ്പോൾ അവിടുത്തെ മനസ്സിലുണ്ടായിരുന്ന ഏക ലക്ഷ്യം പാപത്തിനു മനുഷ്യജഡത്തിൽ ശിക്ഷ വിധിക്കുക എന്നുള്ളതായിരുന്നു (റോമർ 8:3). മനുഷ്യജഡത്തിലുള്ള മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നതാണു മാനവരാശിയുടെ എല്ലാ പ്രശ്നങ്ങൾക്കും കാരണമെന്ന് അവിടുത്തേക്ക് അറിയാമായിരുന്നു. അതുകൊണ്ടാണ് മനുഷ്യനുള്ള അതേ ജഡത്തിൽ തന്റെ പുത്രനെ അയയ്ക്കേണ്ടി വന്നത്(എബ്രാ.2:14).നമ്മുടെ



*അസ്വസ്ഥതയോടെ കർത്താവിനുവേണ്ടി ജോലി ചെയ്യുന്ന, 'കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാനായി' മാർത്തയെപ്പോലെ ഓടിനടക്കുന്ന 'സുവിശേഷകർ' ഇന്നുണ്ട്. സാത്താൻ അവരെ അസ്വസ്ഥരാക്കി വഞ്ചിച്ചിരിക്കുന്നു.*

***മറ്റുള്ളവരുടെ ജഡത്തിലുള്ള പാപത്തിന്റെ കാര്യത്തിൽ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അത് അവരുടെ കണ്ണിലെ കരടാണെന്ന് നമുക്കു പറയാം.എന്നാൽ നമ്മുടെ കണ്ണിൽ ഒരു കോലുണ്ട്-ജഡത്തിലെ പാപം. നമ്മുടെ ജഡത്തിലെ പാപത്തിന്റെ കാര്യത്തിൽ വേണമെങ്കിൽ തീർച്ചയായും ചിലതു ചെയ്യുവാൻ നമുക്കു കഴിയും. അതിനെ കൈകാര്യം ചെയ്യുന്നതിൽ നമ്മൾ വിശ്വസ്തതയുള്ളവരാണെങ്കിൽ മാത്രമേ മറ്റുള്ളവരുടെ കണ്ണിലെ കരടെടുക്കുവാൻ നമുക്ക് അവരെ സഹായിക്കുവാൻ കഴിയുകയുള്ളൂ.***

ജഡത്തിൽ ഭൂമിയിൽ ജീവിച്ച യേശു എല്ലായ്പ്പോഴും പിതാവിന്റെ ആഗ്രഹത്തിന് 'ആമേൻ' പറയുകയും അങ്ങനെ ജഡത്തിൽ പാപത്തിനു ശിക്ഷ വിധിക്കുകയും ചെയ്തു. എല്ലാം പൂർണ്ണമായും ക്രമമായും തന്റെ പിതാവിനു ചെയ്യുവാൻ കഴിയുമെന്ന് യേശു വിശ്വസിക്കുകയും അങ്ങനെ ന്യായപ്രമാണത്തിനു നേടുവാൻ കഴിയാതിരുന്ന കാര്യം വിശ്വാസത്താൽ നിർവ്വഹിക്കുകയും ചെയ്തു (എബ്രാ. 11:40,12:1-4).

അങ്ങനെ മനുഷ്യന്റെ ഏറ്റവും വലിയ ആവശ്യം സാധിച്ചു-പാപത്തിനു തന്റെ ജഡത്തിൽ ശിക്ഷ വിധിച്ചു. ഇപ്രകാരം പിതാവിന്റെ അടുക്കലേക്കു വരണമെന്ന് ആഗ്രഹിക്കുന്ന എല്ലാ മനുഷ്യർക്കും യേശു വാതിലായിത്തീർന്നു. കാരണം ജഡത്തെ മരിപ്പിക്കുവാൻ ആവശ്യമായ വിശ്വാസം ആരംഭിച്ചവനും പൂർത്തിയാക്കുന്നവനും യേശുവാണ് (എബ്രാ. 12:2).

മറ്റുള്ളവരുടെ ജഡത്തിലുള്ള പാപത്തിന്റെ കാര്യത്തിൽ നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. അത് അവരുടെ കണ്ണിലെ കരടാണെന്ന് നമുക്കു പറയാം.എന്നാൽ നമ്മുടെ കണ്ണിൽ ഒരു കോലുണ്ട്-ജഡത്തിലെ പാപം. നമ്മുടെ ജഡത്തിലെ പാപത്തിന്റെ കാര്യത്തിൽ വേണമെങ്കിൽ തീർച്ചയായും ചിലതു ചെയ്യുവാൻ നമുക്കു കഴിയും. അതിനെ കൈകാര്യം ചെയ്യുന്നതിൽ നമ്മൾ വിശ്വസ്തതയുള്ളവരാണെങ്കിൽ മാത്രമേ മറ്റുള്ളവരുടെ കണ്ണിലെ കരടെടുക്കുവാൻ നമുക്ക് അവരെ സഹായിക്കുവാൻ കഴിയുകയുള്ളൂ.

യേശു തന്റെ ശിഷ്യന്മാരെ 'ഭൂമിയുടെ ഉപ്പ്' എന്നാണു വിളിച്ചത്. തങ്ങളുടെ ജഡത്തെ മരിപ്പിച്ച നീതിമാന്മാരായ കുറച്ചുപേരെങ്കിലുമുണ്ടെങ്കിൽ അവർക്കു ഭൂമിയുടെ ഉപ്പാകുവാനും അവരുടെ തലമുറയിൽ ദുഷ്ടന്റെ പ്രവർത്തനത്തെ ചെറുത്തുനിൽക്കുവാനും കഴിയും. അങ്ങനെ നമുക്കും മറ്റുള്ളവരെ രക്ഷയിലേക്കു പ്രവേശിപ്പിക്കുന്ന വാതിലാകുവാൻ കഴിയും. ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്ന പ്രാഥമികവും മുഖ്യവുമായ കാര്യം ഇതാണ്. നമ്മുടെ ജീവിതത്തിൽ ചെയ്യാവുന്ന ഏറ്റവും പ്രയോജനമുള്ള കാര്യവും ഇതു തന്നെയാണ്.

ഇക്കാര്യം ചെയ്യുന്നതിൽ നാം പരാജയപ്പെടുകയാണെങ്കിൽ, ദൈവത്തിനു വേണ്ടി മറ്റെന്തു ചെയ്താലും അതു നിഷ്പ്രയോജനമായിരിക്കും. കാരണം നാം സാത്താനാൽ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു തന്നെ. 'ജീവനെ കൊടുക്കുന്ന' ഈ സ്നേഹമില്ലെങ്കിൽ, നമ്മുടെ ശരീരം കർത്താവിനുവേണ്ടി ചുടുവാൻ ഏല്പിച്ചാലും നമുക്കു യാതൊരു പ്രയോജനവുമില്ല (1 കൊരി. 13:3, യോഹ. 15:13). തന്റെ അയൽക്കാരിൽ യേശു പാപത്തെ കണ്ടപ്പോൾ അവരെ സഹായിക്കുവാനുള്ള ഏക വഴി സ്വന്തം ജീവനെ അവർക്കായി കൊടുക്കുകയാണെന്നു മനസ്സിലാക്കി. സ്വന്തം യാഗംകൊണ്ട് അവിടുന്നു പാപപരിഹാരം വരുത്തി (എബ്രാ. 9:26). ഇക്കാരണത്താലാണ് തന്റെ ജീവി



ജീവമൊഴികൾ

തത്തിന്റെ അവസാനം തന്നെ പിതാവ് ഏല്പിച്ച ജോലി പൂർത്തിയാക്കിയെന്ന് സന്തോഷത്തോടെ യേശുവിന് പറയുവാൻ കഴിഞ്ഞത് (യോഹ. 17:4).

ഇക്കാര്യത്തിൽ വെളിപ്പാടു ലഭിച്ചതുകൊണ്ട് പൗലൊസ് ഇങ്ങനെ പറഞ്ഞു: 'ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചിരിക്കുന്നു' ( 2 കൊരി. 5:19). മറ്റുള്ളവരുടെ ലംഘനങ്ങളെ എങ്ങനെ അവർക്കെതിരെ കണക്കാക്കാതെയിരിക്കാമെന്ന് നാം മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ മാത്രമേ നിരപ്പിന്റെ ശുശ്രൂഷ ദൈവത്തിനു നമ്മെ ഭരമേൽപ്പിക്കുവാൻ കഴിയുകയുള്ളൂ. യേശു പോയ വഴി പത്രോസും മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് യേശുവിനെക്കുറിച്ചു പത്രോസിനു പറയുവാൻ കഴിഞ്ഞു:'അവൻ ജഡത്തിൽ മരണശിക്ഷ ഏല്ക്കയും... പോയി പ്രസംഗിക്കുകയും ചെയ്തു' എന്ന് (1 പത്രോ.3:18, 19). ഇതു തീർച്ചയായും യേശുവിന്റെ ശാരീരികമരണത്തെക്കുറിച്ചാണ്.എന്നാൽ യേശുവിന്റെ ജീവിതത്തിൽ പ്രവൃത്തിച്ച ആത്മീയതത്വത്തിന്റെ കാര്യത്തിലും ഇതു ശരിയാണ്.

ജഡത്തിന്മേലുള്ള ദൈവത്തിന്റെ വിധി പൂർണ്ണമായി സ്വീകരിക്കുന്നവർക്കും, ജഡത്തെ മരിപ്പിക്കുന്ന കാര്യത്തിൽ തന്നോട് സഹകരിക്കുവാൻ മനസ്സുള്ളവർക്കും മാത്രമേ ദൈവം തന്നെ ഏല്പിച്ചുകൊടുക്കുകയുള്ളൂ എന്നുള്ളതു വ്യക്തമാണ്. അങ്ങനെ നമ്മുടെ ജഡത്തിൽ വസിക്കുന്ന മോഹത്തെക്കുറിച്ചു നമുക്കു കൂടുതൽ കൂടുതൽ വെളിച്ചം ലഭിക്കുകയും അവയെ നാം മരിപ്പിക്കയും ചെയ്യുന്നതനുസരിച്ചു സമയത്തും അസമയത്തും നിരപ്പിന്റെ വചനം പ്രസംഗിക്കുവാൻ നാം ഒരുക്കമുള്ളവരായിത്തീരുന്നു.

കരുണ ആവശ്യമുള്ള ഏതൊരുവനും നമ്മുടെ അയൽക്കാരനാണെന്ന് നല്ല ശമ

***ജഡത്തിന്മേലുള്ള ദൈവത്തിന്റെ വിധി പൂർണ്ണമായി സ്വീകരിക്കുന്നവർക്കും, ജഡത്തെ മരിപ്പിക്കുന്ന കാര്യത്തിൽ തന്നോട് സഹകരിക്കുവാൻ മനസ്സുള്ളവർക്കും മാത്രമേ ദൈവം തന്നെ ഏല്പിച്ചുകൊടുക്കുകയുള്ളൂ എന്നുള്ളതു വ്യക്തമാണ്. അങ്ങനെ നമ്മുടെ ജഡത്തിൽ വസിക്കുന്ന മോഹത്തെക്കുറിച്ചു നമുക്കു കൂടുതൽ കൂടുതൽ വെളിച്ചം ലഭിക്കുകയും അവയെ നാം മരിപ്പിക്കയും ചെയ്യുന്നതനുസരിച്ചു സമയത്തും അസമയത്തും നിരപ്പിന്റെ വചനം പ്രസംഗിക്കുവാൻ നാം ഒരുക്കമുള്ളവരായിത്തീരുന്നു.***

ര്യക്കാരന്റെ ഉപമയിൽ യേശു വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ വീട്ടിലും ജോലി ചെയ്യുന്ന സ്ഥലത്തും സഹമനുഷ്യർ പാപത്താൽ രോഗികളും മരിച്ചവരുമായിക്കാണുമ്പോൾ, നമ്മുടെ ക്രൂശിക്കപ്പെട്ട ജീവിതംകൊണ്ടും ദൈവം നമ്മെ ഭരമേൽപ്പിച്ച നിരപ്പിന്റെ വചനത്താലും നമുക്കവരെ അനുഗ്രഹിക്കുവാനും അവരുടെ മുറിവുകൾ ഉണക്കുവാനും കഴിയും. ഒരർത്ഥത്തിൽ പറഞ്ഞാൽ നമ്മുടെ അടിപ്പിണരുകളാൽ (നാം ജഡത്തെ മരിപ്പിക്കുമ്പോൾ ) അവർക്കു സുഖം പ്രാപിക്കാം.

അതുകൊണ്ട് മുറിവേറ്റവരെ അന്വേഷിച്ച് ഇറങ്ങി നടക്കണമെന്നാണോ? അല്ല. നല്ല ശമര്യാക്കാരൻ മുറിവേറ്റവരെ അന്വേഷിച്ച് നടന്നില്ല. എന്നാൽ തന്റെ വഴിയിൽ, തന്റെ മുമ്പിൽ കാണപ്പെട്ടവനെ അവൻ സഹായിച്ചു. നമ്മുടെ ദൈനംദിന ജീവിതത്തിൽ ആവശ്യക്കാരെ നമുക്കും കാണുവാൻ കഴിയും.

അസ്വസ്ഥതയോടെ ഓടിനടന്നു കർത്താവിനുവേണ്ടി ജോലി ചെയ്യുകയും മറിയ സഹായിക്കാത്തതിൽ ആവലാതി

പറയുകയും ചെയ്യുന്ന മാർത്തയെ ലൂക്കോസ് 10: 38-42 ൽ നമുക്കു കാണാം. 'കർത്താവിനുവേണ്ടി എന്തെങ്കിലും ചെയ്യുവാനായി' മാർത്തയെപ്പോലെ ഓടി നടക്കുന്ന 'സുവിശേഷകർ' ഇന്നുണ്ട്. അവരുടേതുപോലുള്ള സുവിശേഷത്തിൽ തത്പരരല്ലാത്ത മറിയമാരെ അവർ വിമർശിക്കുന്നു. എന്നാൽ ഈ മാർത്തമാർ അറിയാത്ത വസ്തുത സാത്താൻ അവരെ അസ്വസ്ഥരാക്കി വഞ്ചിച്ചിരിക്കുന്നു എന്നുള്ളതാണ്. സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിക്കയും അവന്റെ ശുശ്രൂഷക്കാരെ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിപ്പിക്കയും ചെയ്യുന്നു (2 കൊരി. 11:14, 15).

യഥാർത്ഥമായും ദൈവം നിയോഗിച്ചിരിക്കുന്ന ഒരു സുവിശേഷകൻ മറിയയെപ്പോലെയായിരിക്കും. തന്റെ ജഡത്തിലെ പാപത്തെ വിധിക്കുന്ന വചനത്തെ അവൻ ആദ്യം ശ്രദ്ധിക്കയും പിന്നീട് ആ വചനം മറ്റുള്ളവരോട് പ്രസംഗിക്കുകയും ചെയ്യുന്നു. ഒന്നേ ആവശ്യമുള്ളു എന്ന് യേശു പറഞ്ഞ കാര്യം ഇതാണ് (ലൂക്കോ. 10:42). എല്ലാ വിശ്വാസികളും സുവിശേഷകന്മാരാകുവാൻ വിളിക്കപ്പെട്ടിട്ടില്ല (എഫേ. 4:11; 1 കൊരി.12:29,30). എന്നാൽ നമുക്കെല്ലാവർക്കും ലോകത്തിന്റെ വെളിച്ചവും ഉപ്പും ആകുവാൻ കഴിയുമെന്നു മാത്രമല്ല നാം ദൈനംദിനം ഇടപെടുന്നവരുടെ മുമ്പിൽ സാക്ഷികളാകുവാനും കഴിയും.

അതുകൊണ്ട് ദൈവം നമ്മിൽനിന്ന് എന്തു പ്രതീക്ഷിക്കുന്നു എന്ന കാര്യത്തിൽ വഞ്ചിതരാകാതിരിക്കാം. നാം വിതയ്ക്കുന്നതു തന്നെ കൊയ്യും.

"ഒരു വേലക്കാരനെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യമുള്ള കാര്യം തന്റെ യജമാനൻ പറയുന്നതു മാത്രം ചെയ്യുക എന്നുള്ളതാണ്....കർത്താവായ യേശു എന്നെ ഏല്പിച്ചിരിക്കുന്ന കാര്യം ഞാൻ ചെയ്യാത്തപക്ഷം എന്റെ ജീവിതം യാതൊരു വിലയും ഇല്ലാത്തതായിത്തീരുന്നു" (1 കൊരി. 4:2; അപ്പോ.പ്ര.20: 24-ലിവിംഗ്). ⊙

## ഭയപ്പെടേണ്ട

- **അപകടങ്ങളെ അഭിമുഖീകരിക്കുമ്പോൾ**
  ഭയപ്പെടേണ്ട ഞാൻ നിന്നെ പേരു ചൊല്ലി വിളിച്ചിരിക്കുന്നു; നീ എന്റേതാണ് (യെശയ്യാവ് 43:1-3); സങ്കീർത്തനം 121:7,8; ആവർത്തനം 33:27
- **രോഗത്തെ അഭിമുഖീകരിക്കുമ്പോൾ**
  ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവയാകുന്നു (പുറപ്പാട് 15:26), മത്തായി 4:24,25; സങ്കീർത്തനം 73:26; യാക്കോബ് 5:14,15
- **എതിർപ്പുകളെയും പൈശാചിക പോരാട്ടങ്ങളെയും അഭിമുഖീകരിക്കുമ്പോൾ** കർത്താവ് എന്റെ പക്ഷത്തുണ്ട് ഞാൻ ഭയപ്പെടുകയില്ല (സങ്കീർത്തനം 118:6, 7), ലൂക്കോസ് 10:19; 1 യോഹന്നാൻ 4:4;യാക്കോബ് 4:7
- **അനിശ്ചിതമായ ഭാവിയെ അഭിമുഖീകരിക്കുമ്പോൾ**
  കർത്താവ് അരുളിച്ചെയ്യുന്നു. നിങ്ങളെക്കുറിച്ചുള്ള പദ്ധതി ക്ഷേമത്തിനുള്ള പദ്ധതിയാണ്. (യിരെമ്യാവ് 29:11) നഹൂം 1:7; സങ്കീർത്തനം 4:8; വിലാപങ്ങൾ 3:22,23.
- **മരണത്തെ അഭിമുഖീകരിക്കുമ്പോൾ**
  മരണനിഴൽ താഴ്വരയിലൂടെ കടക്കുമ്പോൾ....ഞാൻ ഭയപ്പെടുകയില്ല. (സങ്കീർത്തനം 23:4) സദൃശ്യവാക്യം 14:32; സങ്കീർത്തനം 73:24





**വചനം**

### നാം വിശ്വസിക്കുന്ന സത്യം-II

# രക്ഷയെ സംബന്ധിച്ച സത്യം

**സാക് പുന്നൻ**

**ദൈവവചനം** രക്ഷയെപ്പറ്റി സംസാരിക്കുമ്പോൾ അതിനെ ഭൂതവും (എഫേ. 2:8) വർത്തമാനവും (ഫിലി. 2:12) ഭാവിയുമായി (റോമർ 13:11) കാണിക്കുന്നു. മറ്റൊരു തരത്തിൽപ്പറഞ്ഞാൽ രക്ഷയ്ക്ക് നീതികരണം, വിശുദ്ധീകരണം, മഹത്വീകരണം എന്നിങ്ങനെ മൂന്നു ഭാവങ്ങളുണ്ട്.

രക്ഷയ്ക്ക് ഒരു അടിസ്ഥാനവും മുകളിലുള്ള പണിയുമുണ്ട്. അടിസ്ഥാനമെന്നത് പാപക്ഷമയും നീതീകരണവുമാണ്. നീതീകരണമെന്നത് പാപക്ഷമയെക്കാൾ ഉന്നതമാണ്. ക്രിസ്തുവിന്റെ മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം എന്നിവയുടെ അടിസ്ഥാനത്തിൽ നാം ദൈവമുമ്പാകെ നീതിമാന്മാരെന്ന് പ്രഖ്യാപിക്കപ്പെടുന്നതാണ് അത്. ഇത് നമ്മുടെ പ്രവൃത്തികളുടെ അടിസ്ഥാനത്തിലല്ല (എഫേ. 2:8, 9)എന്തെന്നാൽ നമ്മുടെ നീതിപ്രവൃത്തികൾ പോലും ദൈവത്തിന്റെ ദൃഷ്ടിയിൽ കറപുരണ്ടതുണിപോലെയാണ് (യെശ. 64:6). നാം ക്രിസ്തുവിന്റെ നീതിയെ ധരിച്ചിരിക്കുന്നു (ഗലാ. 3:27). മാനസാന്തരവും വിശ്വാസവുമാണ് പാപക്ഷമയും നീതികരണവും പ്രാപിക്കുവാനുള്ള വ്യവസ്ഥ (അപ്പൊ. 20:21).

യഥാർത്ഥമാനസാന്തരം നമ്മുടെ തെറ്റുകൾക്കു പരിഹാരം ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കുന്നതായിരിക്കണം. തെറ്റായവിധത്തിൽ നാം സ്വന്തമാക്കിയ പണം, വസ്തുവകകൾ, നികുതികൾ എന്നിവ തിരികെ കൊടുക്കുക, ആരോടൊക്കെ നാം തെറ്റു ചെയ്തുവോ അവരോടെല്ലാം സാധ്യമായിടത്തോളം ക്ഷമ ചോദിക്കുക എന്നിവയാണ് ഇതിന്റെ സ്വഭാവം (ലൂക്കോ. 19:8, 9). ദൈവം നമ്മോടു ക്ഷമിക്കുമ്പോൾ നമ്മോടു തെറ്റു ചെയ്തവരോട് അതേവിധത്തിൽത്തന്നെ നാമും ക്ഷമിക്കണമെന്ന് അവിടുന്ന് ആവശ്യപ്പെടുന്നു. അപ്രകാരം നാം ചെയ്യുന്നില്ലെങ്കിൽ നമുക്കു ലഭിച്ച പാപക്ഷമ ദൈവം പിൻവലിക്കും (മത്താ. 18:23-35). മാനസാന്തരം, വിശ്വാസം എന്നിവയെ തുടർന്ന് നാം ജലത്തിൽ മുങ്ങി സ്നാനമേൽക്കണം. അതിലൂടെ നമ്മുടെ പഴയ മനുഷ്യനെ കുഴിച്ചിടുന്നതായി നാം ദൈവത്തോടും മനുഷ്യരോടും പിശാചിനോടും പരസ്യമായി സാക്ഷീകരിക്കുന്നു. (റോമർ 6:4,6).

അനന്തരം നമുക്ക് പരിശുദ്ധാത്മസ്നാനം പ്രാപിക്കാവുന്നതാണ്. ഇതു മൂലം നമുക്കു നമ്മുടെ ജീവിതം കൊണ്ടും വാക്കുകൊണ്ടും ക്രിസ്തുവിനെ സാക്ഷിക്കുവാനുള്ള ശക്തി ലഭിക്കുന്നു. (അപ്പൊ. 1:8) പരിശുദ്ധാത്മസ്നാനം (നിറവ്) നാം പ്രാപിക്കേണ്ട ഒരു വാഗ്ദാനമാണ് (ലൂക്കൊ. 11:13). അത് വിശ്വാസത്താൽ ഓരോ ദൈവപൈതലും അവകാശമാക്കേണ്ടതുണ്ട് (മത്താ. 3:11).

ദൈവപൈതൽ എന്ന് പരിശുദ്ധാത്മാവിനാലുള്ള സാക്ഷ്യം പ്രാപിക്കുകയും പരിശുദ്ധാത്മസ്നാനം പ്രാപിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് ഓരോ ക്രിസ്തുശിഷ്യന്റെയും ആവശ്യവും പദവിയുമാണ്. (റോമർ 8:16, എഫെ. 5:18)

വിശുദ്ധീകരണം എന്നുള്ളത് കെട്ടിടത്തിന്റെ മേൽപ്പണിയാണ്. വിശുദ്ധീകരണം എന്നാൽ പാപത്തിൽ നിന്നും ലോകത്തിൽ നിന്നും വേർതിരിക്കപ്പെടുക എന്നാണർത്ഥം. വീണ്ടും ജനനത്തോടു

> ***ഇപ്പോൾ ഈ ലോകത്തിൽ വെച്ചു തന്നെ കുറ്റമറ്റ മനസ്സാക്ഷി നമുക്കുണ്ടായാൽ തന്നെയും യേശുവിന്റെ വരവിൽ നാം ഒരു മഹത്വശരീരം പ്രാപിക്കുന്നതുവരെയും പാപരഹിതമായ ഒരു പൂർണ്ണതയിലെത്തുവാൻ നമുക്ക് സാധ്യമല്ല. അപ്പോൾ മാത്രമേ യേശുവിനെപ്പോലെയാകുവാൻ നമുക്കു സാധിക്കൂ. എന്നാൽ ഇപ്പോൾതന്നെ അവിടുന്ന് നടന്നതുപോലെ നാം നടക്കേണ്ടതാണ്. നാമെത്രമാത്രം വിശുദ്ധീകരണം പ്രാപിച്ചാലും പാപസാധ്യതയുള്ള ഈ ശരീരത്തിലായിരിക്കുന്നിടത്തോളം കാലം അബോധപൂർവമായപാപം നമ്മിലുണ്ടായിരിക്കും***

കൂടെ ആരംഭിക്കുകയും (1 കൊരി. 1:2) ഒരുവന്റെ ലോകജീവിതകാലം മുഴുവൻ തുടരുകയും ചെയ്യുന്ന ഒരു പ്രക്രീയയത്രേ അത് (1 തെസ്സ. 5:23, 24). പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിലും മനസ്സുകളിലും തന്റെ പ്രമാണങ്ങൾ എഴുതുന്നതിലൂടെ ദൈവം അത് ആരംഭിക്കുന്നു. (എബ്രാ. 8:10) എങ്കിലും ഭയത്തോടും വിറയലോടും കൂടി നമ്മുടെ രക്ഷയ്ക്കായി പ്രവർത്തിച്ചുകൊണ്ട് അതിൽ നമുക്കുള്ള പങ്ക് നാം നിറവേറ്റണം (ഫിലി, 2:12, 13). പരിശുദ്ധാത്മാവ് നൽകുന്ന ശക്തിയുപയോഗിച്ച് ജഡത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കേണ്ടത് നാം തന്നെയാണ് (റോമർ 8:13). ജഡത്തിലെയും ആത്മാവിലെയും സകലകല്മഷങ്ങളും നീക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെയ്ക്കുക എന്നത് നാം ചെയ്യേണ്ട കാര്യം തന്നെയാണ്. (2 കൊരി. 7:1).

ഇതു ചെയ്യുവാൻ പരിശുദ്ധാത്മാവിനോട് സഹകരിക്കുന്നതിൽ പൂർണ്ണഹൃദയത്തോടെ അടിയന്തര ശ്രദ്ധ പതിപ്പിക്കുന്ന ഒരാളുടെ ജീവിതത്തിൽ വിശുദ്ധീകരണമെന്ന പരിപാടി വേഗത്തിൽ പുരോഗമിക്കും. പരിശുദ്ധാത്മ പ്രേരണയ്ക്കു നേരെ മന്ദത കാട്ടുന്ന ഒരുവന്റെ ജീവിതത്തിൽ ഈ കാര്യം മന്ദഗതിയിലും മുടക്കം വന്ന അവസ്ഥയിലുമായിരിക്കും. വിശുദ്ധീകരണത്തിനായി വാഞ്ഛിക്കുന്നതിൽ നമുക്കുള്ള പൂർണ്ണ ജാഗ്രത പരീക്ഷിക്കപ്പെടുന്നത് പ്രലോഭനങ്ങൾ നേരിടുന്ന അവസരങ്ങളിലാണ്.

പഴയനിയമത്തിലെന്നപോലെ ബാഹ്യമായ ഒരു നീതിപ്രാപിക്കുകയല്ല, മറിച്ച് ആന്തരികമായിത്തന്നെ ദൈവികനീതി നമ്മിൽ നിറവേറ്റുകയാണ് വിശുദ്ധീകരണം (റോമർ 8:4). മത്തായി 5:17-48ൽ യേശു ഊന്നിപ്പറഞ്ഞ വസ്തുത ഇതത്രേ. ന്യായപ്രമാണം നമ്മിൽ നിന്നും ആവശ്യപ്പെടുന്നതിനെ രണ്ട് കല്പനകളായി കർത്താവ് സംക്ഷേപിച്ചിട്ടുണ്ട്. ഒന്ന്: പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക; രണ്ട്: കൂട്ടുകാരനെ നമ്മെപ്പോലെ തന്നെ സ്നേഹിക്കുക. (മത്തായി 22:36-40). ദൈവസ്വഭാവത്തിന്റെ സാരാംശമായ ഈ സ്നേഹപ്രമാണം നമ്മുടെ ഹൃദയങ്ങളിൽത്തന്നെ എഴുതുവാനാണ് ദൈവം ആഗ്രഹിക്കുന്നത് (എബ്രാ. 8:10, 2 പത്രോ. 1:4). ബോധപൂർവമായ എല്ലാ പാപങ്ങളുടെ മേലുമുള്ള വിജയവും യേശുവിന്റെ എല്ലാ കൽപനകളുടെയും അനുസരണവുമാണ് ഇതിന്റെ ബാഹ്യലക്ഷണം (യോഹ. 14:15).

ശിഷ്യത്വത്തിന് യേശു വച്ചിട്ടുള്ള വ്യവസ്ഥകൾ (ലൂക്കോ. 14:26-33) നിറവേറ്റാതെ ഇത്തരമൊരു ജീവിതത്തിലേക്കു പ്രവേശിക്കുക സാധ്യമല്ല. അടിസ്ഥാനപരമായി, സ്വജനങ്ങളെയും സ്വന്തജീവനെത്തന്നെയും വെറുക്കുക, എല്ലാ ഭൗതിക സമ്പത്തുകളെയും വിട്ടുപിരിയുക എന്നിവയാണ് ഈ വ്യവസ്ഥകൾ. നമുക്ക് ആദ്യമായി കടക്കേണ്ട ഇടുക്കുവാതിൽ ഇതാണ്. ഇതേത്തുടർന്ന് ഇടുങ്ങിയവഴിയിലേക്കും നാം പ്രവേശിക്കുന്നു. ഈ നില





യിൽ വിശുദ്ധീകരണത്തെ പിൻപറ്റുവാൻ കഴിയാത്തവർക്ക് ദൈവത്തെ കാണുവാൻ ഒരുനാളും കഴിയുകയില്ല (എബ്രാ. 12:14).

ഇപ്പോൾ ഈ ലോകത്തിൽ വെച്ചു തന്നെ കുറ്റമറ്റ മനസ്സാക്ഷി നമുക്കുണ്ടായാൽ തന്നെയും (എബ്രാ. 7:19, 9:9,14) യേശുവിന്റെ വരവിൽ നാം ഒരു മഹത്വശരീരം പ്രാപിക്കുന്നതുവരെയും പാപരഹിതമായ ഒരു പൂർണ്ണതയിലെത്തുവാൻ നമുക്ക് സാധ്യമല്ല (1 യോഹ. 3:2). അപ്പോൾ മാത്രമേ യേശുവിനെപ്പോലെയാകുവാൻ നമുക്കു സാധിക്കൂ. എന്നാൽ ഇപ്പോൾതന്നെ അവിടുന്ന് നടന്നതുപോലെ നാം നടക്കേണ്ടതാണ്(1 യോഹ. 2:6). നാമെത്രമാത്രം വിശുദ്ധീകരണം പ്രാപിച്ചാലും പാപസാധ്യതയുള്ള ഈ ശരീരത്തിലായിരിക്കുന്നിടത്തോളം കാലം അബോധപൂർവമായപാപം നമ്മിലുണ്ടായിരിക്കും(1യോഹന്നാൻ 1:18).

എന്നാൽ നാം പൂർണമനസ്സുള്ളവരെങ്കിൽ ഇപ്പോൾ തന്നെ മനസ്സാക്ഷിയിൽ കുറ്റമറ്റ നിലയിലും (പ്രവൃ. 24:16)ബോധപൂർവമായ പാപങ്ങളിൽ നിന്നു സ്വതന്ത്രരായും ജീവിക്കുവാൻ കഴിയും.(1യോഹ.2: 1,1കൊരിന്ത്യർ4: 4)

ഇപ്രകാരം നാം നമ്മുടെ രക്ഷയുടെ അന്തിമ ഘട്ടമായ പാപരഹിതമായ പൂർണതയ്ക്കായി, അതായതു നമ്മുടെ മഹത്വീകരണം പ്രാപിക്കുവാനായി ക്രിസ്തുവിന്റെ വരവു കാത്തുകൊണ്ട് ജീവിക്കുകയാണ്. (ഫിലി. 3:21, റോമർ 8:23)

### സഭയെ സംബന്ധിച്ച സത്യം

സഭ ക്രിസ്തുവിന്റെ ശരീരമാണ്. അതിന്റെ തല ക്രിസ്തു. അതിന് ഒരു കേന്ദ്ര ആസ്ഥാനം മാത്രം - മൂന്നാം സ്വർഗ്ഗം. ക്രിസ്തുവിന്റെ ശരീരത്തിൽ ഓരോ അവയവത്തിനും അതിന്റേതായ ഒരു പ്രവൃത്തിയുണ്ട്. (എഫേ. 4:16). ചില അംഗങ്ങൾക്ക് മറ്റുള്ളവയെക്കാൾ കൂടുതൽ പ്രസക്തവും പ്രകടവുമായ ശുശ്രൂഷകൾ ഉണ്ടെങ്കിലും ഓരോ അംഗത്തിനും വിലയേറിയ എന്തെങ്കിലും സംഭാവന ചെയ്യുവാൻ ഉണ്ടാകും.

> ***പഴയനിയമത്തിലെന്നപോലെ ബാഹ്യമായ ഒരു നീതിപ്രാപിക്കുകയല്ല, മറിച്ച് ആന്തരികമായിത്തന്നെ ദൈവികനീതി നമ്മിൽ നിറവേറ്റുകയാണ് വിശുദ്ധീകരണം. ന്യായപ്രമാണം നമ്മിൽ നിന്നും ആവശ്യപ്പെടുന്നതിനെ രണ്ട് കല്പനകളായി കർത്താവ് സംക്ഷേപിച്ചിട്ടുണ്ട്. ഒന്ന്: പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കുക; രണ്ട്: കൂട്ടുകാരനെ നമ്മെപ്പോലെ തന്നെ സ്നേഹിക്കുക. ദൈവസ്വഭാവത്തിന്റെ സാരാംശമായ ഈ സ്നേഹപ്രമാണം നമ്മുടെ ഹൃദയങ്ങളിൽത്തന്നെ എഴുതുവാനാണ് ദൈവം ആഗ്രഹിക്കുന്നത്***

തന്റെ ശരീരം പണിയുവാനായി ക്രിസ്തു സഭയിൽ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നൽകിയിട്ടുണ്ട് (എഫെ. 4:11). ഇവയെല്ലാം ശുശ്രൂഷകളാണ്, മറിച്ച് പദവികളല്ല. പ്രാദേശിക സഭകൾ സ്ഥാപിക്കുവാനായി ദൈവം വിളിച്ചു നിയോഗിച്ചവരാണ് അപ്പൊസ്തലന്മാർ. അവർക്കാണ് സഭയിൽ ഒന്നാം സ്ഥാനം (1 കൊരി. 12:28). അതിനാൽ തങ്ങളുടെ അതിരിനുള്ളിലുള്ള മറ്റെല്ലാ ദൈവഭൃത്യന്മാർക്കും അവർ മൂപ്പന്മാരായിരിക്കുന്നു. (2 കൊരി. 10:13). ദൈവജനത്തിന്റെ മറഞ്ഞിരിക്കുന്ന ആവശ്യങ്ങൾക്കനുസരിച്ചു ദൈവികസത്യങ്ങൾ വെളിപ്പെടുത്തുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നവരാണ് പ്രവാചകന്മാർ. അക്രൈസ്തവരെ ക്രിസ്തുവിലേക്കു നയിക്കുവാൻ വരം ലഭിച്ചവരാണ് സുവിശേഷകന്മാർ. അപ്രകാരം ചെയ്തശേഷം അവർ ആ ദൈവജനങ്ങളെ ക്രിസ്തു

***തന്റെ ശരീരം പണിയുവാനായി ക്രിസ്തു സഭയിൽ അപ്പൊസ്തലന്മാർ, പ്രവാചകന്മാർ, സുവിശേഷകന്മാർ, ഇടയന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിവരെ നൽകിയിട്ടുണ്ട് . ഇവയെല്ലാം ശുശ്രൂഷകളാണ്, മറിച്ച് പദവികളല്ല. പ്രാദേശിക സഭകൾ സ്ഥാപിക്കുവാനായി ദൈവം വിളിച്ചു നിയോഗിച്ചവരാണ് അപ്പൊസ്തലന്മാർ. അവർക്കാണ് സഭയിൽ ഒന്നാം സ്ഥാനം . അതിനാൽ തങ്ങളുടെ അതിരിനുള്ളിലുള്ള മറ്റെല്ലാ ദൈവഭൃത്യന്മാർക്കും അവർ മൂപ്പന്മാരായിരിക്കുന്നു.***

വിന്റെ ശരീരമായ ഒരു പ്രാദേശികസഭയിലേക്കു ചേർക്കേണ്ടതാണ്. (ആധുനികകാലത്തെ സുവിശേഷയത്നങ്ങളിൽ ഒരു നല്ലപങ്കും പരാജയപ്പെടുന്നത് ഈ കാര്യത്തിലാണ്.) ആട്ടിൻകുട്ടികളെയും ആടുകളെയും കരുതലോടെ നയിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവരാണ് ഇടയന്മാർ. തിരുവെഴുത്തുകളെയും അവയിലുള്ള ഉപദേശങ്ങളെയും വിശദമായി ഗ്രഹിപ്പിക്കുന്നവരാണ് ഉപദേഷ്ടാക്കന്മാർ. ഈ അഞ്ചു കൃപാവരങ്ങളും ലോകവ്യാപകമായ സഭയ്ക്കുള്ളതത്രേ. അക്കൂട്ടത്തിൽ ഓരോ പ്രാദേശിക സഭയുടെയും ശക്തി ഇടയന്മാരും പ്രവാചകന്മാരുമാണ്. മറ്റ് മൂന്ന് കൃപാവരങ്ങളും ഇതരപ്രാദേശികസഭകളിൽ നിന്നു ലഭിച്ചെന്നു വരാം.

പ്രാദേശികസഭയുടെ നേതൃത്വം മൂപ്പന്മാരിലായിരിക്കണം. ഈ കാര്യം പുതിയനിയമം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. (തീത്തോ. 1:5, പ്രവൃ. 14:23). 'മൂപ്പന്മാർ' എന്ന് ബഹുവചനം പ്രയോഗിച്ചിരിക്കുന്നതിനാൽ ഓരോ സഭയിലും കുറഞ്ഞ പക്ഷം രണ്ടുമൂപ്പന്മാരുണ്ടായിരിക്കണം. പ്രാദേശികസഭയുടെ നേതൃത്വം സന്തുലിതമാകേണ്ടതിനും കർത്താവിന്റെ സാന്നിധ്യത്തിലുള്ള ശക്തിയാൽ സാത്താന്യപ്രവൃത്തികളെ ബന്ധിക്കുവാനും സഭയുടെ നേതൃത്വത്തിൽ ബഹുത്വം ആവശ്യമാണ് (മത്തായി. 18:18-20). ഏകവ്യക്തി നേതൃത്വം പുതിയനിയമോപദേശത്തിനു വിരുദ്ധമാണ്. എന്നിരുന്നാലും മൂപ്പന്മാരിലൊരുവൻ കർത്താവിൽനിന്നു പ്രവാചകശുശ്രൂഷ ലഭിച്ചവനെങ്കിൽ സഭയുടെ ദൂതൻ അവനായിരിക്കാം (വെളി. 2:1). പ്രാദേശികസഭയുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങൾക്കും സഭാവിശ്വാസികളെല്ലാം അവിടത്തെ മൂപ്പന്മാരുടെ അധികാരങ്ങൾക്ക് കീഴ്പ്പെടേണ്ടതാണ്. (എബ്രാ. 13:17, 1 തെസ്സ. 5:12, 13).

തന്റെ ശിഷ്യന്മാർ എന്തെങ്കിലും സ്ഥാനപ്പേര് സ്വീകരിക്കുന്നതിനെ കർത്താവ് വിലക്കിയിട്ടുണ്ട്. (മത്താ. 23:7-12). അതിനാൽ ഗുരു, പിതാവ്, പാസ്റ്റർ, റവറണ്ട്, നായകൻ എന്നിങ്ങനെ ഒരാളെ വിളിക്കുന്നതു ദൈവവചന വിരുദ്ധമാണ്. റവറണ്ട് എന്ന സ്ഥാനപ്പേര് ബൈബിളിൽ ദൈവത്തെ സംബന്ധിച്ചു മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ. (സങ്കീ. 111:10 ) സഭാംഗങ്ങളായ എല്ലാ വ്യക്തികളും കേവലം സഹോദരന്മാരായോ മറ്റുള്ളവരുടെ ദാസന്മാരായോ മാത്രം അറിയപ്പെടേണ്ടതാണ്.

ഉപദേശത്തിനായോ (പ്രവൃ. 20:9, 11) പ്രാർത്ഥനയ്ക്കായോ (പ്രവൃ. 12:5, 12) സുവിശേഷീകരണത്തിനായോ (പ്രവൃ. 2:14-40) പരസ്പര ഉത്സാഹത്തിനായോ (എബ്രാ. 3:13) വേണ്ടിയുള്ള യോഗങ്ങൾ പ്രാദേശികസഭകൾക്ക് ഉണ്ടായിരിക്കണം. ഇത്തരം സന്ദർഭങ്ങളിൽ വചനത്താൽ വരപ്രാപ്തരായ വിശ്വാസികൾക്ക് പരസ്പരം ഉത്സാഹിപ്പിക്കുവാൻ കഴിയും. (1 കൊരി. 14:26-40). പ്രവചനവരം യോഗങ്ങളിൽ അത് ഉപയോഗിക്കുവാനാഗ്രഹിക്കുന്ന എല്ലാവരും വാഞ്ഛിക്കേണ്ടതാണ്. (1 കൊരി. 14:1, 39) വിവിധഭാഷാവരം പ്രാഥമികമായി വ്യക്തിപരമായ ആത്മികവർദ്ധ





നയ്ക്കാണ് ഉതകുന്നത് (1 കൊരി. 14:4, 18, 19). അത് സഭായോഗങ്ങളിൽ ഉപയോഗിക്കുന്ന പക്ഷം വ്യാഖ്യാനവും ഉണ്ടായിരിക്കേണ്ടതാണ്. (1 കൊരി. 14:27). അന്യഭാഷാഭാഷണത്തിന്റെ വ്യാഖ്യാനം ഒരു വെളിപ്പാടോ, ജ്ഞാനവചനമോ, പ്രവചനമോ, ഉപദേശമോ, പ്രാർത്ഥനയോ ആകാം (1 കൊരി 14:2-6). 1 കൊരി. 12:8-10, 28; റോമർ. 12:6-8 എന്നീഭാഗങ്ങളിൽ പരാമർശിച്ചിട്ടുള്ള എല്ലാ കൃപാവരങ്ങളും ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയുടെ പണിക്ക് ആവശ്യമത്രേ. എന്നാൽ ആത്മവരങ്ങളെ അവഗണിക്കുകയോ നിന്ദിക്കുകയോ ചെയ്യുന്ന സഭയ്ക്ക് അവ ഒരിക്കലും ലഭിക്കാതെയാകും - തന്മൂലം ആ സഭ ശക്തിഹീനയാവുകയും ചെയ്യും.

തലയിൽ മൂടുപടമിട്ടു മാത്രം യോഗങ്ങളിൽ പ്രാർത്ഥിക്കുകയോ പ്രവചിക്കുകയോ ചെയ്യുവാൻ സ്ത്രീകൾക്ക് അനുവാദമുണ്ട്. എന്നാൽ അവർക്ക് പുരുഷന്റെമേൽ അധികാരം നടത്തുവാനോ പുരുഷനെ ഉപദേശിക്കുവാനോ അനുവാദമില്ല (1 കൊരി. 11:5; 1 തിമൊ 2:12). സ്ത്രീയുടെ തലയിലെ മൂടുപടം (1 കൊരി 11:1-16-ൽ കാണുന്നതുപോലെ) വെളിപ്പെടുത്തുന്ന കാര്യങ്ങൾ ഇവയാണ്.

1. സഭയിൽ പുരുഷന്റെ തേജസ്സ് മറയ്ക്കപ്പെടേണ്ടതാണ്. ('സ്ത്രീയാണ് പുരുഷന്റെ തേജസ്സ്': 7-ാം വാക്യം)
2. സഭയിൽ സ്ത്രീയുടെ തേജസ്സും മറയ്ക്കപ്പെടേണ്ടതാണ്. (ഒരു സ്ത്രീയുടെ മുടിയാണ് അവളുടെ തേജസ്സ്. വാക്യം 15). (സ്ത്രീകൾ തങ്ങളുടെ മുടിയുടെ സൗന്ദര്യത്തെക്കുറിച്ച് ബോധമുള്ളവരാണ്. അതിനാലാണ് സഭയിൽ പലരും ഭാഗികമായി മാത്രം ശിരസ്സ് മറയ്ക്കുന്നതായി കാണപ്പെടുന്നത്!)
3. അവൾ പുരുഷന്റെ അധികാരങ്ങൾക്ക് കീഴടങ്ങുന്നതായി കാണിക്കുന്നു. (വാക്യം - 10) - അത് ഭർത്താവോ, പിതാവോ, മൂപ്പനോ ആകാം.

***സകല ജനങ്ങളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരു സഭയ്ക്ക് എത്തിച്ചേരാൻ സാധിക്കുന്ന സകല സ്ഥലങ്ങളിലുമുള്ള എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവാൻ തീർച്ചയായും കടമയുണ്ട്. എങ്കിലും ആളുകളെ ശിഷ്യത്വത്തിലേക്കു വരുത്താതെയുള്ള സുവിശേഷഘോഷണം ഭൂമിയിൽ ക്രിസ്തുവിന്റെ സാക്ഷ്യത്തിന് പ്രതിബന്ധമായിട്ടാണ് തീരുന്നത്.***

സ്ത്രീകൾ വസ്ത്രധാരണത്തിൽ ക്രിസ്തുവിന്റെ വിശുദ്ധിയെ വെളിപ്പെടുത്തേണ്ടതാണ്. അവർ യോഗ്യമായ നിലയിലും ലളിതമായ നിലയിലും വസ്ത്രധാരണം ചെയ്യേണ്ടതാണ്. (1 തിമൊ. 2:9)

സകല ജനങ്ങളിൽ നിന്നും ശിഷ്യന്മാരെ ഉണ്ടാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഒരു സഭയ്ക്ക് എത്തിച്ചേരാൻ സാധിക്കുന്ന സകല സ്ഥലങ്ങളിലുമുള്ള എല്ലാ ജനങ്ങളോടും സുവിശേഷം പ്രസംഗിക്കുവാൻ തീർച്ചയായും കടമയുണ്ട്. (മർക്കോ. 16:15; മത്താ. 28:19). എങ്കിലും ആളുകളെ ശിഷ്യത്വത്തിലേക്കു വരുത്താതെയുള്ള സുവിശേഷഘോഷണം ഭൂമിയിൽ ക്രിസ്തുവിന്റെ സാക്ഷ്യത്തിന് പ്രതിബന്ധമായിട്ടാണ് തീരുന്നത്.

ഓരോ പ്രാദേശികസഭയും 'അപ്പം മുറിക്കുക' എന്ന ശുശ്രൂഷയിലൂടെ കർത്താവിന്റെ മരണത്തെ പ്രസ്താവിക്കേണ്ടതാണ് (1 കൊരി. 11:23,24). എത്രമാത്രം ഇടവിട്ടായിരിക്കണം ഇതു ചെയ്യേണ്ടത് എന്ന കാര്യത്തിൽ ഓരോ സഭയ്ക്കും സ്വാതന്ത്ര്യമായി തീരുമാനിക്കുവാൻ

ദൈവം അനുവാദം നൽകുന്നുണ്ട്. എന്നാൽ ഒരിക്കലും അത് ഒരു ചടങ്ങായി അധഃപതിക്കുവാൻ ഇടയാക്കരുത്.

സ്തോത്രക്കാഴ്ചയുടെ കാര്യത്തിൽ, ദൈവവേലയ്ക്കായി അവിശ്വാസികളിൽ നിന്നു പണം സ്വീകരിക്കുന്നത് തെറ്റാണെന്ന് ദൈവവചനം വ്യക്തമായി പ്രസ്താവിക്കുന്നു. (3 യോഹ. 7). അതിനാൽ അവിശ്വാസികൾ സന്നിഹതരായിട്ടുള്ള യോഗങ്ങളിൽ സ്തോത്രക്കാഴ്ചയെടുക്കുവാൻ പാടില്ല. മാത്രമല്ല, വിശ്വാസികൾ നൽകുന്ന ദാനങ്ങൾ പരപ്രേരണ കൂടാതെയും രഹസ്യത്തിലും സന്തോഷത്തോടെയും ആയിരിക്കണം (മത്താ. 6:3, 2 കൊരി. 9:7). ഇപ്രകാരം കൊടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അത് രഹസ്യത്തിൽ ചെയ്യുവാൻ കഴിയുന്നവിധത്തിൽ യോഗസ്ഥലത്ത് എവിടെയെങ്കിലും ഒരു സ്തോത്രകാഴ്ചപ്പെട്ടി ക്രമീകരിക്കുന്നതാണ് ഉചിതം. ദാനങ്ങൾ ലഭിക്കുവാനാഗ്രഹിച്ചുകൊണ്ട് നമ്മുടെ ദൈവികവേലകളെപ്പറ്റിയുള്ള റിപ്പോർട്ടുകൾ മറ്റുള്ളവർക്ക് അയക്കുന്നത്, ആ റിപ്പോർട്ടുകളെ 'പ്രാർത്ഥനാക്കത്തുകൾ' എന്ന് വിളിച്ചാൽ തന്നെയും, തെറ്റാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ യേശുവും അപ്പൊസ്തലന്മാരും അങ്ങനെ ചെയ്തിട്ടില്ല.

ശിഷ്യന്മാരെ വിശ്വാസത്തിന്റെ അനുസരണത്തിലേക്ക്, മത്തായി 5–7 അധ്യായങ്ങളിലുള്ളതടക്കമുള്ള യേശുവിന്റെ എല്ലാ കല്പനകളുടെയും അനുസരണത്തിലേക്ക്, നയിക്കുമ്പോൾ മാത്രമേ സഭ സുസ്ഥിരമായിത്തീരുകയുള്ളൂ. പുതിയനിയമത്തിലെ ഏറ്റവും ചെറിയ കൽപനകൾ പോലം പ്രമാണിക്കുകയും തീക്ഷ്ണതയോടെ അവയെ പ്രഘോഷിക്കുകയും ചെയ്യേണ്ടതത്രേ. ഇതാണ് ഒരുവനെ ദൈവമുമ്പാകെ വലിയവനാക്കുന്നത് (മത്താ. 5:19).

എങ്കിലും പുതിയനിയമം മൗനം അവലംബിക്കുന്ന അനേകം വിഷയങ്ങൾ ഉണ്ട്. അത്തരം കാര്യങ്ങളിൽ സ്വമതശാഠ്യം നമുക്കുണ്ടായിരിക്കരുത്. നേരേ മറിച്ച്, അവയിൽ നമുക്കുള്ള ദൃഢവിശ്വാസങ്ങൾ പിടിച്ചുകൊൾവാനുള്ള സ്വാതന്ത്ര്യം നാം അനുവദിച്ചു കൊടുക്കണം (റോമർ. 14:5).

എല്ലാ കാര്യങ്ങളിലും നമ്മോട് അഭിപ്രയ ഐക്യം ഉള്ളവരെ സ്നേഹിക്കുക എളുപ്പമാണ്. എങ്കിലും, നമ്മോട് വിയോജിക്കുന്നവരോടു നമുക്കുള്ള മനോഭാവം നോക്കിയാണ് നമ്മുടെ സ്നേഹം ശോധനചെയ്യപ്പെടുന്നത്. ഓരോ നിസ്സാരകാര്യത്തിൽപോലും തന്റെ എല്ലാ മക്കളും തുല്യാഭിപ്രായക്കാരായിരിക്കണമെന്നു ദൈവം ഉദ്ദേശിക്കുന്നില്ല. വചനേതരമായ കാര്യങ്ങളിൽ എല്ലാ പ്രാദേശിക സഭകൾക്കും ഒരേ സമ്പ്രദായം തന്നെയായിരിക്കണമെന്നും ദൈവം ഉദ്ദേശിക്കുന്നില്ല. നാനാത്വത്തിനിടയിലുള്ള ഒരു ഏകത്വത്തിലൂടെയാണ് ദൈവമഹത്വം പ്രകാശിക്കേണ്ടത്. ഐകരൂപ്യം മനുഷ്യനിർമ്മിതവും ആത്മീയമരണം ഉളവാക്കുന്നതുമാണ്. ഏകതാനതയല്ല, ഐക്യതയാണ് ദൈവം ആഗ്രഹിക്കുന്നത്.

അവസാനമായി ക്രിസ്തുശിഷ്യന്മാരുടെ ഏറ്റവും വ്യക്തമായ ലക്ഷണം അവർക്ക് അന്യോന്യമുള്ള സ്നേഹമാണെന്ന് നാമോർക്കണം (യോഹ. 13:25). അങ്ങനെ പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ നാമും ഒന്നായിരിക്കാൻ യത്നിക്കണം (യോഹ. 17:21).

ചുരുക്കിപ്പറഞ്ഞാൽ, ഇവയെല്ലാമാണ് നാം വിശ്വസിക്കുന്ന സത്യം. ഇവയെ പൂർണ്ണഹൃദയത്തോടെ സ്വീകരിച്ചിട്ടുള്ളവരെ ഈ സത്യം സ്വാതന്ത്ര്യത്തിലേക്കു നയിച്ചിട്ടുണ്ട്. അതിനാൽ ഇതു സത്യമാണെന്ന് നാം അറിയുന്നു (യോഹ. 8:32).

(അവസാനിച്ചു)

**മൊഴിമാറ്റം : ബോബി സണ്ണികുര്യൻ**





**അനുഭവങ്ങളിൽചാലിച്ചെഴുതിയ കീർത്തനങ്ങൾ**

# അടുക്കളജോലിക്കിടയിൽ വീട്ടമ്മ രചിച്ച ഗാനം

സുരേഷ്, ബാംഗ്ലൂർ

**യോഹന്നാൻ** 15: 4,5 വാക്യങ്ങളിലെ യേശുവിന്റെ പ്രബോധനവചനങ്ങളെ അനുസ്മരിപ്പിക്കുന്ന വരികളാണ് "I need thee every hour..." എന്ന ഇംഗ്ലീഷ് പാട്ടിലേത്.

"എന്നിൽ വസിപ്പീൻ. ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്ക്കുവാൻ കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നതുകൊണ്ട് അവൻ വളരെ ഫലം കായ്ക്കുന്നു. എന്നെ പിരിഞ്ഞു നിങ്ങൾക്ക് ഒന്നും ചെയ്വാൻ കഴികയില്ല."



*ഓരോ നാഴികയിലും അങ്ങയെ എനിക്കാവശ്യമുണ്ട്: ആനിഷെർവുഡ്ഹോക്സ്*

കഷ്ടനഷ്ടശോധനകളിലൂടെ കടന്നുപോകുന്ന വിശ്വാസികളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള ഗാനങ്ങൾ നാം കേട്ടിട്ടുണ്ട്. എന്നാൽ "I need thee .."എന്ന ആംഗലേയ കീർത്തനം പാസ്റ്ററുടെ വാക്കുകളാൽ ലഭിച്ച ഉത്തേജനത്താലും ദൈവം നൽകിയ ഉണർത്തലുകളാലും ഒരു വീട്ടമ്മ എഴുതിയതാണ്. തന്റെ സ്വന്തം ജീവിതത്തിൽ സമാനമായ സാഹചര്യങ്ങളില്ലാതിരുന്ന ഒരു വേളയിൽ.

ആനി ഷെർവുഡ് ഹോക്സ് ആണ് പ്രസ്തുത എഴുത്തുകാരി. 1835 ൽ ജനിച്ച അവർ നന്നേ ചെറുപ്പത്തിൽത്തന്നെ കവിതകളെഴുതിയിരുന്നു. 14–ാം വയസ്സു മുതൽ തന്നെ പത്രങ്ങളിൽ ചിലതു പ്രസിദ്ധീകരിച്ചു. 24–ാം വയസ്സിൽ അവർ വിവാഹിതയായി. ഷെർവുഡ് ഹോക്സുമായുള്ള വിവാഹത്തോടെ ജീവിതചര്യയിൽ പല മാറ്റങ്ങളും ഉണ്ടായി. അതോടൊപ്പം താമസം ന്യൂയോർക്കിലെ ബ്രൂക്ക്ലിനിലേക്കു മാറ്റപ്പെട്ടു. തുടർന്ന് ആനിയും ഷെർവുഡും അവിടെയുള്ള ഒരു സഭയിൽ ചേർന്നു. അവിടുത്തെ പാസ്റ്റർ അറിയപ്പെടുന്ന ഒരു ഗാനരചയിതാവും സംഗീതസംവിധായകനുമായിരുന്ന ഡോക്ടർ റോബർട്ട് എസ്. ലോറിയായിരുന്നു.

ഡോ. ലോറി സംഗീതത്തിൽ പ്രത്യേക അഭ്യസനങ്ങളൊന്നും ലഭിച്ചിട്ടുള്ള ആളാ

*"എന്തുകൊണ്ട് ആ ഗാനം ദുഃഖസാന്ദ്രമായ ഹൃദയങ്ങളെ ഇത്രമാത്രം സ്പർശിക്കുന്നു എന്ന് എനിക്കു മനസ്സിലായിരുന്നില്ല. എന്നാൽ ഇന്ന് വലിയ ഒരു നഷ്ടബോധത്തിന്റെ മുമ്പിൽ അന്നു സമാധാനത്തിലും പ്രശാന്തിയിലും ഞാൻ കുത്തിക്കുറിച്ച ആ വാക്കുകൾ സൃഷ്ടിക്കുന്ന സമാധാനം മറ്റുള്ളവർക്ക് എത്ര വലിയ ആശ്വാസവും പ്രശാന്തിയും ഇക്കാലമത്രയും നൽകി എന്നു ഞാൻ മനസ്സിലാക്കുന്നു".*

യിരുന്നില്ല. സ്വയമായി സംഗീതം പഠിക്കുകയും പാട്ടുകൾക്ക് ഈണവും താളവും ചിട്ടപ്പെടുത്തുവാൻ എളിയ ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു. അങ്ങനെയാണ് "Nothing but the blood of Jesus..." "Christ Arose.." തുടങ്ങിയ പല ഗാനങ്ങളും ഉണ്ടായത്. അതോടൊപ്പം "All the way my saviour leads me" "Saviour, thy dying love" "We are marching to Zion" മുതലായ ഗീതങ്ങൾക്കു സംഗീതവും ലഭിച്ചു.

ഒരു പാസ്റ്ററെന്ന നിലയിൽ തന്റെ സഭയിൽ വരുന്ന പുതിയ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചിരുന്ന ഡോ. ലോറി, ആനിയിലും ഒരു പ്രതിഭയെ കണ്ടെത്തി. "നിങ്ങൾ വരികളെഴുതിത്തന്നാൽ ഞാൻ സംഗീതം നൽകാം." അദ്ദേഹം വാഗ്ദാനം ചെയ്തു.

എന്നാൽ ചില വർഷങ്ങൾക്കു ശേഷമാണ് അതിനുള്ള സാഹചര്യം ഉണ്ടായത്. അത് 1872 ലായിരുന്നു. അതെക്കുറിച്ച് അവർ പറയുന്നതിങ്ങനെ:

"37 വയസ്സ് പ്രായമുള്ള ഒരു വീട്ടമ്മയായിരുന്നു ഞാൻ. ജൂൺ മാസത്തിലെ ഒരു തെളിവുള്ള പ്രഭാതത്തിൽ ഞാൻ എന്റെ ദൈനംദിന വീട്ടുജോലികൾ തീർക്കുന്ന തിരക്കിലായിരുന്നു. പെട്ടെന്നു കർത്താവിന്റെ സാന്നിദ്ധ്യബോധത്താൽ ഞാൻ നിറഞ്ഞു. അവിടുത്തെ കൂടാതെ എങ്ങനെയാണ് ഒരാൾക്കു സന്തോഷത്തിലായാലും വേദനയിലായാലും ജീവിക്കാൻ കഴിയുക എന്നു ഞാൻ ആശ്ചര്യപ്പെട്ടു. പെട്ടെന്ന് എന്നിലേക്കു വാക്കുകൾ കടന്നുവന്നു. ഈ ചിന്തകൾ എന്നിൽ നിറഞ്ഞു. " I need thee every hour..." ജാലകത്തിനടുത്തേക്ക് കസേര വലിച്ചിട്ട് ഞാനാ വരികൾ കടലാസിലേക്കു പകർത്തി." (ഇന്നു നാം വായിക്കുന്ന ഏകദേശം അതേ രൂപത്തിൽതന്നെ.)

I need thee every hour, most gracious Lord;
No tender voice like thine can peace afford.
I need thee every hour, stay thou near by;
Temptations lose their power when thou art nigh.
I need thee every hour,in joy or pain;
Come quickly end abide,or life in pain
I need thee every hour,teach me thy will;
And thy rich promises in me fulfill.
I need thee every hour, Most holy one;
O make me thine indeed, Thou blessed son.

തിരുസന്നിദ്ധ്യമേകയെന്നും
കരുണാ സ്വരൂപാ കർത്താവേ
ശാന്തി നൽകാനാകായെനിക്കു
തിരുസ്വരമെന്യേയൊന്നിനും
തിരുസാന്നിദ്ധ്യമേകയെന്നും
പാർക്കെൻകൂടെയെപ്പോഴും
പരീക്ഷകൾ ശക്തിയെ ചോർത്തിടും
നൽസാന്നിദ്ധ്യമേകയെപ്പോഴും
തിരുസാന്നിദ്ധ്യമേകയെന്നും
എൻസന്തോഷസന്താപങ്ങളിൽ
വേഗം വന്നാവസിക്കയെന്നിൽ
കാലം പാഴായ്പ്പോകായിടാൻ
തിരുസാന്നിദ്ധ്യമേകയെന്നും
നിൻഹിതം പഠിപ്പിക്ക
നിറവേകയെൻ ജീവനിൽ
ധന്യമാം തിരുവാഗ്ദാനങ്ങളാൽ





തിരുസാന്നിദ്ധ്യമേകയെന്നും
അത്യുന്നതപരനെ, പരിശുദ്ധാ.
സ്വന്തമാക്കെന്നെ പുത്രാ! ധന്യാ!
നിൻസ്വർഗ്ഗീയജീവനാൽ. (സ്വതന്ത്രപരിഭാഷ)

വാക്കുകൾ വേഗത്തിലും അനായാസവുമായാണ് ഒഴുകിവന്നത്. ഈ വരികൾ ആനി, ഡോ.ലോറിയെ കാണിച്ചപ്പോൾ അദ്ദേഹത്തിന് വലിയ മതിപ്പുളവായി. അതു മികച്ച കവിതയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എങ്കിലും ഒരു കീർത്തനം പൂർണ്ണമാകണമെങ്കിൽ അതിൽ ആവർത്തിച്ചു പാടുന്ന ഒരു പല്ലവി ആവശ്യമാണെന്ന അഭിപ്രായക്കാരനായിരുന്നു ഡോ.ലോറി. എല്ലാവർക്കും ചേർന്നു പാടുവാൻ ഒരു അവസരവും അതു നൽകും. അതുകൊണ്ട് അദ്ദേഹം മുമ്പ് വാഗ്ദാനം ചെയ്തതുപോലെ അതിനു സംഗീതം നൽകി;കൂടാതെ ഒരു പല്ലവിയും എഴുതിച്ചേർത്തു:

I need thee, O I need thee, Every hour I need thee
O bless me now my saviour, I come to thee

തിരുസാന്നിദ്ധ്യമേകയെന്നും, നൽക നാഥാ, മാത്രതോറും
വരുന്നിതാ രക്ഷകാ കനിഞ്ഞനുഗ്രഹിക്ക (സ്വതന്ത്രപരിഭാഷ)

ആ വർഷാന്ത്യത്തിൽത്തന്നെ ഈ ഗാനം ആലപിക്കയും വളരെ പെട്ടെന്നു തന്നെ ഡി.എൽ.മൂഡിയും ഇറാ സാങ്കിയും ചേർന്നു നടത്തിയിരുന്ന പ്രശസ്തസുവിശേഷകസംഘം അതിനെ പാടി പ്രചാരത്തിലാക്കുകയും ചെയ്തു.

"ആ ഗാനം എഴുതുമ്പോൾ അത് എന്റെ അനുഭവങ്ങളിൽ നിന്നായിരുന്നില്ല മറിച്ച് പ്രാവചനികമായ ഒരു നിയോഗത്തിൽ നിന്നായിരുന്നുഅതു പൊട്ടിപ്പുറപ്പെട്ടത്. സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ചിറകുകളിലേറിയായിരുന്നു ലോകത്തിലേക്കു അതിന്റെ ആദ്യപ്രചാരണം. എന്നാൽ പിന്നീട് കടുത്ത വ്യഥകളുടെയും ക്ലേശങ്ങളുടേയും സന്ദർഭങ്ങളിൽ പാടുന്ന ആശ്വാസഗാനമായി അതു തീർന്നു". ആനി ഹോക്സ് പിന്നീട് ആ ഗാനത്തെക്കുറിച്ച് അങ്ങനെ എഴുതി.

എന്നാൽ 16 വർഷങ്ങൾക്കു ശേഷം ഭർത്താവു നിത്യതയിലേക്കു ചേർക്കപ്പെട്ട ആ വിരഹദുഃഖത്തിൽ ഈ ഗാനത്തിനു നൽകാൻ കഴിയുന്ന സാന്ത്വനമെന്തെന്ന് അവർ അനുഭവിച്ചറിഞ്ഞു. അതിനു ശേഷം അവർ ഇങ്ങനെ എഴുതി:

"എന്തുകൊണ്ട് ആ ഗാനം ദുഃഖസാന്ദ്രമായ ഹൃദയങ്ങളെ ഇത്രമാത്രം സ്പർശിക്കുന്നു എന്ന് എനിക്കു മനസ്സിലായിരുന്നില്ല. എന്നാൽ ഇന്ന് വലിയ ഒരു നഷ്ടബോധത്തിന്റെ മുമ്പിൽ അന്നു സമാധാനത്തിലും പ്രശാന്തിയിലും ഞാൻ കുത്തിക്കുറിച്ച ആ വാക്കുകൾ സൃഷ്ടിക്കുന്ന സമാധാനം മറ്റുള്ളവർക്ക് എത്ര വലിയ ആശ്വാസവും പ്രശാന്തിയും ഇക്കാലമത്രയും നൽകി എന്നു ഞാൻ മനസ്സിലാക്കുന്നു".

തന്റെ പാസ്റ്റർ നൽകിയ പ്രേരണയിൽ നിന്നു താൻതന്നെ എഴുതിയ വരികൾ പാടുന്നതിലൂടെ കർത്താവു നൽകുന്ന ആശ്വാസത്തിന്റെ ശക്തി അവർക്കു സ്വയം അനുഭവിക്കുവാൻ കഴിഞ്ഞു. പിൽക്കാലത്ത് ആനി തന്റെ ശൈശവം കഴിച്ചുകൂട്ടിയ ഭവനത്തിലേക്കു മടങ്ങിപ്പോരുകയും മക്കളോടുകൂടെ അവിടെ 1918 ൽ 83-ാം വയസ്സിൽ നിത്യതയിലേക്കു ചേർക്കപ്പെടുംവരെ താമസിക്കയും ചെയ്തു.

നമുക്കും ആനിയെപ്പോലെ നമ്മുടെ തിരക്കുള്ള വേളകൾക്കിടയിൽ 'എനിക്ക് കർത്താവിനെ എത്രയധികം ആവശ്യമായിരിക്കുന്നു' എന്ന് ഓർക്കുകയും ധ്യാനിക്കയും ചെയ്യാം.അതു നമുക്ക് ആശ്വാസം നൽകുകയും മറ്റുള്ളവർക്കും അത് ആശ്വാസമാകുന്ന നിലയിലേക്കു നമ്മുടെ ജീവിതത്തെ വ്യത്യാസപ്പെടുത്തുകയും ചെയ്യുമാറാകട്ടെ!

**മൊഴിമാറ്റം: ബോബി ചെറിയാൻ**

ചിന്തയ്ക്ക്

# ശിഷ്യത്വത്തിന്റെ ഇടുങ്ങിയ പാത

"**ആ**കയാൽ നിങ്ങൾ പുറപ്പെട്ട്.....സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ" എന്ന് യേശു തന്റെ ശിഷ്യന്മാരോടു കല്പിച്ചപ്പോൾ അവിടുന്ന് എന്താണുദ്ദേശിച്ചതെന്നതിനെപ്പറ്റി അവർക്കു യാതൊരു സംശയവുമുണ്ടായിരുന്നില്ല (മത്തായി 28: 19). കാരണം, തന്റെ ഒരു ശിഷ്യനാകുക എന്നതിന്റെ അർത്ഥമെന്താണെന്ന് അവിടുന്നു നേരത്തെതന്നെ അവർക്കു വിശദമാക്കിക്കൊടുത്തിരുന്നു.

ശിഷ്യത്വത്തിന്റെ മൂന്നു വ്യവസ്ഥകൾ ഏറ്റവും വ്യക്തമായി വെളിപ്പെടുത്തുന്ന വേദഭാഗമാണ് ലൂക്കോസ് 14 ൽ 25 മുതൽ 35 വരെയുള്ള വാക്യങ്ങൾ. അവിടെ ഒരു ഗോപുരം പണിയുവാൻ അടിസ്ഥാനമിട്ട ശേഷം അതിന്റെ പണിക്കാവശ്യമായ പണം കൊടുപ്പാൻ കഴിവില്ലാത്തതിനാൽ അതു പൂർത്തിയാക്കുവാൻ കഴിയാതെ പോയ ഒരു മനുഷ്യന്റെ ദൃഷ്ടാന്തം കർത്താവു പറയുന്നുണ്ട് : (വാക്യം 28 -30) ഒരു ശിഷ്യനാകുക എന്നതു വളരെ വിലകൊടുക്കേണ്ട ഒരു കാര്യമാണെന്ന് ആ ഭാഗം തെളിയിക്കുന്നു. അതിനാൽ പണിയുവാനാരംഭിക്കുന്നതിനു മുമ്പ് ആദ്യമേതന്നെ ഇരുന്നു വില തിട്ടപ്പെടുത്തി നോക്കുവാൻ യേശു നമ്മോടാവശ്യപ്പെടുകയാണ്.

ശിഷ്യത്വം വാസ്തവത്തിൽ എന്താണെന്നു ഗ്രഹിക്കുവാൻ നാം നമുക്കു പാപക്ഷമ ലഭിച്ചതിനുശേഷം അനേക വർഷം കാത്തിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നില്ല. ആളുകൾ തന്റെ അടുക്കൽ വന്ന ഉടൻതന്നെ ശിഷ്യത്വത്തിനു കൊടുക്കേണ്ട വിലയെപ്പറ്റി യേശു അവരോടു പറയുകയാണു ചെയ്തിട്ടുള്ളത്.

ശിഷ്യനാകുവാൻ മനസ്സില്ലാത്ത ഒരു വിശ്വാസി, കാരം അഥവാ ഉപ്പ് രസം നഷ്ടപ്പെട്ടുപോയ ഉപ്പുപോലെ ദൈവത്തിനു പ്രയോജനമില്ലാത്തവനെന്ന്--ഒന്നിനും കൊള്ളരുതാത്തവനാണെന്ന് -- കർത്താവു വ്യക്തമാക്കിയിട്ടുണ്ട് (ലൂക്കോസ് 14:35).

### സ്വജനങ്ങളെ വെറുക്കുക

ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നമ്മുടെ സ്വജനങ്ങളോടു നമുക്കു സ്വാഭാവികമായിട്ടുള്ള അതിരുകടന്ന സ്നേഹം വിച്ഛേദിക്കുക എന്നതാണ്. യേശു പറഞ്ഞു: "എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സ്വന്ത ജീവനെയും കൂടെ പകെക്കാതിരിക്കയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല" (ലൂക്കോസ് 14:26).

ഇവ കടുപ്പമുള്ള വാക്കുകളാണ്. പകയ്ക്കുക എന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? പകയ്ക്കുക എന്നത് കൊല്ലുക തന്നെയാണെന്നു തിരുവചനം പറയുന്നു (1 യോഹ. 3:15). ഇവിടെ നാം മരിപ്പിക്കണം എന്നു കർത്താവാവശ്യപ്പെടുന്നത് നമ്മുടെ സ്വജനങ്ങളോടു നമുക്കുള്ള സ്വാഭാവികമായ മമതാബന്ധമാണ്.





നാം അവരെ സ്നേഹിക്കേണ്ടതില്ല എന്നാണോ ഇതിന്റെ അർത്ഥം? അല്ല. തീർച്ചയായും അല്ല. നാം അവരോടുള്ള നമ്മുടെ മാനുഷികമായ മമതാബന്ധം ഉപേക്ഷിക്കുമ്പോൾ ദൈവം അതിന്റെ സ്ഥാനത്തു ദിവ്യസ്നേഹം നമുക്കു നൽകും. അപ്പോൾ സ്വജനങ്ങളോടു നമുക്കുള്ള സ്നേഹം സംശുദ്ധമായിത്തീരും. അതിന്റെ അർത്ഥം ഇതാണ്: എല്ലാ സമയത്തും നമ്മുടെ ചിന്തകളിൽ ഒന്നാം സ്ഥാനം നമ്മുടെ സ്വജനങ്ങൾക്കല്ല, ദൈവത്തിനുതന്നെ ആയിത്തീരും.

തങ്ങളുടെ മാതാപിതാക്കൾക്കോ ഭാര്യയ്ക്കോ മറ്റു പ്രിയപ്പെട്ടവർക്കോ ഇടർച്ചയുണ്ടാക്കുവാൻ ഭയപ്പെടുന്നതു മൂലം ഒട്ടനവധി ആളുകൾ ദൈവത്തെ അനുസരിക്കാതിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ തനിക്ക് ഒന്നാം സ്ഥാനം ലഭിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. ആ സ്ഥാനം അവിടുത്തേയ്ക്കു നാം നൽകുന്നില്ലെങ്കിൽ നമുക്ക് അവിടുത്തെ ശിഷ്യന്മാരാകുവാൻ ഒരിക്കലും സാദ്ധ്യമല്ല.

യേശുവിന്റെ തന്നെ ദൃഷ്ടാന്തം നോക്കുക: അവിടുന്ന് വിധവയായ തന്റെ മാതാവിനുവേണ്ടി തന്റെ ജീവിതാന്ത്യം വരെയും കരുതിയിരുന്നുവെങ്കിലും ചെറിയ കാര്യങ്ങളിൽപ്പോലും തന്റെ പിതാവിന്റെ ഹിതം നിറവേറ്റുന്നതിൽ തന്നെ സ്വാധീനിക്കുവാൻ ഒരിക്കലും അവരെ അനുവദിച്ചിരുന്നില്ല. കാനാവിലെ കല്യാണാവസരത്തിൽ തന്റെ മാതാവിന്റെ പ്രേരണപ്രകാരം പ്രവർത്തിക്കുവാൻ യേശു വിസമ്മതിക്കുന്നത് ഇതിനൊരു ദൃഷ്ടാന്തമാണ് (യോഹ. 2;4).

നമ്മുടെ സഹോദരന്മാരെ വെറുക്കേണ്ടതെങ്ങനെയെന്നും യേശു നമ്മെ പഠിപ്പിച്ചു. ക്രൂശുമരണം വരിക്കുന്നതിൽനിന്നു തന്നെ തടയുവാൻ പത്രോസ് ശ്രമിച്ചപ്പോൾ കർത്താവു തിരിഞ്ഞ് പത്രോസിനെ ശാസിച്ചു. ആ ശാസനാവാക്കുകൾ കർത്താവ് ഉദ്ധരിച്ചിട്ടുള്ളവയിൽവച്ച് ഏറ്റവും മൂർച്ചയേറിയ ചില വാക്കുകളായിരുന്നു. അവിടുന്നു പറഞ്ഞു: "സാത്താനേ, എന്നെ വിട്ടുപോ; നീ എനിക്ക് ഇടർച്ചയാകുന്നു" (മത്തായി 16:23). വളരെ മാനുഷിക സ്നേഹത്തോടുകൂടിയാണ് പത്രോസ് തന്റെ അഭിപ്രായം കർത്താവിനെ അറിയിച്ചത്. എന്നാൽ തന്റെ അഭിപ്രായം തന്റെ പിതാവിന്റെ ഹിതത്തിനു വിരുദ്ധമായിരുന്നതിനാൽ കർത്താവ് അവനെ ശാസിക്കുകയാണുണ്ടായത്.

> ***പകയ്ക്കുക എന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? പകയ്ക്കുക എന്നത് കൊല്ലുക തന്നെയാണെന്നു തിരുവചനം പറയുന്നു . ഇവിടെ നാം മരിപ്പിക്കണം എന്നു കർത്താവാവശ്യപ്പെടുന്നത് നമ്മുടെ സ്വജനങ്ങളോടു നമുക്കുള്ള സ്വാഭാവികമായ മമതാബന്ധമാണ്. നാം അവരെ സ്നേഹിക്കേണ്ടതില്ല എന്നാണോ ഇതിന്റെ അർത്ഥം? അല്ല. തീർച്ചയായും അല്ല. നാം അവരോടുള്ള നമ്മുടെ മാനുഷികമായ മമതാബന്ധം ഉപേക്ഷിക്കുമ്പോൾ ദൈവം അതിന്റെ സ്ഥാനത്തു ദിവ്യസ്നേഹം നമുക്കു നൽകും.***

യേശുവിന് ഏറ്റവുമധികം മമതാബന്ധം ഉണ്ടായിരുന്നത് തന്റെ സ്വർഗ്ഗസ്ഥപിതാവിനോടായിരുന്നു. നമുക്കും അതേ മനോഭാവം തന്നെ ഉണ്ടായിരിക്കണമെന്ന് അവിടുന്നു പ്രതീക്ഷിക്കുന്നു. തന്റെ ഉയിർത്തെഴുന്നേല്പിനുശേഷം ഭൗമികമായ സകലത്തിനും മീതേ തന്നെ അവൻ സ്നേഹിക്കുന്നുണ്ടോ എന്ന് കർത്താവ്

*ഒരു ശിഷ്യൻ നാൾതോറും തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുക്കണമെന്ന് അവിടുന്ന് അരുളിച്ചെയ്തു. നാൾതോറും ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനെക്കാൾ പ്രാധാനമായി നാം ചെയ്യേണ്ട കാര്യം നാൾതോറും നമ്മെത്തന്നെ ത്യജിച്ച് നമ്മുടെ ക്രൂശെടുത്തുകൊണ്ട് കർത്താവിനെ പിൻതുടരുക എന്നതാണ്. തന്നെത്താൻ ത്യജിക്കുക എന്നത് സ്വന്തജീവനെ, അതായത് ആദമിൽ നിന്നു നാം അവകാശമാക്കിയിട്ടുള്ള ജീവനെ, പകയ്ക്കുക എന്നതു തന്നെയാണ്.*

പത്രോസിനോടു ചോദിച്ചു (യോഹ. 21;15 –17). കർത്താവിനെ സർവ്വോന്നതമായി സ്നേഹിക്കുന്നവർക്കു മാത്രമേ സഭയിൽ എന്തെങ്കിലും ചുമതല നൽകുവാൻ അവിടുത്തേക്കു സാദ്ധ്യമാകൂ.

എഫേസോസിലെ സഭയുടെ നേതാവിനു കർത്താവിനോടുള്ള അവന്റെ ആദ്യസ്നേഹം നഷ്ടമാകുകമൂലം അവൻ കർത്താവിനാൽ പരിത്യജിക്കപ്പെടുവാൻ സാദ്ധ്യതയുള്ള ആപൽക്കരമായ ഒരു അവസ്ഥയിൽ എത്തിച്ചേർന്നു (വെളി. 2:1–5).

സങ്കീർത്തനക്കാരനെപ്പോലെ -- ''കർത്താവേ, സ്വർഗ്ഗത്തിൽ എനിക്ക് ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല" എന്നു പറയുവാൻ നമുക്കു സാധിക്കുമെങ്കിൽ, അപ്പോൾ ശിഷ്യത്വത്തിന്റെ ഒന്നാമത്തെ വ്യവസ്ഥ നാം നിറവേറ്റിയിരിക്കുന്നു (സങ്കീ. 73:25).

നമ്മിൽനിന്ന് യേശു ആവശ്യപ്പെടുന്ന സ്നേഹം അവിടുത്തെ സംബോധന ചെയ്തുകൊണ്ട് വികാരതീവ്രതയുള്ള ഭക്തിഗാനങ്ങൾ ആലപിക്കുവാൻ പ്രേരിപ്പിക്കുന്ന വൈകാരികവും ഭാവതരളവുമായ സ്നേഹമല്ല. നേരേമറിച്ച് നാം കർത്താവിനെ സ്നേഹിക്കുന്നവരെങ്കിൽ, അപ്പോൾ അവിടുത്തെ കല്പനകൾ നാം അനുസരിക്കും (യോഹ. 14:21).

**സ്വജീവനെ വെറുക്കുക**

ശിഷ്യത്വത്തിന്റെ രണ്ടാമത്തെ വ്യവസ്ഥ നമ്മുടെ സ്വന്തജീവനെ നാം വെറുക്കണം എന്നതാണ്, യേശു പറഞ്ഞു: "എന്റെ അടുക്കൽ വരികയും സ്വന്തജീവനെ പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല" (ലൂക്കോസ് 14:26). ഇതിനെ കൂടുതൽ വിശദമാക്കിക്കൊണ്ട് അവിടുന്നു വീണ്ടും പറഞ്ഞു: "തന്റെ ക്രൂശെടുത്തുകൊണ്ട് എന്റെ പിന്നാലെ വരാത്തവനും എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല" (ലൂക്കോസ് 14:27).

യേശുവിന്റെ ഉപദേശങ്ങളിൽ ആളുകൾ ഏറ്റവും കുറവായി മാത്രം ഗ്രഹിച്ചിട്ടുള്ള വസ്തുതയാണിത്.

ഒരു ശിഷ്യൻ നാൾതോറും തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുക്കണമെന്ന് അവിടുന്ന് അരുളിച്ചെയ്തു (ലൂക്കോസ് 9:23). നാൾതോറും ബൈബിൾ വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതിനെക്കാൾ പ്രാധാനമായി നാം ചെയ്യേണ്ട കാര്യം നാൾതോറും നമ്മെത്തന്നെ ത്യജിച്ച് നമ്മുടെ ക്രൂശെടുത്തുകൊണ്ട് കർത്താവിനെ പിൻതുടരുക എന്നതാണ്. തന്നെത്താൻ ത്യജിക്കുക എന്നത് സ്വന്തജീവനെ, അതായത് ആദമിൽ നിന്നു നാം അവകാശമാക്കിയിട്ടുള്ള ജീവനെ, പകയ്ക്കുക എന്നതു തന്നെയാണ്. ക്രൂശെടുക്കുക എന്നു വച്ചാൽ ആ സ്വന്തജീവനെ മരിപ്പിക്കുകയാണ്. ആ ജീവനെ കൊല്ലുന്നതിനു മുമ്പ് അതിനെ നാം വെറുക്കേണ്ടത് ആവശ്യമത്രേ.

ക്രിസ്തുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുന്നതിന് പ്രധാന ശത്രുവായിരിക്കുന്നത് നമ്മുടെ സ്വന്തജീവൻ ആണ്. ഈ ജീവനെ ബൈബിൾ 'ജഡം' എന്ന പേരിൽ വിളിക്കുന്നു. നമ്മുടെ സ്വന്തലാഭം, സ്വന്തമാനം, സ്വന്തസുഖം തുടങ്ങിയവയെല്ലാം അന്വേഷിക്കുവാനായി നമ്മെ പ്രലോഭിപ്പിക്കുന്നവനായി നമ്മുടെ ഉള്ളിലുള്ള എല്ലാവിധ ദുർമ്മോഹങ്ങളുടെയും കലവറയാണു ജഡം.

*ക്രിസ്തുവിന്റെ ജീവൻ നമ്മിൽ വെളിപ്പെടുന്നതിന് പ്രധാന ശത്രുവായിരിക്കുന്നത് നമ്മുടെ സ്വന്തജീവൻ ആണ്. നമ്മുടെ സ്വന്തലാഭം, സ്വന്തമാനം, സ്വന്തസുഖം തുടങ്ങിയവയെല്ലാം അന്വേഷിക്കുവാനായി നമ്മെ പ്രലോഭിപ്പിക്കുന്നവനായി നമ്മുടെ ഉള്ളിലുള്ള എല്ലാവിധ ദുർമ്മോഹങ്ങളുടെയും കലവറയാണു ജഡം. നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾ പോലും നമ്മുടെ ദുർമ്മോഹങ്ങളിൽ നിന്നുത്ഭവിക്കുന്ന ദുഷ്പ്രേരണകളാൽ ദൂഷിതമാണ്. ഈ ജഡത്തെ നാം വെറുക്കുന്നില്ലെങ്കിൽ നമുക്കൊരിക്കലും കർത്താവിനെ അനുഗമിക്കാൻ സാദ്ധ്യമല്ല.*

നമ്മുടെ ഏറ്റവും നല്ല പ്രവൃത്തികൾ പോലും നമ്മുടെ ദുർമ്മോഹങ്ങളിൽ നിന്നുത്ഭവിക്കുന്ന ദുഷ്പ്രേരണകളാൽ ദൂഷിതമാണെന്നു നാം സത്യസന്ധരെങ്കിൽ നമുക്കു സമ്മതിക്കേണ്ടിവരും. ഈ ജഡത്തെ നാം വെറുക്കുന്നില്ലെങ്കിൽ നമുക്കൊരിക്കലും കർത്താവിനെ അനുഗമിക്കാൻ സാദ്ധ്യമല്ല.

ഈ കാരണത്താലാണ് സ്വന്തജീവനെ വെറുക്കുന്നതിനെപ്പറ്റി (അഥവാ നഷ്ടപ്പെടുത്തുന്നതിനെപ്പറ്റി) കർത്താവ് ഇത്രയധികം പ്രസ്താവിക്കുവാനിടയായിട്ടുള്ളത്.

യഥർത്ഥത്തിൽ ആറു പ്രാവശ്യം ഈ പദപ്രയോഗം സുവിശേഷങ്ങളിൽ ആവർത്തിച്ചിട്ടുണ്ട്. (മത്തായി 10:39; 16:25; മർക്കോസ് 8:35; ലൂക്കോസ് 9:24; 14:26; യോഹ. 12:25). സുവിശേഷങ്ങളിൽ കാണുന്ന കർത്താവിന്റെ പ്രസ്താവനകളിൽ ഏറ്റവുമധികം കൂടെക്കൂടെ ആവർത്തിച്ചിട്ടുള്ള ഒന്നാണിത്. എന്നിട്ടും ഏറ്റവും കുറവായി പ്രസംഗിക്കപ്പെടുകയും ഏറ്റവും കുറച്ചു ഗ്രഹിക്കപ്പെടുകയും ചെയ്തിട്ടുള്ളതും ഇതുതന്നെ.

നിങ്ങളുടെ സ്വന്തജീവനെ വെറുക്കുക എന്നുവച്ചാൽ നിങ്ങളുടെ സ്വന്തമായ അവകാശങ്ങളെയും പദവികളെയും അന്വേഷിക്കുന്നത് നിറുത്തുകയാണ്. സ്വന്തം പ്രശസ്തി അന്വേഷിക്കുന്നതു വെടിയുക; നിങ്ങളുടെ ഉൽകർഷേച്ഛകളും താൽപര്യങ്ങളും കൈവിടുക; സ്വന്തവഴി പിന്തുടരുന്നതു നിറുത്തുക എന്നിവയെല്ലാമാണ് അതിൽ ഉൾക്കൊണ്ടിരിക്കുന്നത്. ഈ വഴിയിൽക്കൂടി പോകുവാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ മാത്രമേ യേശുവിന്റെ ഒരു ശിഷ്യനായിത്തീരുവാൻ നിങ്ങൾക്കു കഴിയുകയുള്ളു.

**നമ്മുടെ എല്ലാ വസ്തുവകകളും ഉപേക്ഷിക്കുക**

ശിഷ്യത്വത്തിന്റെ മൂന്നാമത്തെ വ്യവസ്ഥ നമ്മുടെ എല്ലാ വസ്തുവകകളും ഉപേക്ഷിക്കുകയാണ്. യേശു അരുളിച്ചെയ്തു: 'ഒരുവൻ തനിക്കുള്ളതൊക്കെയും വിട്ടുപിരിയുന്നില്ലെങ്കിൽ അവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല'(ലൂക്കോസ് 14:33).

നമ്മുടെ വസ്തുവകകൾ എന്നുവച്ചാൽ സ്വന്തമെന്ന നിലയിൽ നമുക്കുള്ള സകലവുമാണ്. അവയെല്ലാം ഉപേക്ഷിക്കുക എന്നുവച്ചാൽ മേലാൽ അവയിലൊന്നും നമ്മുടെ സ്വന്തമെന്നു പരിഗണിക്കാതിരിക്കുക തന്നെയാണ്.

അബ്രഹാമിന്റെ ജീവിതത്തിൽ ഇതിന് ഒരു ദൃഷ്ടാന്തം നാം കാണുന്നു. യിസ്ഹാക്ക് അബ്രഹാമിന്റെ സ്വന്തപുത്രൻ അഥവാ അദ്ദേഹത്തിന്റെ സമ്പത്ത് ആയിരുന്നു. ഒരു ദിവസം യിസ്ഹാക്കിനെ

*ശേഷം പേജ് 33 ൽ*

തിരുവെഴുത്തുകളെ പരിശോധിക്കുക



# ബൈബിളിലൂടെ...

## യോഹന്നാന്റെ സുവിശേഷം

### അധ്യായം 20

യോഹന്നാന്റെ സുവിശേഷം 20-ാം അധ്യായത്തിന്റെ 11-ാം വാക്യം ശ്രദ്ധിക്കുക. യേശുവിന്റെ കല്ലറയ്ക്കു പുറത്തു മഗ്ദലനമറിയം കാത്തിരിക്കുന്നതു നാം കാണുന്നു. പുനരുത്ഥാനം ചെയ്ത യേശുവിനെ, പുതിയ സൃഷ്ടിയുടെ ആരംഭത്തെ, കാണുവാനുള്ള ഭാഗ്യം ആദ്യം ലഭിച്ചത് അവൾക്കാണ്. മഗ്ദലനമറിയം ഭൂതം ബാധിച്ച ഒരു പാപിനിയായിരുന്നു. ഇതിന്നായി അവൾ തിരഞ്ഞെടുക്കപ്പെട്ടതിന്റെ അർത്ഥം ക്രിസ്തുയേശു പാപികളെ രക്ഷിക്കാൻ ലോകത്തിൽ വന്നു എന്നതാണ്. പുരുഷന്മാർ മാത്രം മാനിക്കപ്പെടുന്ന ഒരു ലോകത്തിൽ ദൈവം ബഹുമാന്യയാക്കാനായി ഒരു സ്ത്രീയെ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവനാമത്തിനു മഹത്വം!

പുനരുത്ഥാനം ചെയ്ത യേശുവിനെ അവിടുത്തെ ശരീരത്തിൽ ഒന്നു കാണുവാൻ നമ്മിൽ പലരും ആഗ്രഹിക്കുന്നു. "നീ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ" (20:29) ഇത് എന്തുകൊണ്ടാണ് അങ്ങനെയെന്ന് എനിക്കറിഞ്ഞുകൂടാ. ഞാൻ യേശുവിന്റെ വാക്കുകളെ വിശ്വസിക്കുന്നു. ഞാൻ തോമസിനെയും അപ്പൊസ്തലന്മാരെയുംകാൾ ഭാഗ്യവനായിത്തീർന്നിരിക്കുന്നു. കാരണം യേശുവിനെ ഒരിക്കലും കണ്ടിട്ടില്ലെങ്കിലും കാണാതെ വിശ്വസിക്കുവാൻ എനിക്കു കഴിഞ്ഞല്ലോ.



*നൂറടി താഴ്ചയുള്ള 'കോപം' എന്ന കുഴിയിൽ നിന്നു കർത്താവു വലിച്ചു കയറ്റിയത് ആയിരം അടി താഴ്ചയുള്ള 'ആത്മീയനിഗളം' എന്ന മറ്റൊരു കുഴിയിൽ നിപതിക്കാനാണെങ്കിൽ എന്തു പ്രയോജനമാണുള്ളത്?*





### അധ്യായം 21

യോഹന്നാൻ 21:3 "ഞാൻ മീൻപിടിക്കാൻ പോകുന്നു" എന്നു പറയുന്ന പത്രോസിനെ നാം കാണുന്നു. അപ്പൊസ്തലൻ എന്ന നിലയിൽ പരാജയമായ താൻ സ്ഥിരമായി പഴയ തൊഴിലിലേക്കു മടങ്ങിപ്പോകുവാൻ തീരുമാനിച്ചു. മറ്റു ചില അപ്പൊസ്തലന്മാരും തന്നോടൊപ്പം കൂടി. എന്നാൽ നിങ്ങൾ ഒരു അപ്പൊസ്തലൻ ആകുന്നതാണു ദൈവികപദ്ധതി എങ്കിൽ മറ്റേതു തൊഴിലിലും നിങ്ങൾ ഒരു പരാജയമായിത്തീരും. 11 മണിക്കൂർ മീൻ പിടിക്കാൻ അവർ ശ്രമിച്ചു. വൈകിട്ട് 6 മുതൽ വെളുപ്പിന് 5 വരെ. ഒന്നും പിടിച്ചില്ല. തുടർന്ന് യേശു അവരുടെ പടകുകളിൽ അത്ഭുതകരമായി മീൻ നിറയ്ക്കുന്നു. ഇതാണ് യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന അവസാനത്തെ അടയാളം. എന്താണിതിന്റെ പ്രാധാന്യം? കർത്താവു വന്നു നമ്മിൽ ഒരു പ്രവൃത്തി ചെയ്യുംമുമ്പെ നാം ശൂന്യതയുടെ തലത്തിൽ എത്തേണ്ടതുണ്ട്-നമ്മുടെ കഴിവിലും പരിചയത്തിലും എല്ലാറ്റിലും. അവിടെ എത്തുമ്പോൾ കർത്താവു നമ്മെ നിറയ്ക്കും ജയത്തിലേക്ക്- പാപത്തിന്മേലുള്ള ജയത്തിലേക്കു തന്നെ നടത്തും. അതിനു മുമ്പ് നാം പലവട്ടം പരാജയപ്പെടേണ്ടതുണ്ട്. യേശുവിനെകൂടാതെ എനിക്കൊന്നും കഴികയില്ല (യോഹ. 15:5) എന്ന ബോദ്ധ്യത്തിലെത്താൻ ഈ സുവിശേഷത്തിൽ വിവരിച്ചിരിക്കുന്ന എല്ലാ അടയാളങ്ങളിലൂടെയും തന്റെ ശിഷ്യന്മാരെ പഠിപ്പിക്കുവാനായി യേശു ആഗ്രഹിച്ച സുപ്രധാന പാഠം ഇതുതന്നെയായിരുന്നു. നാം ശൂന്യതയിലെത്തും മുമ്പേയാണു കർത്താവു നമുക്കും ജയം നൽകിയതെന്നു കരുതുക. അങ്ങനെയെങ്കിൽ നാം നമ്മുടെ ജയത്തിൽ അഹങ്കരിക്കുകയും നമ്മുടെ കഴിവുകൊണ്ടാണു നാം ജയം നേടിയതെന്ന നിലയിൽ പരാജിതരെ അവഗണനയോടെ കാണുകയും ചെയ്യും. നൂറടി താഴ്ചയുള്ള 'കോപം' എന്ന കുഴിയിൽ നിന്നു കർത്താവു വലിച്ചു കയറ്റിയത് ആയിരം അടി താഴ്ചയുള്ള 'ആത്മീയനിഗളം' എന്ന മറ്റൊരു കുഴിയിൽ നിപതിക്കാനാണെങ്കിൽ എന്തു പ്രയോജനമാണുള്ളത്? അതു ജയമല്ല. നാം നിഗളിക്കയോ പരാജിതരെ തുച്ഛീകരിക്കയോ ചെയ്യാതെവണ്ണമുള്ള ജയം നൽകുവാനാണ് കർത്താവു നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്. അതിനുവേണ്ടി കർത്താവു നമ്മെ നൂറോ ആയിരമോ തവണ വീഴാൻ അനുവദിക്കയും അതിലൂടെ നമ്മെ ജയജീവിതത്തിലേക്കു നയിച്ച് നമ്മുടെ പടകിൽ മത്സ്യം നിറയ്ക്കുകയും ചെയ്യും.

21:15-17 ൽ കർത്താവു പത്രോസിനെ തന്റെ ശുശ്രൂഷയ്ക്കായി പുനർനിയമിക്കുന്നതു നമുക്കു കാണാം. 153 വലിയ മീനുകളെ പിടിച്ചതിൽ പത്രോസ് ആശ്ചര്യപ്പെട്ടിരിക്കയായിരുന്നു (വാക്യം 11). ഒരു പക്ഷേ ഇത്രയധികം മീൻ വിറ്റാൽ കിട്ടുന്നത് എത്ര പണമായിരിക്കുമെന്നു കണക്കുകൂട്ടുകയായിരുന്നിരിക്കാം. ഇങ്ങനെ എല്ലാദിവസവും കർത്താവു തന്നെ അനുഗ്രഹിച്ചാൽ താൻ ഗലീലയിലെ ഏറ്റവും ധനികനായ മുക്കുവനായിത്തീരും-തീർച്ചയായും തന്റെ ദശാംശം താൻ കർത്താവിന്റെ വേലയ്ക്കു നൽകുകയും ചെയ്യും. ഈ 'സമൃദ്ധിയുടെ സുവിശേഷ'ത്തിന്റെ അനുഗ്രഹങ്ങളിൽ ആശ്ചര്യം കൂറി ഇരിക്കുമ്പോൾ കർത്താവിന്റെ ചോദ്യം തന്നെ ഉണർത്തി."ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" ആ ചോദ്യം ഒരു വാളുപോലെ അവന്റെ ഹൃദയത്തിൽ തുളച്ചിറങ്ങി. "സ്നേഹിക്കുന്നു" എന്നു പ്രതികരണം. എന്നാലീ വാക്കുകൾ തമ്മിലൊരു വ്യത്യാസമുണ്ടായിരുന്നു. യേശു ഉപയോഗിച്ച പദം "അഗപ്പെ" (മനുഷ്യനു ദൈവത്തോടുള്ള പരമമായ സ്നേഹം) ആയിരുന്നു. പത്രോസ്

***153 വലിയ മീനുകളെ പിടിച്ചതിൽ പത്രോസ് ആശ്ചര്യപ്പെട്ടിരിക്കയായിരുന്നു. ഒരു പക്ഷേ ഇത്രയധികം മീൻ വിറ്റാൽ കിട്ടുന്നത് എത്ര പണമായിരിക്കുമെന്നു കണക്കുകൂട്ടുകയായിരുന്നിരിക്കാം. ഇങ്ങനെ എല്ലാദിവസവും കർത്താവു തന്നെ അനുഗ്രഹിച്ചാൽ താൻ ഗലീലയിലെ ഏറ്റവും ധനികനായ മുക്കുവനായിത്തീരും-തീർച്ചയായും തന്റെ ദശാംശം താൻ കർത്താവിന്റെ വേലയ്ക്കു നൽകുകയും ചെയ്യും. ഈ 'സമൃദ്ധിയുടെ സുവിശേഷ'ത്തിന്റെ അനുഗ്രഹങ്ങളിൽ ആശ്ചര്യം കൂറി ഇരിക്കുമ്പോൾ കർത്താവിന്റെ ചോദ്യം തന്നെ ഉണർത്തി."ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?"***

തിരികെ നൽകിയതു "ഫിലിയോ" (സ്നേഹിതനോടുള്ള സാധാരണ സ്നേഹം) ആയിരുന്നു. കർത്താവു ചോദ്യം രണ്ടാമതു വീണ്ടും ആവർത്തിച്ചു. വീണ്ടും അതേ ഭാഷയിൽ ഉത്തരം. മൂന്നാം പ്രാവശ്യം കർത്താവു പത്രോസിന്റെ തലത്തിലേക്കു ഇറങ്ങിവന്ന്, നിനക്ക് എന്നോട് "ഫിലോയോ" സ്നേഹമെങ്കിലും ഉണ്ടോ എന്നു ചോദിക്കുന്നു. ചില ദിവസങ്ങൾക്കുമുമ്പായിരുന്ന തരത്തിൽ ആത്മപ്രശംസക്കാരനും നിഗളിയുമായ വ്യക്തിയായിരുന്നില്ല അപ്പോൾ പത്രോസ്. ഒന്നും നിശ്ചയമില്ലാത്ത നിലയിൽ പത്രോസ് തകർന്നിരുന്നു. ''എനിക്കു നിന്നോട് 'ഫിലിയോ' സ്നേഹമെങ്കിലും ഉണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. എന്റെ ഹൃദയത്തെ നീ മാത്രം അറിയുന്നു. നീ എല്ലാമറിയുന്നു. ഞാൻ വിചാരിക്കുന്നത് ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നാണ് എന്നാൽ യാഥാർത്ഥ്യം നീ മാത്രം അറിയുന്നു''. പത്രോസിനു സ്വന്തം സ്നേഹത്തെക്കുറിച്ചു ഉറപ്പില്ല. പക്ഷേ അവൻ സത്യസന്ധനാണ്. കർത്താവ് അവിടെ വച്ച് തന്നെ അവന് അജപാലന ദൗത്യം ഭരമേല്പിച്ചു കൊടുക്കുന്നു.

പുതിയ ഉടമ്പടി ശുശ്രൂഷ കർത്താവിനോടുള്ള സ്നേഹത്തിലധിഷ്ഠിതമായിരിക്കുന്നു. തന്നെ പൂർണ്ണഹൃദയത്തോടെ സ്നേഹിക്കുന്നവരെയാണ് കർത്താവു ശുശ്രൂഷിക്കുവാൻ ആഗ്രഹിക്കുന്നത്. ഇന്നും കർത്താവു നമ്മോടു ചോദിക്കുന്ന ചോദ്യം ഇതുതന്നെ.

21:18-23 ൽ കർത്താവു പത്രോസിനോട് അവൻ വൃദ്ധനാകുമ്പോൾ തന്റെ വിശ്വാസത്തിനു വേണ്ടി കഷ്ടം സഹിക്കയും മരിക്കയും ചെയ്യും എന്നു പറയുന്നു. അതുകേട്ടമാത്രയിൽ പത്രോസ് യോഹന്നാനെ നോക്കി "കർത്താവേ ഇവന് എന്തു ഭവിക്കും? ഇവനും എന്നെപ്പോലെ കഷ്ടമനുഭവിക്കുമോ അതോ സുഖകരമായ ജീവിതമായിരിക്കുമോ ഇവന്റേത്?" യേശു ഉത്തരം പറഞ്ഞത് "അതു ചിന്തിക്കേണ്ടത് നിന്റെ കാര്യമല്ല.എന്നെ അനുഗമിക്കുവാൻ ഞാൻ നിന്നെ വിളിച്ചിരിക്കുന്നു. നീ നിന്റെ വിളിയിൽ മാത്രം ശ്രദ്ധവയ്ക്കുക". ആ പ്രബോധനം നാമും ശ്രദ്ധിക്കേണ്ടതല്ലേ? നിങ്ങളുടെ ശുശ്രൂഷയിൽ നിങ്ങൾ പ്രയാസങ്ങളനുഭവിക്കുമ്പോൾ നിങ്ങൾ നിങ്ങളെ മറ്റുശുശ്രൂഷകരോടു താരതമ്യപ്പെടുത്തുന്നുവോ? എങ്കിൽ കർത്താവു പറയുന്നു: "സ്വന്തം കാര്യം മാത്രം ശ്രദ്ധിക്കുക. എന്നെ അനുഗമിക്കുക". നമുക്ക് ആകെ ചെയ്യാനുള്ളതു കർത്താവിനെ അനുഗമിച്ചു നമ്മുടെ ഓട്ടം തികയ്ക്കുക. സന്തോഷത്തോടെ. നാമെല്ലാം അങ്ങനെതന്നെ ആയിരിക്കട്ടെ. (യോഹന്നാന്റെ സുവിശേഷം അവസാനിച്ചു.അടുത്ത ലക്കത്തിൽ-അപ്പോസ്തല പ്രവൃത്തികൾ).

**മൊഴിമാറ്റം: സുജാഏബ്രഹാം.**





**സഹോദരിമാരോട്**

# ഹൃദയം കൊണ്ട് ഹൃദയത്തെ

ആനിയമ്മ കുരുവിള

നമുക്ക് ഏറ്റവും സുപരിചിതമായ വാക്കാണല്ലോ 'ശുശ്രൂഷ'.എല്ലാ മേഖലകളിലും, പ്രത്യേകിച്ച് ക്രിസ്തീയ ഗോളത്തിലും അനുദിനം ആ വാക്കിന് അർത്ഥച്യുതി സംഭവിച്ചു കൊണ്ടിരിക്കുന്നു.ഗാനശുശ്രൂഷ, രോഗശാന്തിശുശ്രൂഷ, പ്രവചനശുശ്രൂഷ, കാൽകഴുകൽശുശ്രൂഷ, എന്നിങ്ങനെ പോകുന്നു ശുശ്രൂഷകളുടെ നീണ്ടനിര. ഇതിനിടെ തിരുവചനം ആദിയോടന്തം സമർത്ഥിക്കുന്ന സത്യം നാം മറന്നു പോകുന്നുവോ? ശുശ്രൂഷ പ്രാഥമികമായും ദൈവോന്മുഖം ആണ് എന്നതാണ് ആ സത്യം. ആദ്യം അവിടുത്തെ ഹൃദയത്തെ ശുശ്രൂഷിച്ച് തൃപ്തിപ്പെടുത്തുക. അതിൽ നിന്നു നമുക്ക് പകർന്നു കിട്ടുന്ന കൃപയിലൂടെ അവിടുത്തെ ശരീരത്തെ, അതായത് സഭയെ, സമസൃഷ്ടങ്ങളെ, ശുശ്രൂഷിക്കുക. ലോകത്തിന്റെ കാഴ്ചപ്പാടിൽ ശുശ്രൂഷ എപ്പോഴും മനുഷ്യോന്മുഖം ആണ്. മനുഷ്യരെ ശുശ്രൂഷിക്കുന്നതിലൂടെ ദൈവത്തെ തൃപ്തിപ്പെടുത്തുക അതാണ് മാനുഷികരീതി. നമ്മുടെ കർത്താവ് ഇതേപ്പറ്റി പറയുന്നത് ഇപ്രകാരമാണ് - അകത്തു വരികയും പുറത്തു പോയി മേച്ചിൽ കണ്ടെത്തുകയും ചെയ്യും .(യോഹ: 10: 9).

തിരുവചനത്തിൽ പലയിടങ്ങളിലായി ഈ രണ്ടുതരം ശുശ്രൂഷകളും നമുക്ക് കാണാൻ കഴിയും. എങ്കിലും ലൂക്കോസ് 10:38 - 42 വരെയുള്ള ഭാഗത്ത് ഇവ രണ്ടും വളരെ വ്യക്തമായി വരച്ചുകാട്ടിയിരിക്കുന്നു.

മാർത്ത എന്ന ഉന്മേഷവതിയായ സഹോദരി ബെഥാന്യ എന്ന ഗ്രാമത്തിലെത്തിയ യേശുവിനെ തന്റെ വീട്ടിൽ കൈക്കൊണ്ടു ശുശ്രൂഷിക്കുന്നു. കർത്താവിന്റെ ശരീരത്തിനാവശ്യമായ ഭക്ഷണം ഒരുക്കുന്നതിൽ അവളുടെ ശരീരവും മനസ്സും വ്യാപൃതമാകുന്നു. അവൾ തന്റെ ശരീരംകൊണ്ട് കർത്താവിന്റെ ശരീരത്തെ ശുശ്രൂഷിക്കുകയാണ്. എന്നാൽ അവളുടെ ഹൃദയമോ? അവളുടെ ഹിതപ്രകാരമുള്ള ഈ ശുശ്രൂഷയിൽ അവളെ സഹായിക്കാത്ത സഹോദരി മറിയക്കെതിരെയും അവളെ ശാസിച്ച് തന്റെ സഹായത്തിനായി അടുക്കളയിലേക്ക് അയയ്ക്കാത്ത യേശുവിനെതിരെയും അവളുടെ ചിന്തകൾ വ്യാപരിച്ചു. പലവിധ ശുശ്രൂഷകളാൽ മാർത്ത ക്ലേശിച്ചവളായിത്തീർന്നു. വ്യാകുലപ്പെട്ടു മനസ്സുകലങ്ങിപ്പോകുവാൻ ഇടയായി. കർത്താവിനെ 'വിചാരമില്ലാത്തവൻ' എന്ന് തെറ്റിദ്ധരിക്കുവാൻ പോലും കാരണമായിത്തീർന്നു.

മറിയയാകട്ടെ, അവളുടെ ഹൃദയംകൊണ്ട് കർത്താവിന്റെ ഹൃദയത്തെ ശുശ്രൂഷിച്ച് തൃപ്തമാക്കി. അവിടുത്തെ ഇഷ്ടം അറിഞ്ഞ് അവിടുത്തേക്ക് ശുശ്രൂഷ നൽകി. ശരീരം കടന്ന് ഹൃദയം കൊണ്ടുള്ള ഒരു ശുശ്രൂഷ.

നമ്മുടെ കർത്താവും ചെയ്തത് അതു

***'മാനം, മഹത്വം, ജ്ഞാനം, ബലം,......... എന്നിവ സ്വീകരിക്കാൻ യോഗ്യൻ അവിടുന്ന്' എന്ന് നാം പ്രാർത്ഥനയിൽ ഉരുവിടും. എന്നാൽ മനുഷ്യരിൽനിന്നും നന്ദിയോ പ്രശംസയോ മാനമോ ഒക്കെ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് അവിടുത്തെ ഹൃദയത്തെ നമ്മുടെ ഹൃദയം കൊണ്ട് തൃപ്തമാക്കുവാൻ കഴിയില്ല.നമ്മുടെ ദേഹി ഏറ്റവും മുറുകെപിടിക്കുന്ന അഭിമാനം, സ്വയമിടുക്ക്, സ്വാർത്ഥത, സൽപേര് എന്നിവ മറിയയെപ്പോലെ അവിടുത്തെ പാദപീഠത്തിങ്കൽ വെറുതെ ഒഴുക്കിക്കളയുവാൻ നമുക്ക് കഴിയുമോ?***

തന്നെ ആയിരുന്നല്ലോ? അവിടുന്ന് തന്റെ പിതാവിന്റെ ഹൃദയത്തെ തൃപ്തമാക്കിയത് തന്റെ ദേഹമെന്ന തിരശ്ശീല ചിന്തി തന്റെ ഹൃദയം കൊണ്ട് അവിടുത്തെ ശുശ്രൂഷിച്ചതിനാലാണല്ലോ. മാർത്തയുടെ ശകാരത്തിനോ, പിറുപിറുപ്പിനോ മറിയയുടെ സ്വസ്ഥതയ്ക്കു ഭംഗം വരുത്തുവാൻ കഴിഞ്ഞില്ല. ജോലി ഭാരത്തിന്റെ ആവശ്യകത അവളെ വ്യതിചലിപ്പിച്ചില്ല. കർത്താവ് വിലമതിക്കുന്ന ആ ഒന്ന്, അതേ ആ നല്ല അംശം, അവൾ കണ്ടെത്തിക്കഴിഞ്ഞിരുന്നു.യേശുവിന്റെ പാദപീഠത്തിലിരുന്ന് കേൾക്കുന്നത് തന്നെ അവൾ വിലമതിച്ചു. അത് അവളിൽനിന്നും ആരും അപഹരിച്ചുകളയാതെ കർത്താവ് കാത്തു. സ്തോത്രം, പ്രാകാരത്തിലെ നിർജ്ജീവ പ്രവൃത്തികളെ വിട്ട് അതിവിശുദ്ധസ്ഥലത്തെ സജീവമായ സ്വസ്ഥത അവൾ അനുഭവിച്ചറിഞ്ഞു.

യോഹന്നാൻ 12: 1 – 8 വരെയുള്ള ഭാഗത്ത് വീണ്ടും ഈ രണ്ടുതരം ശുശ്രൂഷകളും കാണാൻ കഴിയും. ഇവിടെയും മാർത്ത കർത്താവിന്റെ ശരീരത്തെ ശുശ്രൂഷിക്കുന്നു;മറിയയാകട്ടെ അവിടുത്തെ ഹൃദയത്തെയും. വിരുന്നിന്റെ പരിമളത്തെ അതിജീവിക്കുന്ന പരിമളം മറിയയുടെ ശുശ്രൂഷയിലൂടെ വ്യാപരിക്കുന്നു!

ഇവിടെ ആശ്ചര്യകരമായ ഒരുകാര്യം ഈ പരിമളം യേശുവിനൊഴികെ ആർക്കും ആസ്വദിക്കാൻ കഴിഞ്ഞില്ല എന്നതാണ്. മാർത്തയുടെ ശുശ്രൂഷ മനുഷ്യരാൽ അംഗീകരിക്കപ്പെടുന്നു. എന്നാൽ മറിയയുടെ ശുശ്രൂഷ കർത്താവിനാൽ മാത്രം അംഗീകരിക്കപ്പെടുന്നു. മറ്റുള്ളവർക്ക് അത് അസഹ്യമായിത്തീർന്നു. അതുതന്നെയാണ് ലോകത്തിന്റെ കാഴ്ചപ്പാട്. അത് മറ്റൊരു വ്യവസ്ഥയിൽ ഉള്ളതാണല്ലോ! ലോകത്തിന്റെ കാഴ്ചപ്പാടിൽ ദരിദ്രർ, സമസ്യഷ്ടങ്ങൾ ഒക്കെയാണ് ഈ പരിമളത്തിന് അർഹർ. യേശു അതിന് അർഹനല്ല. അത് അവിടുത്തെ തൃപ്തിക്കായി ചെലവിട്ടാൽ അത് ഒരു വെറും ചെലവാണ്. എന്നാൽ മറിയയെ സംബന്ധിച്ച് അങ്ങനെയായിരുന്നില്ല. അവൾ തനിക്കു വിലയേറിയതെല്ലാം അവന്റെ പാദപീഠത്തിങ്കൽ ഒഴുക്കിക്കളഞ്ഞു. അവളുടെ സമ്പാദ്യവും അവളുടെ പ്രശംസയായ തലമുടിയും അവന്റെ പാദത്തിലർപ്പിച്ചു. അവളെ സംബന്ധിച്ച് അവനെപ്പോലെ സകലവും സ്വീകരിക്കാൻ യോഗ്യനായി മറ്റാരും ഉണ്ടായിരുന്നില്ല. 'മാനം, മഹത്വം, ജ്ഞാനം, ബലം,......... എന്നിവ സ്വീകരിക്കാൻ യോഗ്യൻ അവിടുന്ന്' എന്ന് നാം പ്രാർത്ഥനയിൽ ഉരുവിടും. എന്നാൽ മനുഷ്യരിൽനിന്നും പ്രത്യക്ഷമായോ പരോക്ഷമായോ നന്ദിയോ പ്രശംസയോ മാനമോ ഒക്കെ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമുക്ക് അവിടുത്തെ ഹൃദയത്തെ നമ്മുടെ ഹൃദയം കൊണ്ട് തൃപ്തമാക്കുവാൻ കഴിയില്ല.നമ്മുടെ ദേഹി ഏറ്റവും മുറുകെപിടിക്കുന്ന അഭിമാനം, സ്വയമിടുക്ക്, സ്വാർത്ഥത, സൽപേര് എന്നിവ മറിയയെപ്പോലെ അവിടുത്തെ പാദപീഠത്തിങ്കൽ വെറുതെ ഒഴുക്കിക്കളയുവാൻ നമുക്ക് കഴിയുമോ?





അവൾ വിലയേറിയത് സകലവും ഒഴുക്കിക്കളഞ്ഞു; പകരം ശാസന, പരിഹാസം, കുത്തുവാക്കുകൾ, മൂർച്ചയേറിയ നോട്ടങ്ങൾ, നിസ്സഹകരണം എന്നിവ ഏറ്റുവാങ്ങി. ഈ കൈമാറ്റത്തിലൂടെ അവൾ സമർത്ഥിച്ചത് എന്താണ്? 'യേശുവേ അങ്ങ് മാത്രമാണ് മാനം, മഹത്വം, ധനം,.......എന്നിവ സ്വീകരിക്കാൻ യോഗ്യൻ' എന്നത്രേ.

തന്റെ ശവസംസ്ക്കാര ദിവസത്തേക്കുവേണ്ട ശുശ്രൂഷ മറിയ മുൻകൂട്ടി ചെയ്തതായി യേശു പ്രസ്താവിക്കുന്നു. പ്രിയ ശിഷ്യന്മാർക്കോ മറ്റാർക്കുമോ ലഭിക്കാതെപോയ അവസരം മറിയയ്ക്ക് ലഭ്യമായി. ലൂക്കോസ് 10–ാം അധ്യായത്തിൽ യേശുവിനോടൊത്ത് അകത്തു പ്രവേശിച്ച മറിയ ഇവിടെ യോഹന്നാൻ 12-ൽ പുറത്തുപോയി മേച്ചിൽ കണ്ടെത്തുന്നു. അതായത് അവന്റെ 'ശരീര'ത്തെ ശുശ്രൂഷിക്കുന്നു. എത്ര ഉന്നതമായ സ്വർഗ്ഗീയ നിലവാരം! ഇന്നും കർത്താവ് ആഗ്രഹിക്കുന്നത് ഇത്തരം ശുശ്രൂഷ തന്നെയാണ്. അവിടുത്തോടൊത്ത് സ്വസ്ഥതയിൽ ആയിരിക്കുക. അവിടുത്തെ ഹൃദയത്തിന് ശുശ്രൂഷ ചെയ്ത് കൃപ പ്രാപിക്കുക. ആ കൃപയോടെ പുറത്തു പോയി മേച്ചിൽ കണ്ടെത്തുക.

നമുക്ക് നമ്മെത്തന്നെ പരിശോധിക്കാം. നമ്മുടെ കഴിഞ്ഞകാല ശുശ്രൂഷയുടെ പെരുപ്പം, സൽപ്രവൃത്തികൾ എന്നിവയിലേക്ക് തിരിഞ്ഞുനോക്കി ഊറ്റം കൊള്ളാതിരിക്കാം. നമ്മുടെ ദൃഷ്ടികൾ അവിടുത്തെ ദൃഷ്ടികളിലേക്കും നമ്മുടെ ഹൃദയം അവിടുത്തെ ഹൃദയത്തിലേക്കും ഏകാഗ്രമായിരിക്കട്ടെ. അല്ലാഞ്ഞാൽ നാം നമ്മുടെ ശുശ്രൂഷകളെ വിലമതിച്ച് മറ്റുള്ളവരുടെ ശുശ്രൂഷകളെ തുച്ഛീകരിച്ചുപോകും.

***നമുക്ക് നമ്മെത്തന്നെ പരിശോധിക്കാം. നമ്മുടെ കഴിഞ്ഞ കാല ശുശ്രൂഷയുടെ പെരുപ്പം, സൽപ്രവൃത്തികൾ എന്നിവയിലേക്ക് തിരിഞ്ഞുനോക്കി ഊറ്റം കൊള്ളാതിരിക്കാം. നമ്മുടെ ദൃഷ്ടികൾ അവിടുത്തെ ദൃഷ്ടികളിലേക്കും നമ്മുടെ ഹൃദയം അവിടുത്തെ ഹൃദയത്തിലേക്കും ഏകാഗ്രമായിരിക്കട്ടെ. അല്ലാഞ്ഞാൽ നാം നമ്മുടെ ശുശ്രൂഷകളെ വിലമതിച്ച് മറ്റുള്ളവരുടെ ശുശ്രൂഷകളെ തുച്ഛീകരിച്ചുപോകും.***

ഏലിയാ പ്രവാചകൻ കർമ്മേൽ പർവ്വതത്തിൽ അതിധീരമായ ശുശ്രൂഷ ചെയ്തശേഷം ഗുഹയുടെ പുറത്ത് യഹോവയുടെ മുമ്പാകെ നിൽക്കുമ്പോൾ അവന് പറയാനുണ്ടായിരുന്നത് ഇതായിരുന്നു–'ഞാൻ ഒരുവൻ മാത്രം ദൈവപക്ഷത്ത് ശേഷിച്ചിരിക്കുന്നു.'എന്നാൽ ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവം തന്റെ ദാസന്റെ തെറ്റിദ്ധാരണ തിരുത്തുന്നു.'ബാലിനു മുട്ടുകുത്താത്ത 7000 പേരെ ഞാൻ ശേഷിപ്പിച്ചിരിക്കുന്നു'. ഇതേപോലെത്തന്നെ നാം വിവക്ഷിക്കുന്ന രീതിയിൽ, അതേ മാതൃകയിൽ തന്നെ മറ്റുള്ളവരും ശുശ്രൂഷിക്കുന്നില്ലെങ്കിൽ അവർ ദൈവത്തെതന്നെയോ ശുശ്രൂഷിക്കുന്നത്, അല്ല അവർ ദൈവമക്കൾ തന്നെയോ എന്നുപോലും സംശയിക്കാൻ പ്രേരണ ഉണ്ടായെന്നു വരാം. യോഹന്നാൻ സ്നാപകൻ തടവിൽ ആയിരുന്നപ്പോൾ 'ഇതാ ലോകത്തിന്റെ പാപത്തെ ചുമന്നൊഴിക്കുന്ന ദൈവകുഞ്ഞാട്' എന്ന് താൻ തന്നെ സാക്ഷീകരിച്ച യേശുവിനെ സംശയിക്കുന്നു. യേശു തന്നെ അത്ഭുതകരമായി തടവിൽനിന്നു മോചിപ്പിക്കും എന്ന് യോഹന്നാൻ ആശിച്ചിരുന്നിരിക്കാം. ഇപ്രകാരമുള്ള മോചനം, സ്വസ്ഥത എന്നിവ യേശുവിന്റെ ഹൃദയത്തോടു ചേർന്നിരിക്കുന്നതിലൂടെ മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ.

യേശു പറഞ്ഞു: സ്വർഗ്ഗരാജ്യത്തെ ശിശു

*നമുക്ക് ഭവനത്തിലും ഓഫീസുകളിലും ഒക്കെയായി ധാരാളം ജോലിത്തിരക്കുണ്ട്. യേശു, ഇമ്മാനുവേൽ ആണ് എന്നത് നമുക്ക് എത്രയോ ആശ്വാസകരം ആണ്. അവങ്കൽ ഏകാഗ്രമായ ഏതു ഹൃദയത്തോടൊപ്പം എവിടേക്കും എഴുന്നെള്ളുന്ന ദൈവം ആണ് അവിടുന്ന്. അടുക്കളയിലും, തൊടിയിലും, തൊഴുത്തിലും, വാഹനത്തിലും, ഓഫീസിലും എവിടെയും അവിടുന്ന് നമ്മോടൊപ്പം ഉണ്ട്. മഹത്വത്തിന്റെ പ്രത്യാശയാകുന്ന ക്രിസ്തു നമ്മിൽ വസിക്കുന്നു. അവിടുത്തോട് സംഭാഷിക്കാനും കൂട്ടായ്മ ആചരിക്കാനും അങ്ങനെ അവിടുത്തെ ഹൃദയത്തിന് തൃപ്തിവരുത്തുന്ന ശുശ്രൂഷചെയ്‌വാനും നമുക്ക് കഴിയട്ടെ.*

വെന്നപോലെ സ്വീകരിക്കുക (മർക്കോസ് 10: 15) ധൂർത്ത പുത്രന്റെ ഉപമയിൽ അപ്പന്റെ ഭവനത്തിലേക്കു മടങ്ങിവന്ന ഇളയപുത്രനെ നോക്കുക. അവൻ സകലവും ദാനമായി പ്രാപിക്കുകയായിരുന്നു. മേത്തരമായ അങ്കി, മോതിരം, ചെരുപ്പ്, വിരുന്ന് എല്ലാം അവൻ പ്രാപിച്ചു. നീതീകരണം, പുത്രത്വം, ശുശ്രൂഷയ്ക്കായുള്ള നിയോഗം എന്നിവ തന്നെ. മറിച്ച് ജ്യേഷ്ഠനോ? ഇവ പ്രാപിക്കുവാൻ പിതാവിന്റെ അടുത്ത് അകത്തു വരാതെ അത് നേടിയെടുക്കാനായി സ്വയം പുറത്തുപോയി മേച്ചിൽ കണ്ടെത്തുന്നു.അവസാനം അവൻ പിതാവിന്റെ സന്തോഷത്തിൽ പ്രവേശിക്കാതെ പുറത്തുതന്നെയായിരിക്കുന്നു.

യേശു സ്നേഹിച്ച ഒരു ചെറിയ കുടുംബമായിരുന്നു ബെഥാന്യയിലേത് (യോഹന്നാൻ11: 5) എങ്കിലും അവിടെ ഭിന്നത, പിറുപിറുപ്പ് എന്നിവയുണ്ടായിരുന്നു. യേശു സ്നേഹിക്കുന്ന തന്റെ വലിയ കുടുംബമായ സഭയിൽ കാര്യങ്ങൾ വ്യത്യസ്തമോ? ശുശ്രൂഷയുടെ രണ്ടുതരം വ്യത്യസ്തതകളാണ് ഭൂരിഭാഗം ഭിന്നതകൾക്കും കാരണം. കർത്താവ് തന്റെ പരിശുദ്ധാത്മാവിനാൽ നിറച്ച് നമ്മെ തന്റെ ഹൃദയപ്രകാരമുള്ളവരാക്കിത്തീർക്കട്ടെ. ലൂക്കോസ് 12:36-ൽ പറഞ്ഞിരിക്കുന്ന ജാഗരൂകരായ ദാസന്മാരെപ്പോലെ യജമാനനെ സ്വീകരിക്കാൻ, ശുശ്രൂഷിക്കാൻ വാഞ്ഛയോടെ ദാഹിക്കുന്നവരായി നമുക്ക് തീരാം. എങ്കിൽ യജമാനൻതന്നെ, നമ്മെ പോഷിപ്പിക്കും. എത്ര നല്ല യജമാനനാണു നമുക്കുള്ളത്! സ്തോത്രം!.

സഹോദരിമാരായ നമുക്ക് ഭവനത്തിലും ഓഫീസുകളിലും ഒക്കെയായി ധാരാളം ജോലിത്തിരക്കുണ്ട്. യേശു, ഇമ്മാനുവേൽ ആണ് എന്നത് നമുക്ക് എത്രയോ ആശ്വാസകരം ആണ്. അവങ്കൽ ഏകാഗ്രമായ ഏതു ഹൃദയത്തോടൊപ്പം എവിടേക്കും എഴുന്നെള്ളുന്ന ദൈവം ആണ് അവിടുന്ന്. അടുക്കളയിലും, തൊടിയിലും, തൊഴുത്തിലും, വാഹനത്തിലും, ഓഫീസിലും എവിടെയും അവിടുന്ന് നമ്മോടൊപ്പം ഉണ്ട്. മഹത്വത്തിന്റെ പ്രത്യാശയാകുന്ന ക്രിസ്തു നമ്മിൽ വസിക്കുന്നു. അവിടുത്തോട് സംഭാഷിക്കാനും കൂട്ടായ്മ ആചരിക്കാനും അങ്ങനെ അവിടുത്തെ ഹൃദയത്തിന് തൃപ്തിവരുത്തുന്ന ശുശ്രൂഷ ചെയ്‌വാനും നമുക്ക് കഴിയട്ടെ. മാർത്തയെപ്പോലെ ജോലിഭാരത്താൽ ശരീരം ക്ലേശിച്ചാലും മറിയയുടെ ഹൃദയനില നമുക്ക് സ്വീകരിക്കാം. ഹൃദയത്തെ വിട്ടാൽ ശരീരം നിർജ്ജീവം എന്നോർക്കുക.

ദൈവത്തിന്റെ പരിശുദ്ധാത്മാവും അവന്റെ കാന്തയും പറയുന്നു വരിക.

യേശുവിനോടുകൂടെ അകത്തു വരിക.

നമുക്ക് ആ ആഹ്വാനത്തിൽ മാറ്റൊലികൾ ആവാം. വരിക എന്ന അവിടുത്തെ വിളിയുടെ മാറ്റൊലി. ആ മാറ്റൊലി കേട്ട്, അനേകർ യേശുവിനോടുകൂടെ അകത്തു വരുകയും പുറത്തുപോയി അവനായി മേച്ചിൽ കണ്ടെത്തുകയും ചെയ്യട്ടെ!

ആമേൻ. ⊙





**അനുഭവം**

# ഓരോ ചുവടിലും അനുസരണം

## അദ്ധ്യായം-9

**കഥ ഇതുവരെ..** *വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പണസമ്പാദനത്തിനായി അമേരിക്കയിൽ എത്തി. അവിടെ മൗറീസ് രൂബേന്റെ സാക്ഷ്യത്തിലൂടെ റീസിനെ ദൈവം സന്ദർശിച്ചു. അവൻ ദൈവത്തിനായി സമർപ്പിച്ചു. വെയിൽസിലേക്കു മടങ്ങി. വെയിൽസിലെ ഉണർവിനുശേഷം റീസ് ലാൻഡ്രിൻഡോഡിൽ ഒരു കൺവൻഷനുവേണ്ടി പോയി.അവിടെ അവൻ പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി.മടങ്ങിയെത്തിയ റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്കു നയിച്ചു*.......**തുടർന്നു വായിക്കുക**

## മുന്തിരിവള്ളിയിലെ ഒരു ശാഖ

മറ്റൊരു സന്ധ്യ –

പതിവുപോലെ അന്നും രാത്രി ഗ്രാമത്തിൽ ഒരു യോഗമുണ്ട്.

എന്നാൽ അന്നു റീസ് ഉല്ലാസവാനായിരുന്നു. ഒരു ടെൻഷനുമില്ല. കാരണം അന്നു യോഗത്തിൽ പ്രസംഗിക്കാൻ വരാമെന്ന് റീസിന്റെ ഒരു ക്രിസ്തീയ സുഹൃത്തു നേരത്തെ സമ്മതിച്ചിട്ടുണ്ട്. അദ്ദേഹം വൈകിട്ടു റീസിന്റെ വീട്ടിലെത്തും. ഇരുവരും ഒന്നിച്ചു നടന്നു യോഗസ്ഥലത്തേക്കു പോകും. മീറ്റിംഗ് നടത്തും. മടങ്ങും. ഒരു പ്രശ്നവുമില്ല.

പക്ഷേ പ്രശ്നം ഉണ്ടായി. തക്കസമയമായപ്പോൾ സുഹൃത്തു അറിയിച്ചു. 'പെട്ടെന്ന് ഒരസൗകര്യം ഉണ്ടായി. മീറ്റിംഗിനു വരാൻ കഴിയുകയില്ല.'

അതുകേട്ടപ്പോൾ റീസ് ആകെ അസ്വസ്ഥനായി. എന്തുകൊണ്ടാണു താൻ അസ്വസ്ഥനായതെന്നു പെട്ടെന്നു തന്നെ റീസിനു ബോധ്യം ലഭിച്ചു. ആ രാത്രി യോഗം സംബന്ധിച്ച് തനിക്ക് സാധാരണപോലെ ഒരു 'ഭാരവും' ഉണ്ടായിരുന്നില്ലെന്നു റീസ് മനസ്സിലാക്കി. എല്ലാം ആ സ്നേഹിതൻ ചെയ്തുകൊള്ളും. തനിക്ക് ഒരു ടെൻഷനുമില്ല – ഇതായിരുന്നു റീസിന്റെ നിലപാട്.

മറ്റൊരർത്ഥത്തിൽ, പരിശുദ്ധാത്മാവിനെക്കാളേറെ, റീസ് ആശ്രയിച്ചത് തന്റെ സ്നേഹിതനെയാണ്!

നിരന്തരം അനുഭവപ്പെട്ടുകൊണ്ടിരുന്ന ആ ദിവ്യസാന്നിധ്യം ഗ്രാമത്തിലേക്കുള്ള യാത്രയിൽ റീസിന് അന്ന് അനുഭവവേദ്യമായില്ല. എന്തോ തന്നെ വിട്ടു മാറിപ്പോയതുപോലെ. പരിശുദ്ധാത്മാവിനെ താൻ ദുഃഖിപ്പിച്ചിരിക്കുന്നു!

കനം തൂങ്ങുന്ന ഹൃദയവുമായി റീസ് ഒറ്റയ്ക്ക് ഗ്രാമത്തിലേക്കുള്ള പാതിവഴി പിന്നിട്ടു. പിന്നെ റീസിന് ഒട്ടും സഹിക്കാൻ വയ്യാതായി. അവൻ ഉച്ചത്തിൽ കർത്താവിനോടു നിലവിളിച്ചു: 'എന്നോടു ക്ഷമിക്കണമേ. ഇത് ഇനിയും സംഭവിക്കുകയില്ലെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു.

ഈ മീറ്റിംഗിനെ അവിടുന്ന് അനുഗ്രഹിച്ചാൽ രാത്രിയോഗം കഴിഞ്ഞു മടങ്ങിവരുമ്പോൾ അവിടുന്ന് ആവശ്യപ്പെടുന്നതെന്തും ഞാൻ യിപ്താഹിനെപ്പോലെ തന്നിരിക്കും.'

ആ രാത്രിയോഗത്തിൽ വലിയ അനുഗ്രഹം ഉണ്ടായി. യോഗം കഴിഞ്ഞ് രാത്രി തിരിച്ചു നടന്നു റീസ് വീട്ടിലേക്കു പോകുകയാണ്.താൻ നേരത്തെ പ്രതിജ്ഞയെടുത്ത സ്ഥലത്തെത്തിയപ്പോൾ റീസ് അവിടെ നിന്നു കർത്താവിനോടു ചോദിച്ചു– "ഞാനെന്താ കർത്താവേ തരേണ്ടത്?"

കർത്താവിന്റെ മറുപടി അപ്രതീക്ഷിതമായിരുന്നു– "ഇന്നു രാത്രി മുതൽ നീ നിന്റെ പണത്തിന്റെ ഉടമയല്ല. സൂക്ഷിപ്പുകാരനും കാര്യസ്ഥനും മാത്രമായിരിക്കും. പണത്തിന്റെ മേലുള്ള നിന്റെ എല്ലാ അവകാശവാദങ്ങളും എന്റെ പേരിൽ നീ ഉപേക്ഷിക്കുക."

റീസിന് എല്ലാം മനസ്സിലായില്ല- തന്റെ പണം നേരത്തെ തന്നെ കർത്താവിന്റെ വകയായിരുന്നില്ലേ?

ഈ ചോദ്യത്തിനു മുൻപിൽ പണം സംബന്ധിച്ച റീസിന്റെ യഥാർത്ഥ നിലപാട് കർത്താവ് ഇങ്ങനെ തുറന്നു കാട്ടി: തനിക്കു തന്നെ പണം നൽകാൻ കഴിയുമെങ്കിൽ ദൈവത്തോട് ആ കാര്യത്തിനായി ചോദിക്കാതെ സ്വന്തം കയ്യിൽനിന്നു കൊടുക്കുകയെന്നതായിരുന്നു റീസിന്റെ രീതി. റീസിന്റെ പണം മുഴുവൻ ദൈവവേലയ്ക്കു തന്നെയായിരുന്നു ചെലവാക്കിയിരുന്നത്. എങ്കിലും ആ പണം അപ്പോഴും റീസിന്റെ പണം തന്നെ ആയിരുന്നു! പണം കൊടുക്കണോ വേണ്ടയോ എന്നു തീരുമാനിക്കുന്നതു റീസ്. കൊടുക്കുന്നതിലുള്ള ആനന്ദവും അവന്റേത്.

മേലിൽ അതുവേണ്ട എന്നാണു കർത്താവ് അർത്ഥമാക്കിയത്.

"ഭാവിയിൽ നീ ഒരു കാര്യസ്ഥൻ മാത്രമായിരിക്കുമെന്നതുകൊണ്ട് എന്റെ അനുവാദം കൂടാതെ ആർക്കും ഒന്നും കൊടുക്കുവാൻ നിനക്ക് അധികാരം ഉണ്ടായിരിക്കുകയില്ല. അത്യാവശ്യകാര്യത്തിനല്ലാതെ എന്റെ പണത്തിൽ ഒരു പെനിപോലും ചെലവാക്കാൻ പാടില്ല": കർത്താവ് വ്യക്തമാക്കി.

റീസിന് എന്നിട്ടും സംശയം ബാക്കി നിന്നു. അതുകൊണ്ട് കർത്താവ് കാര്യങ്ങൾ ഇങ്ങനെ വിശദീകരിച്ചു: 'നിനക്ക് ഒരു കുടുംബവും പിഞ്ചുകുഞ്ഞുങ്ങളും ഉണ്ടെന്നിരിക്കട്ടെ. അവർക്ക് ആവശ്യത്തിനു ഭക്ഷണവും വസ്ത്രവും ഇല്ല. അങ്ങനെയെങ്കിൽ നീ ഒരു പെനികൊടുത്തു ദിനപത്രം വാങ്ങുമോ? അല്ലെങ്കിൽ അത്യാവശ്യം ഇല്ലാത്ത കാര്യത്തിനു പണം ചെലവഴിക്കുമോ?"

"ഇല്ല"

"എങ്കിൽ ഈ ലോകം മുഴുവൻ എന്റെ ഇടവകയാണ്. ഒരാൾക്ക് ജീവിതാവശ്യത്തിന് വേണ്ടത് ഇല്ലാതെയിരിക്കുമ്പോൾ നീ ഒരു പെനി മറ്റൊരു കാര്യത്തിനു വൃഥാ ചെലവഴിക്കരുത്."

കൊടുക്കുന്നതിന്റെ സന്തോഷമാണു നഷ്ടമാകാൻ പോകുന്നതെന്നു റീസിനു മനസ്സിലായി; ഭാവിയിലും തനിക്ക് ഇതു ലഭിക്കുകയില്ലെന്നും റീസിനു വ്യക്തമായി. എങ്കിലും എന്തെല്ലാം നഷ്ടം വന്നാലും ദൈവത്തോടു ചെയ്ത ഉടമ്പടി പാലിക്കാൻ താൻ ബാധ്യസ്ഥനാണ്— റീസ് ഉറച്ചു.

വഴിയിൽ നിന്നു മാറി പാതയോരത്തെ പുല്ലിന്മേൽ റീസ് മുട്ടുകുത്തി. അവിടെ മറ്റാരും ഇല്ലാത്തതുകൊണ്ട് നക്ഷത്രങ്ങളെയും സാക്ഷികളുടെ സമൂഹത്തെയും സാക്ഷിനിർത്തി റീസ് ദൈവമുൻപാകെ ഉടമ്പടി ചെയ്തു. ഈ രാത്രി മുതൽ താൻ പണത്തിന്റെ കാര്യത്തിൽ ദൈവത്തിന്റെ ഒരു കാര്യസ്ഥൻ മാത്രമായിരിക്കും.

തുടർന്ന് റീസ് യാത്ര തുടർന്നപ്പോൾ ശത്രു ഇങ്ങനെ മന്ത്രിച്ചു: "നീ എന്താണു ചെയ്തതെന്നു നിനക്കു മനസ്സിലായോ?





നീ തീർത്തും പാപ്പരായി. നിനക്ക് ഇനി സ്വന്തം എന്നു പറയാൻ ഒരു പെനി പോലും ഇല്ല."

"ശരിയാണ്": റീസ് സമ്മതിച്ചു: "പക്ഷേ ഞാൻ അതു തിരഞ്ഞെടുത്തതാണ്."

അതു പറഞ്ഞുകഴിഞ്ഞപ്പോൾ 'ആകാശം പൊടുന്നനെ പ്രകാശമാനമായതുപോലെ' റീസിനു തോന്നി. നടന്ന കാര്യങ്ങൾ പരിശുദ്ധാത്മാവ് റീസിനു വേണ്ടി തുടർന്ന് ഇങ്ങനെ വിശദീകരിച്ചു: "നീ എന്താ ചെയ്തതെന്നു ഞാൻ പറയാം. ഈ രാത്രി ഞാൻ നിന്നെ മുന്തിരി വള്ളിയോടു ചേർത്ത് ഒട്ടിച്ചു. ആ മുന്തിരി രസം മുഴുവൻ നിന്നിലൂടെ ഒഴുകും. രക്ഷകനിലെ ഒരു കൊമ്പുമാത്രമാണു നീ. കൊമ്പിന്, ശാഖയ്ക്ക്, സ്വന്തമായി ഒന്നും ലഭിക്കുകയില്ല. ശാഖയിൽ ഉണ്ടാകുന്ന ഫലം പോലും ശാഖയ്ക്കല്ല ലഭിക്കുന്നത് — അതു മറ്റുള്ളവർക്കാണ്. പക്ഷേ ഇന്നു രാത്രി മുതൽ, ദൈവത്തിൽ വസിച്ച ഇവിടം മുതൽ, ദൈവത്തിനു ലോകത്തിന് എന്തെല്ലാം നൽകണമോ അവയെല്ലാം നിന്നിലൂടെ പ്രവഹിപ്പിക്കുവാൻ കഴിയും. 'നിങ്ങൾ വളരെ ഫലം കായിക്കുന്നതിനാൽ എന്റെ പിതാവു മഹത്വപ്പെടുന്നു.' നീ എനിക്കായി ഇതു ചെയ്തതുകൊണ്ട് നീ ഇനി ദാസനല്ല. മറിച്ചു നിന്നെ ഞാൻ സ്നേഹിതനെന്നു വിളിക്കുന്നു."

വിശുദ്ധ ത്രിത്വത്തിന്റെ സ്നേഹിതൻ! യോഹന്നാൻ 15 ലെ രക്ഷകന്റെ വാക്കുകളുടെ വ്യക്തിപരമായ ഒരു വെളിപാടായിരുന്നു അത് റീസിന്. ആ അംഗീകാരത്തിന്റെ സന്തോഷം ചില ദിവസങ്ങളോളം തന്നെ കീഴ്പ്പെടുത്തിക്കളഞ്ഞതായി റീസ് ഓർക്കുന്നു.

അടുത്ത 18 മാസത്തേക്ക് റീസ് വളരെ അത്യാവശ്യമുള്ള കാര്യങ്ങൾക്കായല്ലാതെ ഒരു പെനിപോലും ചെലവഴിച്ചില്ല. പണത്തിന്റെ ഉടമസ്ഥതാബോധം പൂർണമായും എടുത്തുമാറ്റിയ നാളുകൾ. പലപ്പോഴും പെനി ചെലവഴിക്കുന്ന കാര്യത്തിലാണ് യഥാർത്ഥ പോരാട്ടം നടന്നിരുന്നത്. "തോട്ടക്കാരൻ എത്ര ശ്രദ്ധയോടെയാണു ശാഖയെ പരിപാലിക്കുന്നതെന്നു അതെന്നെ പഠിപ്പിച്ചു" — റീസിന്റെ വാക്കുകൾ.

ഇതിനിടെ ലാൻഡ്രിൻഡോഡ് കൺവൻഷനിൽ പരിചയപ്പെട്ട ജോൺ ഗോസറ്റ് എന്ന മാന്യദേഹം റീസിനു രണ്ടു പുസ്തകങ്ങളും ഒരാശംസാകാർഡും തപാലിൽ അയച്ചു. അതിന് നന്ദിപറഞ്ഞ് ഒരു കത്തും ഒരു നവവത്സരകാർഡും തിരിച്ചയയ്ക്കുന്നതിന് റീസിന് ആഗ്രഹമുണ്ടായി. എന്നാൽ നവവത്സരകാർഡു വാങ്ങണമെങ്കിൽ ഒരു പെനി മുടക്കണം. നിസ്സാര തുകയാണ്. പക്ഷേ പണമല്ല, അതിനു പിന്നിലെ നിലപാടാണു പ്രധാനമെന്നു പരിശുദ്ധാത്മാവു റീസിനെ ഓർമ്മിപ്പിച്ചു. അനുസരണമാണ് എല്ലാറ്റിലും മുഖ്യം. ഒരു നവവത്സരകാർഡ് ജീവിതത്തിലെ ഒഴിച്ചുകൂടാനാവത്ത ഒന്നല്ലല്ലോ.

ഒടുവിൽ റീസ് പുസ്തകത്തിനു നന്ദി പറഞ്ഞ് ഗോസറ്റിന് ഒരു കത്തയച്ചു. ഒരു നവവത്സരകാർഡ് ഒപ്പം അയയ്ക്കാഞ്ഞതിന്റെ യഥാർത്ഥകാരണവും കത്തിൽ കാണിച്ചിരുന്നു.

കത്തു പോസ്റ്റുചെയ്തു കഴിഞ്ഞ നിമിഷം തന്നെ സഹോദരന്മാരെ കുറ്റം വിധിക്കുന്ന പിശാചിന്റെ ആക്രമണം ചിന്താമണ്ഡലത്തിൽ റീസിനു നേരേയുണ്ടായി — "ഇപ്പോൾ നീ നിന്റെ സഹോദരനെ അപമാനിച്ചിരിക്കുകയാണ്! അദ്ദേഹം തന്റെ പണം ദുർവിനിയോഗം ചെയ്തെന്നാണു നീ ഭംഗ്യന്തരേണ അദ്ദേഹത്തെ അറിയിച്ചിരിക്കുന്നത്. അറിയാമോ?"

റീസ് ഒരു നിമിഷം പതറിപ്പോയി. ഒടുവിൽ ആ വിശ്വസ്ത കാര്യസ്ഥൻ തന്റെ യജമാനനിൽ ശരണപ്പെട്ടു—താൻ ഉദ്ദേശിക്കാത്ത തെറ്റായ ഒരർത്ഥം അതിനു നൽകുവാൻ പിശാചിനെ ദൈവം അനു

വദിക്കുകയില്ല.

രണ്ടാഴ്ചയ്ക്കുശേഷം അവർ രണ്ട് പൗണ്ടിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയാണ്. ആ പണം ആവശ്യമുള്ള ദിവസം രാവിലെതന്നെ ഇതാ ലണ്ടനിൽ നിന്ന് ഒരു കത്തു വരുന്നു. അതു ഗോസറ്റിന്റെ കത്തായിരുന്നു. കവർ വലിച്ചുകീറിയ ഉടനെ റീസിന്റെ ശ്രദ്ധയിൽപ്പെട്ടത് അതിൽ ഉള്ളടക്കം ചെയ്തിരുന്ന രണ്ടു പൗണ്ടായിരുന്നു. ഒപ്പം ഉണ്ടായിരുന്ന കത്ത് ഇങ്ങനെ:

'കത്തു ലഭിച്ചു. അതിലൂടെ എനിക്കു ലഭ്യമായ അനുഗ്രഹം എല്ലാ ക്രിസ്മസ് പുതുവത്സരകാർഡുകളും ചേർത്തുവച്ചാൽ കിട്ടുന്നതിലും വളരെ മടങ്ങായിരുന്നു. ഓരോ ഞായറാഴ്ചയും ഞാൻ വെസ്റ്റ് മിനിസ്റ്റർ ആശുപത്രിയിൽ രോഗികളോടു സംസാരിക്കാനായി പോകാറുണ്ട്. കഴിഞ്ഞ ഞായറാഴ്ച താങ്കളുടെ കത്തിലെ കാര്യമായിരുന്നു എന്റെ പ്രസംഗവിഷയം: കൃപയിലൂടെ ലഭ്യമാകുന്ന സ്ഥാനം. എപ്പോഴൊക്കെ താങ്കളുടെ പ്രവർത്തനങ്ങൾക്കു പണം ആവശ്യമുണ്ടോ, എന്നെ അറിയിച്ചാൽ മാത്രം മതി, അതിൽ പങ്കാളിയാകുന്നത് എനിക്കു സന്തോഷമാണ്.'

റീസ് ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. തന്റെ ആവശ്യങ്ങളെല്ലാം സ്വർഗ്ഗത്തെ മാത്രം അറിയിക്കുകയും അവിടെ നിന്നു നേടിയെടുക്കുകയുമായിരുന്നു രീതി. "എന്നാൽ സ്വർഗ്ഗവും ഈ സഹോദരനിലൂടെയാണു പലപ്പോഴും പ്രവർത്തിച്ചിരുന്നത്. അദ്ദേഹം പിന്നീടു വലിയ സുഹൃത്തായി മാറി. ഞങ്ങളുടെ പ്രാർത്ഥനകൾക്കു മറുപടി നൽകുവാൻ ദൈവം പലപ്പോഴും അദ്ദേഹത്തെ ഉപയോഗിച്ചു." റീസിന് ഗോസിനെക്കുറിച്ചുള്ള സാക്ഷ്യം ഇതായിരുന്നു.

തന്നോടുള്ള പരിശുദ്ധാത്മാവിന്റെ മൗലികമായ ഇടപാടിനെക്കുറിച്ചു പിന്നീട് റീസ് ഇങ്ങനെയാണു പറഞ്ഞത്: 'ഉടമസ്ഥതാ ബോധം ഞാൻ ഒരിക്കലായി എന്നേക്കുമായി ഉപേക്ഷിച്ചു. വഴിയരികിൽ കിടക്കുന്ന കല്ലുകളെ നോക്കുന്നതുപോലെയാണു ഞാൻ പിന്നീടു പണത്തെ നോക്കിയിട്ടുള്ളത്. രക്ഷകൻ എന്നെ തന്നിൽ ഒരു കൊമ്പാക്കിയെന്നും ആവശ്യത്തിലിരിക്കുന്ന ലോകത്തിലേക്കു തന്റെ പുനരുത്ഥാനജീവൻ ഒഴുക്കുവാൻ എന്നെ ഒരു മാധ്യമമായി തിരഞ്ഞെടുത്തുവെന്നുമുള്ള ചിന്ത എനിക്കു സന്തോഷം പകർന്നു. മുന്തിരിവള്ളിയും കൊമ്പും തമ്മിലുള്ളത് വളരെ അടുത്ത ബന്ധമാണ്. എന്നാൽ കൊമ്പിന്റെ പഴയ ജീവൻ മുന്തിരിവള്ളിയിലേക്ക് പകരുവാൻ തോട്ടക്കാരനു സാധ്യമല്ല. സ്വയത്തിന്, അതിന്റെ ഒരു കണികയ്ക്കുപോലും, രക്ഷകനിൽ ഒരിക്കലും വസിക്കുവാൻ കഴിയുകയില്ല. മുന്തിരിവള്ളിയോടു ചേർത്ത് ഒട്ടിക്കണമെന്നുണ്ടെങ്കിൽ നിങ്ങൾ പഴയ ജീവിതത്തെ പൂർണമായി വിച്ഛേദിക്കേണ്ടതുണ്ട്. അത് എന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഒടുവിൽ പല ഘട്ടങ്ങൾ പിന്നിട്ട് ഇതിലെത്തി. അവിടുത്തെ ജീവനില്ലാതെ നടത്തുന്ന നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ഇടപാടുകളും ദൈവദൃഷ്ടിയിൽ ഒരു വിലയുമില്ലാത്തതാണ്. ഇതേ സമയം കൊമ്പുകളില്ലാതെ മുന്തിരിവള്ളിക്കും തനിയേ ഒന്നും പ്രവർത്തിക്കുവാൻ സാധ്യമല്ല. മുന്തിരിച്ചെടിയുടെ മുഴുവൻ ജീവരസവും കൊമ്പിലൂടെയാണ് ഒഴുകുന്നത്. ഈ പുതുജീവൻ നമ്മിലൂടെ ഒഴുകുമ്പോൾ നമ്മുടെ ഓരോ കണികയും ഉല്ലസിക്കും, നമ്മുടെ ശരീരം പോലും. മുന്തിരിവള്ളിക്കു സന്തോഷം ഉണ്ടെങ്കിൽ കൊമ്പിനും അതേ സന്തേഷം ഉണ്ടായിരിക്കും. ആവശ്യക്കാർക്കു ഫലം ലഭിക്കുകയും ചെയ്യും."

തുടർന്നുള്ള വർഷങ്ങളിൽ ദൈവത്തിന്റെ ആയിരക്കണക്കിനു പണം റീസ് ഹൊവൽസ് തനിയേ കൈകാര്യം ചെയ്യേണ്ടി വന്നിട്ടുണ്ട്. "എന്നാൽ ഞാൻ ചെലവഴിച്ച പണത്തെക്കുറിച്ച് അവിടുന്ന് ഒരിക്കലും കണക്കു ചോദിച്ചിട്ടില്ല" — റീസ് പറയുന്നു.

ഉടമസ്ഥതയ്ക്കായി ഒരവകാശവാദം ഒരിക്കലും ഇല്ലാതിരുന്ന കാര്യസ്ഥതയായിരുന്നുറീസിനുണ്ടായിരുന്നത്. ആ രാത്രിയിലെ സമർപ്പണവും 18 മാസം ദീർഘിച്ച അനുസരണവും റീസിനെ അങ്ങനെയൊരു ജീവിതത്തിനായി സജ്ജമാക്കുകയായിരുന്നു.

**അടുത്തലക്കത്തിൽ 'ജീവിക്കുന്ന രക്തസാക്ഷി'**





# ശിഷ്യത്വത്തിന്റെ ഇടുങ്ങിയ പാത

*21-ാം പേജിൽ നിന്നു തുടർച്ച*

ഒരു യാഗമായി അർപ്പിക്കുവാൻ ദൈവം കൽപ്പിച്ചു. അബ്രാഹാം യിസ്ഹാക്കിനെ യാഗപീഠത്തിന്മേൽ കിടത്തി അവനെ കൊല്ലുവാൻ കത്തിയോങ്ങി. എന്നാൽ ദൈവം അതിനെ തടഞ്ഞുകൊണ്ട് ഈ കൽപന അനുസരിക്കുവാൻ സന്നദ്ധനെന്ന് അവൻ സ്വയം തെളിയിക്കയാൽ ഇനി ആ യാഗം ആവശ്യമില്ലെന്ന് അവനോടു കൽപിച്ചു (ഉൽപത്തി 22). അതിനുശേഷം യിസ്ഹാക്ക് തന്റെ ഗൃഹത്തിൽ ഉണ്ടായിരുന്നെങ്കിൽത്തന്നെയും അവനെ തന്റെ സ്വന്തവകയായി താൻ ഗണിക്കുന്നില്ലെന്ന് അബ്രഹാം മനസ്സിലാക്കി. യിസ്ഹാക്ക് ദൈവത്തിന്റെ വകയായി മാറി.

നമ്മുടെ സകല വസ്തുവകകളും കൈവിട്ടുകളയുക എന്നതിന്റെ അർത്ഥം ഇതാണ്. നമ്മുക്കുള്ള സകലവും നാം യാഗപീഠത്തിന്മേൽ അർപ്പിക്കയും ദൈവത്തിനായി വിട്ടുകളയുകയും ചെയ്യണം.

ഈ വസ്തുവകകളിൽ ചിലതിനെ നാം തുടർന്ന് ഉപയോഗിക്കുവാൻ ദൈവം നമ്മെ അനുവദിച്ചേക്കാം.എന്നാൽ മേലാൽ അവയെ നമ്മുടെ സ്വന്തമെന്നു കരുതുവാൻ നമുക്കു സാദ്ധ്യമല്ല. നാം നമ്മുടെ സ്വന്തവീട്ടിൽ താമസിക്കുന്നുവെങ്കിലും ആ വീടിനെ ദൈവത്തിന്റെ വകയായും അതിൽ വാടക കൂടാതെ താമസിക്കുവാൻ ദൈവം നമ്മെ അനുവദിച്ചതായും നാം കരുതണം. ഇതാണ് യഥാർത്ഥ ശിഷ്യത്വം.

നമ്മുടെ സകല വസ്തുവകകളുടെയും കാര്യത്തിൽ നാം ഇതു ചെയ്തിട്ടുണ്ടോ? നമ്മുടെ വസ്തുവകകളുടെ കൂട്ടത്തിൽ നമുക്കുള്ള ബാങ്ക് അക്കൗണ്ട്, ഭൂസ്വത്ത്, ജോലി, പരീക്ഷായോഗ്യത, കഴിവുകൾ, ഭാര്യാപുത്രാദികൾ എന്നിങ്ങനെ ഭൂമിയിൽ നാം വിലപ്പെട്ടതായി കരുതുന്നതെല്ലാം ഉൾപ്പെടുന്നു. യഥാർത്ഥ ശിഷ്യന്മാരായിരിക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ ഇവയെല്ലാം യാഗപീഠത്തിന്മേൽ അർപ്പിക്കേണ്ടതാണ്.

നാം പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. മത്തായി 5:8-ൽ പറഞ്ഞിട്ടുള്ള ശുദ്ധഹൃദയത്തിന്റെ അർത്ഥം ഇതാണ്: ശുദ്ധമായ ഒരു മനസ്സാക്ഷി ഉണ്ടായിരിക്കുക കൊണ്ടു മാത്രം മതിയാകുന്നില്ല. ശുദ്ധമനസ്സാക്ഷിയുടെ അർത്ഥം നാം പാപത്തെ ഉപേക്ഷിച്ചു എന്നു മാത്രമാണ്. സകലവും ഉപേക്ഷിച്ചതായ ഒരു ഹൃദയമാണ് ശുദ്ധഹൃദയം.

അതിനാൽ ശിഷ്യത്വമെന്നത്:-

a) നമ്മുടെ സ്വജനങ്ങളും മിത്രങ്ങളും

b) നമ്മുടെ സ്വാർത്ഥജീവിതം (self-life)

c) നമ്മുടെ വസ്തുവകകൾ

എന്നിവയുടെ നേരെ നമുക്കുള്ള മനോ

ഇത്തിരിവെട്ടം

# ഉപദേശവും മാർഗനിർദേശവും

ഏലിയാസ് ആസ്‌ലാക്സൻ

**നി**ങ്ങൾ ഉപദേശം അന്വേഷിക്കുന്നുവെങ്കിൽ വെറുതെ ഏതെങ്കിലുമൊരുവന്റെ ഉപദേശം പിൻപറ്റരുത്. കാരണം ആരുടെ ഉപദേശവും മാർഗനിർദേശവുമാണോ നിങ്ങൾ സ്വീകരിക്കുന്നത്, ആ വ്യക്തിയെപ്പോലെയാണു നിങ്ങൾ ആയിത്തീരുന്നത്.

ഉപദേശം നൽകുന്ന വ്യക്തിക്ക് പ്രയോജനപ്പെടാത്തതൊന്നും നിങ്ങൾ സ്വീകരിക്കേണ്ടതില്ല. (ആചരിച്ചുപോന്നവർക്കു പ്രയോജനമില്ലാത്ത ഭോജന നിയമങ്ങളാലല്ല ഹൃദയം ഉറപ്പിക്കേണ്ടത് -എബ്രാ 13:9) മറ്റൊരുവിധത്തിൽ പറഞ്ഞാൽ നിങ്ങൾ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്ന നിലയിലുള്ള ഒരു ജീവിതം നയിക്കുന്നവരിൽ നിന്നു മാത്രമേ, നിങ്ങൾ ഉപദേശവും മാർഗനിർദേശവും സ്വീകരിക്കാവൂ. ഉപദേശവും മാർഗനിർദേശവും അങ്ങനെയുള്ളവരിൽ നിന്ന് മാത്രം സ്വീകരിക്കുക. അതിനാൽ അപ്പൊസ്തലൻപറഞ്ഞിരിക്കുന്നു: "നിങ്ങൾ ഞങ്ങളിൽ കണ്ടിട്ടുള്ള മാതൃകപ്രകാരം നടക്കുന്നവരെ അനുകരിപ്പിൻ." മൂഢന്മാരിൽ നിന്ന് ജ്ഞാനവും, കോപവും എടുത്തുചാട്ടവും ഉള്ള വ്യക്തികളിൽ നിന്ന് ശാന്തതയും, അധികാരത്തിനും മറ്റുള്ളവരെ ഭരിക്കുന്നതിനും വ്യഗ്രതപ്പെടുന്നവരിൽ നിന്നു താഴ്മയും പഠിക്കുവാൻ നിങ്ങൾക്ക് സാധിക്കുകയില്ല.

'നമ്മെ നയിക്കുന്നവരെ അനുസരിക്കുവാൻ' തിരുവചനം നമ്മോട് ആഹ്വാനം ചെയ്യുമ്പോൾ (എബ്രാ. 13:17) അതിന്റെ അർത്ഥം അവരെപ്പോലെ നാം ആകുവാനുള്ള ആഗ്രഹം നമ്മിൽ നൽകിത്തരുന്ന ജീവിതത്തിന് ഉടമകളായ യഥാർത്ഥ നേതാക്കന്മാരെ മാത്രം അനുസരിക്കുക എന്നാണ്.

"സഹോദരന്മാരേ, നിങ്ങൾ എല്ലാവരും എന്നെ അനുകരിപ്പിൻ, ഞങ്ങൾ നിങ്ങൾക്കു കാണിച്ച മാതൃകപ്രകാരം നടക്കുന്നവരെയും കുറിക്കൊൾവിൻ." (ഫിലിപ്യർ 3:17) "നീയോ, ഇന്നവരോട് പഠിച്ചു എന്ന് ഓർത്ത്, നീ പഠിച്ചും നിശ്ചയം പ്രാപിച്ചും ഇരിക്കുന്നതിൽ നിലനിൽക്ക," (2 തിമ്മാഥെ. 3:14) എന്നിങ്ങനെ പ്രാഗല്ഭ്യത്തോടെ പറയുവാൻ കഴിയുന്നവരെയാണു നാം അനുസരിക്കേണ്ടത്.

എങ്കിലും ഈ നിലയിൽ സാക്ഷ്യമുള്ള ആളുകളോടുള്ള ബന്ധത്തിലും നിങ്ങൾ ജാഗ്രതയുള്ളവരായിരിക്കണം, അവരുടെ ഓരോ വാക്കും ചിന്തയും വിവേചിച്ചറിയുകയും വേണം. "പ്രവാചകന്മാർ രണ്ടു മൂന്നുപേർ സംസാരിക്കുകയും മറ്റുള്ളവർ വിവേചിക്കയും ചെയ്യട്ടെ" (1 കൊരി. 14:29) എന്ന് എഴുതിയിരിക്കുന്നതുപോലെ. അതെ, ഒരു വ്യക്തി നിങ്ങൾക്ക് ഒരു വലിയ അനുഗ്രവും സഹായവുമായിരിക്കാം. അയാൾ നിങ്ങളെ ക്രിസ്തുവിലേക്ക് നടത്തിയവനാകാം. ഇതുവരെ നിങ്ങൾ അനുഭവിച്ചിരിക്കുന്ന സകല നന്മകളിലേയ്ക്കും നിങ്ങളെ നടത്തിയെന്നിരിക്കാം. അപ്പോൾ തന്നെ ഈ വ്യക്തി എല്ലായ്പ്പോഴും അതേ വളർച്ചയിൽ തുടരും എന്നുള്ളതിന് യാതൊരു ദൈവിക ഉറപ്പും ഇല്ല.

പൂർണ്ണതോതിൽ എത്തിയില്ലെങ്കിലും, തീർച്ചയായും മറ്റുള്ള എല്ലാവരെയും പോലെ പാപത്തിന്റെ പ്രമാണം തന്റെ അവയവങ്ങളിൽ വ്യാപരിക്കുന്നതിനാൽ, അയാൾ ഒരു പരിധി വരെയെങ്കിലും, വഞ്ചിക്കപ്പെടുവാനും സ്വന്തം നേട്ടവും മഹത്വം അന്വേഷിക്കുന്ന നിലയിലേക്ക് വീണുപോകുവാനും സാധ്യതയുണ്ട്.

നിങ്ങൾക്ക് വ്യക്തിപരമായി പൂർണബോധ്യം ലഭിച്ച വിഷയത്തിലുള്ള അഭിപ്രായഭിന്നത, അല്ലെങ്കിൽ നിങ്ങളുടെ മനസ്സാക്ഷിയെ അതിലംഘിക്കുന്ന കാര്യം, ആ വ്യക്തിയിൽ നിന്നായാലും വന്നാൽ നിങ്ങൾ ഇളകിപ്പോകരുത്. "നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു; മനുഷ്യർക്കു ദാസന്മാരാകരുത്." (1 കൊരി. 7:23) എന്ന വചനം ഇവിടെ പ്രസക്തമാണ്.

"അവരെല്ലാവരും തങ്ങളുടെ സ്വാർത്ഥം അന്വേഷിക്കുന്നു" എന്ന പൗലോസ് പറഞ്ഞിരിക്കുന്നതിനാൽ, പൂർണ്ണമായല്ലെങ്കിലും, ഇന്നും ഈ കാര്യങ്ങൾക്കും സാധ്യതയുണ്ട്. "നിങ്ങളുടെ ജഡത്തിൽ പ്രശംസിക്കേണം എന്ന് അവർ.... ഇച്ഛിക്കുന്നു" എന്ന് ഗലാത്യർ 6:13-ൽ കാണുന്നതും ഇവിടെ പ്രസക്തമായ ഒരു വാക്യമാണ്.

വളർച്ച, വികാസം, ദൈവഹിതം മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നിവയിലെല്ലാം നിങ്ങൾക്കു മാർഗ്ഗനിർദ്ദേശവും ഉപദേശവും ലഭിക്കണം. അതുപോലെ യഥാർത്ഥ വ്യക്തിപരമായ സ്വാതന്ത്ര്യം, ഏറ്റവും കുറഞ്ഞ കാലയളവിൽ മാത്രം മറ്റുള്ളവരെ ആശ്രയിക്കുക എന്ന വഴിയിലൂടെയും നിങ്ങൾ നയിക്കപ്പെടേണ്ടതുണ്ട്. നേരായതും നന്മയായതും അനുഗൃഹീതമായതുമായ സ്വാതന്ത്ര്യത്തിലേക്കും വഴി കാട്ടപ്പെട്ടണം - ഇങ്ങനെയെല്ലാം നിങ്ങളെ സഹായിക്കുന്ന ഉപദേശങ്ങളെയാണു നിങ്ങൾ പിൻപറ്റേണ്ടത്.

⊙

---

ഭാവത്തിൽ സമൂലമായ ഒരു മാറ്റം ഉൾക്കൊള്ളുന്നതാണെന്നു നാം മനസ്സിലാക്കുന്നു.

നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ ആരംഭത്തിൽതന്നെ ഈ പ്രശ്നങ്ങളെല്ലാം പൂർണ്ണമായും അസന്ദിഗ്ദ്ധമായും അഭിമുഖീകരിക്കാത്തപക്ഷം അതിന് ഒരു ശരിയായ അടിസ്ഥാനം ഇടുവാൻ നമുക്കു സാദ്ധ്യമല്ല.

⊙





## എഡിറ്റോറിയൽ തുടർച്ച

പരസ്യജീവിതത്തിനും ഒരുപോലെ ഇവൻ എന്റെ പ്രിയപുത്രൻ എന്നു സ്വർഗ്ഗത്തിന്റെ അംഗീകാരവും ഉണ്ടായിരുന്നു. (മത്തായി 3:17, 12:17, 17:5, യോഹ. 12:28). യേശുവിന് ജീവിതത്തിൽ നിന്നു വേറിട്ടു നിൽക്കുന്ന തൊഴിലായിരുന്നില്ല ശുശ്രൂഷ. ഇതു മനസ്സിലാക്കാതെ രണ്ടിനേയും രണ്ടായി കാണുന്നവരാണിന്നേറെയും. ഫലം അവർ യേശുവിന്റെ ശുശ്രൂഷയെ വേറിട്ടു കണ്ട് അതിനെ അനുകരിക്കുകയും ജീവിതത്തെ അവഗണിക്കുകയും ചെയ്യുന്നു. യേശുവിന്റെ ശുശ്രൂഷയെ അഭിനന്ദിക്കുകയും അവിടുത്തെ ജീവിതത്തെ അനുഗമിക്കാതിരിക്കുകയും ചെയ്തുകൊണ്ട് അവർ യേശുവിന്റെ മുഴു ജീവിതവും തങ്ങൾക്കു നൽകിയിട്ടുള്ള സാധ്യതയെ നഷ്ടമാക്കുകയാണ്!

ചുരുക്കത്തിൽ ഓട്ടം തന്നെയാണു ദൗത്യം. ദൗത്യം തന്നെയാണ് ഓട്ടം. പ്രാണനെ വിലയേറിയതായി എണ്ണിയാൽ ഈ ഓട്ടം (ദൗത്യം) വിജയകരമായി പൂർത്തിയാക്കുവാൻ കഴിയുകയില്ലെന്നും പൗലൊസ് നമ്മെ ഓർമ്മിപ്പിക്കുന്നു.

നമുക്കും 'ഓടുന്നതോ ഓടിയതോ വെറുതെ എന്നു വരാതിരിക്കാൻ' 'പ്രാപിക്കാൻ തക്കവണ്ണം' 'പിൻപിലുള്ളതു മറന്നു മുൻപിലുള്ളതിനു ആഞ്ഞു കൊണ്ട് പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടാം'(ഗലാ. 2:2, 1 കൊരി. 9:24, ഫിലി. 3:14).

⊙

ധ്യാനം

# ദിനംതോറുമുള്ള ജീവിതത്തിന്റെ പ്രാധാന്യം

ഓസ്‌വാൾഡ് ചേംബേഴ്സ്

**"നീ** അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" (യോഹന്നാൻ 1:48)

ഒരു വലിയ പ്രതിസന്ധി നേരിടേണ്ടിവന്നാൽ നാം പോരാട്ടത്തിന് തയ്യാറായിരിക്കും എന്നാണ് നാം കരുതുന്നത്; എന്നാൽ പ്രതിസന്ധിയല്ല നമ്മിൽ പൊടുന്നനെ ഒരു ശക്തി പണിതുയർത്തുന്നത്. ഓരോ പ്രതിസന്ധിയും അതിനോടകം തന്നെ നമ്മൾ ആരായിത്തീർന്നുവെന്നാണു വെളിപ്പെടുത്തുന്നത്. "ദൈവം എന്നെ പോരാട്ടത്തിന് വിളിച്ചാൽ ഞാൻ അവസരത്തിനൊത്ത് ഉയരും" എന്ന് നിങ്ങൾ പറയാറുണ്ടോ? എന്നാൽ ദൈവത്തിന്റെ പരിശീലനക്കളരിയിൽ നിങ്ങൾ ഇതിനകം അങ്ങനെ അഭ്യസനം നേടിയിട്ടില്ലെങ്കിൽ നിങ്ങൾ അവസരത്തിനൊത്ത് ഉയരുകയില്ല. ദൈവം രൂപകല്പന ചെയ്ത നിങ്ങളുടെ തൊട്ടുമുമ്പിലുള്ള ജോലി ഇപ്പോൾചെയ്യുന്നില്ലെങ്കിൽ, പ്രതിസന്ധിയുണ്ടാകുമ്പോൾ, പോരാട്ടത്തിന് യോഗ്യരാകുന്നതിന് പകരം, അയോഗ്യനാണ്/ അയോഗ്യയാണ് നിങ്ങളെന്ന് വെളിപ്പെടും. പ്രതിസന്ധികൾ എപ്പോഴും ഒരു മനുഷ്യന്റെ യഥാർത്ഥസ്വഭാവം വെളിപ്പെടുത്തുന്നു.

ദൈവത്തെ ആരാധിക്കുന്നതിൽ ഒരു സ്വകാര്യബന്ധമാണ് അത്മീയയോഗ്യതയുടെ ഏറ്റവും വലിയ അടിസ്ഥാനഘടകം. ഈ വേദഭാഗത്ത് നഥാനിയേലിന്റെ അനുഭവം പോലെ ആ സ്വകാര്യ 'അത്തിവൃക്ഷാ'നുഭവം അസാദ്ധ്യമാകുന്ന ഒരു കാലം വരും. നിങ്ങളുടെ സ്വന്തം വീട്ടിലെ ദൈനംദിനാവസരങ്ങളിൽ നിങ്ങൾ ദൈവത്തെ ആരാധിച്ചു വരികയായിരുന്നില്ലെങ്കിൽ,ഒടുവിൽ എല്ലാം പുറത്ത് വരികയും അവിടെ നിങ്ങൾ ഒരു മൂല്യവുമില്ലാത്തവനാണെന്ന് സ്വയം കണ്ടെത്തുകയും ചെയ്യും. ദൈവവുമായുള്ള സ്വകാര്യബന്ധത്തിലെ നിങ്ങളുടെ ആരാധന ശരിയാണെങ്കിൽ, ദൈവം നിങ്ങളെ സ്വതന്ത്രനാക്കുകയും പ്രതിസന്ധിയുടെ മുൻപിൽ നിങ്ങൾ തയ്യാറായിരിക്കുകയും ചെയ്യും: കാരണം ദൈവമൊഴികെ മറ്റൊരു കാണാത്ത അദൃശ്യജീവിതത്തിൽ നിങ്ങൾ പൂർണ്ണമായും യോഗ്യതയുള്ള ആളായിത്തീർന്നിരിക്കുന്നു. അതുകൊണ്ട് പ്രതിസന്ധിയുടെ ആയാസം വരുമ്പോൾ നിങ്ങൾക്ക് ദൈവത്തിൽ ആശ്രയിക്കാം.

'എന്റെ ഇപ്പോഴത്തെ പരിതസ്ഥിതികളിൽ എനിക്കൊരു വിശുദ്ധീകരിക്കപ്പെട്ട ജീവിതം നയിക്കാൻ കഴിയുകയില്ല. പ്രാർത്ഥനയ്ക്കോ വേദപുസ്തകപഠനത്തിനോ എനിക്ക് സമയമില്ല. കൂടാതെ പോരാട്ടത്തിനുള്ള അവസരം ഇതുവരെ വന്നിട്ടില്ല; അതു വരുമ്പോൾ തീർച്ചയായും ഞാൻ തയ്യാറായിരിക്കും' എന്ന് നിങ്ങൾ പറയുകയാണോ? ഇല്ല, നിങ്ങൾ തയ്യാറായിരിക്കുകയില്ല. നിത്യജീവിതത്തിലെ ഓരോരോ അവസരങ്ങളിൽ നിങ്ങൾ ദൈവത്തെ ആരാധിക്കുന്നില്ലെങ്കിൽ, നിങ്ങൾ ദൈവവേലയിലേർപ്പെടുമ്പോൾ നിങ്ങളെക്കൊണ്ടു പ്രയോജനമുണ്ടാകുകയില്ലെന്ന് മാത്രമല്ല, ചുറ്റുമുള്ളവർക്ക് നിങ്ങൾ ഒരു തടസ്സമാകുകയും ചെയ്യും.

സുവിശേഷപ്രവർത്തകരുടെ ആയുധങ്ങൾ കണ്ടെത്തുന്ന ദൈവത്തിന്റെ പരിശീലനക്കളരിയിൽ വിശുദ്ധന്റെ സ്വകാര്യ ആരാധനാജീവിതം ഒളിഞ്ഞിരിക്കുന്നു.

ദൈനംദിന ജീവിതത്തിലെ ആരാധനയുടെ
പ്രാധാന്യത്തെക്കുറിച്ചാണു നാം ഇതുവരെ ചിന്തിച്ചത്.ഇനി ദൈനംദിനജീവിതാവസരങ്ങളിലെ ശുശ്രൂഷകളെക്കുറിച്ചു ചിന്തിക്കാം.

"കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽത്തമ്മിൽ കാൽ കഴുകേണ്ടതാകുന്നു" (യോഹന്നാൻ 13:14)

നമുക്ക് ചുറ്റുമുള്ള, ദൈനംദിനജീവിതാവസരങ്ങളിൽ ശുശ്രൂഷകൾ ചെയ്യുക എന്നതിനർത്ഥം നാം നമ്മുടെ ചുറ്റുപാടുകൾ തിരഞ്ഞെടുക്കുന്നു എന്നല്ല. ദൈവം നമുക്കായി രൂപകല്പന ചെയ്തിട്ടുള്ള യാദൃച്ഛികമെന്ന് തോന്നുന്ന നമ്മുടെ ചുറ്റുപാടുകളിൽ നമുക്ക് ഉപയോഗിക്കാനുള്ള പ്രത്യേകാവസരങ്ങൾ ലഭ്യമാണ് എന്നാണിതിനർത്ഥം. നമ്മുടെ ചുറ്റുപാടുകളിൽ നാം വെളിപ്പെടുത്തുന്ന സ്വഭാവവിശേഷങ്ങൾ മറ്റു ചുറ്റുപാടുകളിൽ നാം എന്തായിരിക്കും എന്നതിന്റെ സൂചനകളാണ്.

യേശുക്രിസ്തു ചെയ്ത കാര്യങ്ങൾ ഏറ്റവും താണതും സാധാരണവുമായ ജോലികളായിരുന്നു. ദൈവത്തിന്റേതായ രീതിയിൽ ഏറ്റവും സാധാരണ ജോലികൾ പൂർത്തീകരിക്കാൻ എന്നിലുള്ള സർവ്വ ദൈവശക്തിയും വേണം എന്നതാണ് ഇത് സൂചിപ്പിക്കുന്നത്. യേശു ഉപയോഗിച്ചതുപോലെ എനിക്കൊരു തോർത്ത് ഉപയോഗിക്കാൻ കഴിയുമോ? തോർത്തുകളും പാത്രങ്ങളും ചെരിപ്പുകളും അതുപോലെ മറ്റ് നിസ്സാര വസ്തുക്കളും മറ്റെന്തിനേക്കാളും വേഗത്തിൽ നാം എന്തിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് വെളിപ്പെടുത്തുന്നു. നമ്മിൽ അവതരിച്ചിരിക്കുന്ന സർവശക്തനായ ദൈവത്തിൽ മാത്രമേ ഏറ്റവും താണ ജോലി അത് ചെയ്യേണ്ടതുപോലെ ചെയ്യാൻ കഴിയൂ.

'ഞാൻ നിങ്ങൾക്ക് ചെയ്തപോലെ നിങ്ങളും ചെയ്യേണ്ടതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാന്തം തന്നിരിക്കുന്നു.' നിങ്ങൾക്ക് ചുറ്റും ദൈവം കൊണ്ടുവരുന്ന ആളുകളെ ശ്രദ്ധിക്കുക. ദൈവതിരുമുമ്പാകെ നിങ്ങൾ ഏത് തരത്തിലുള്ള ആളായിരുന്നുവെന്ന് നിങ്ങൾക്ക് വെളിപ്പെടുത്തിത്തരാനുള്ള ദൈവത്തിന്റെ വഴിയാണിതെന്ന് മനസ്സിലാകുമ്പോൾ നിങ്ങൾക്ക് അപമാനം തോന്നും. അവൻ നമ്മിൽ വെളിപ്പെടുത്തിയിരിക്കുന്നതെന്തോ അത് നാം നമുക്ക് ചുറ്റുമുള്ളവർക്ക് ഇപ്പോൾ വെളിപ്പെടുത്തണമെന്നാണ് ദൈവം പറയുന്നത്.

'ഓ, വിദേശരംഗത്തേക്ക് പോകുമ്പോൾ ഞാനെല്ലാം ചെയ്യും' എന്ന് നിങ്ങൾ പറയും. യുദ്ധക്കളത്തിലെ കിടങ്ങുകളിൽ വെച്ച് വെടിക്കോപ്പുകളുണ്ടാക്കാൻ ശ്രമിക്കുന്നത് പോലെയാണ് ഇത്തരത്തിലുള്ള പറച്ചിൽ. അങ്ങനെ ചെയ്യാൻ ശ്രമിക്കുന്നതിനിടെ നിങ്ങൾ കൊല്ലപ്പെടും.

ദൈവത്തോടൊപ്പം ഒരു കാതം കൂടുതൽ നാം പോകേണ്ടതുണ്ട് (മത്തായി 5:41 കാണുക) എന്നാൽ നമ്മിൽ ചിലർ ആദ്യത്തെ പത്ത് ചുവട് നടക്കുമ്പോൾ തളർന്നു പോകുന്നു; കാരണം മുന്നോട്ടുള്ള വഴികാണാതെ നടക്കാൻ ദൈവം നമ്മെ നിർബന്ധിക്കുന്നു."വലിയ പ്രതിസന്ധിക്കടുത്തെത്തും വരെ ഞാൻ കാത്തിരിക്കാം" എന്നു നാം പറയുന്നു. എന്നാൽ നിത്യജീവിതാവസരങ്ങളിൽ നാം നിരന്തരം ശുശ്രൂഷ ചെയ്യുന്നില്ലെങ്കിൽ പ്രതിസന്ധി വരുമ്പോൾ നാം ഒന്നും ചെയ്യുകയില്ല.

Youth Section




# Holy Spirit's role in our life

Sandeep Poonen

***Question:***

Can you please explain the Holy Spirit, how I might receive Him, and His role in my life?

***Answer:***

This is a continuation of my answer to this question above.

I want to talk about a third characteristic that Scripture tells us embodies those who will receive the Holy Spirit. This is a consistent attitude of HUMILITY. Look at these verses in *Isaiah 66:1-2 - Thus says the LORD, "Heaven is My throne and the earth is My footstool. Where then is a house you could build for Me? And where is a place that I may rest? … But to this one I will look, to him who is humble and contrite of spirit and who trembles at My word."*

If you remember, we considered Mary's womb as the first "house" in which Jesus was formed by the Holy Spirit. And we were to be like her womb in the sense that Jesus is to be formed IN US now, through the same Holy Spirit that formed Jesus in Mary's womb. So you and I are the present-day houses of the Holy Spirit. And from Isaiah 66:1-2, a key virtue that God looks for as a prerequisite for dwelling in us is humility and contriteness of spirit!

Let's be clear about one thing first of all. We all want to be humble. I don't think there's even one human being who likes being called proud. Yet, very few people end up being truly humble, or even pursuing humility. So what's the reason for this?

First of all, I think we get in trouble because we look to the Webster dictionary





and to culture's definition of humility, rather than the Bible's definition of humility.

There are many misconceptions about humility that are NOT Scriptural, and that the devil has successfully used to keep Christians from living in the freedom and glory of this virtue:

§ **Humility is not low self-esteem**. I believe that having low self-esteem as a Christian is a *serious sin*. When we have low self-esteem, we are basically telling God that we are NOT precious children of God for whom His Son came and died for. That kind of thinking is something that every Christian should take very seriously and always battle against.

§ **Humility is not thinking that I am no good**. Yes, to be sure, we have no goodness to boast of in ourselves. But God tells us that Jesus Christ is our righteousness. So saying, "I am no good" is only half the sentence. The complete sentence is, ***"I am no good on my own, but God has given me Jesus, so I am now complete as I choose to stand IN Him!"***

§ **Humility is not being soft-spoken**. Being soft-spoken is a personality trait, not a spiritual virtue. There are extroverts who talk more than introverts. That is not a sin. There are people who genetically have a loud voice. That is the way God made them. The connection of soft-spoken and quietness with humility is usually a cultural definition that has no basis in the Bible. As Christians, we must be extremely careful not to allow our cultural ideas of various virtues dominate our spiritual understanding of them.

§ **Humility is not being constantly deferential, and allowing others to dominate us**. This attitude is timidity, and God has specifically told us that the Holy Spirit does NOT give us a spirit of timidity, but of power, love, and discipline (2 Timothy 1:7). We are allowed to express our ideas and thoughts, and are allowed to be ourselves. Being humble does NOT mean allowing others to dominate us. Being humble does NOT mean that we have to constantly concede to others.

So what then is true Christian humility and how do we learn to be humble?

I think that we must recognize that there is only one way to learn humility - and that is DIRECTLY from Jesus. *Matthew 11:29 - Take My yoke upon you and learn from Me, for I am gentle and humble in heart, and you will find rest for your souls*. We must ruthlessly and consistently throw away all dictionary definitions of humility and learn it from Jesus alone.

So here's how we can become more and more humble: **We become humble by**

**staying focused solely on Jesus, and comparing ourselves constantly with Jesus and no one else.**

Think about just your day today? How many times did you compare yourself to your brother, or your wife, or your husband, or your sister, or your neighbor, or your co-worker, or your parents, or your grandparents, or the person at the store, or your Hindu friend, or your unsaved relatives, or your upbringing, or your past hurts, and so on.

We live in a world where we interact with all these people and various thoughts. But I must be careful how I deal with these thoughts: *Did I make assessments comparing them to me in a particular area? Maybe that I was better off than them? Or maybe even that I was worse off than them? Then, based on that assessment, did I feel a sense of self-satisfaction because I was better off than them? Or maybe a sense of despondency because I was worse off than them?*

**I believe that this is the source of my pride**. And look, we ALL allow these thoughts to grab a hold of our thinking to varying degrees every day. So we shouldn't be discouraged by the recurring evidence of this day after day. But if we stay committed to fighting all instincts to compare ourselves with others, we will slowly gain victory over this dangerous addiction.

And in this day of social interaction on the Internet, I find that websites like Facebook and Twitter can become huge sources of temptation to compare myself with others. Let me be clear - I am not criticizing these tools. In fact, I have active accounts on both these websites. But I have learned that I need to be very careful on how I spend my time on these sites. I have to be careful with what my eyes see and where my thoughts go - as I read about all the fancy vacations that my friends went to, all the great updates others are making, and so on. I must be on my guard that I don't allow any envy, jealousy, pride, arrogance, etc to slip in.

Comparing myself to Jesus is a different experience altogether. Jesus had very little to boast about in this world. He was a friend to sinners, but He was also utterly holy. He was full of compassion towards the worst of sinners, but also full of stern rebukes for the self-righteous. Then again, as I find that as I compare myself to Jesus, I find myself consistently and woefully short of His standard in my love, in my holiness, and my commitment to righteousness. He had no desire for self-gratification. It made absolutely no difference whether





a person was rich or poor. He had no respect for empty religious titles.

But here's a key difference when I compare myself with Jesus: I am not discouraged one bit, because the Jesus I know is LOVE. Love is not just one of His virtues or one of His attributes. Jesus is God - so Jesus IS love. So when I come to Jesus, I come to Love. And when I compare myself to Jesus, I do that in the context of infinite Love.

Now you would think that this should make coming to Jesus so much enjoyable and so easy. But unfortunately, we are such self-centered creatures that we still choose not to interact with the Love of Jesus. I think this is because we want love - but simply a love for ourselves. So we find more gratification from feeling sorry for ourselves, because that allows us to love ourselves without having to love others. So we choose not to come to Jesus. He is Love and He will tell us that He loves us infinitely. But He will also tell us that He loves the whole world, and not just us. We are the apple of His eye, but so are many others.

So as I assess my life, it is hard to consistently make it about comparing myself with Jesus alone. It is so hard to keep it that simple.

But I nonetheless believe that this is the BEST TRUE TEST of my pride and humility.

So to summarize what we've discussed in the last few articles, do you want to be assured of the rich presence of the Holy Spirit with and in you? Let me summarize what I've said so far:

1. Let us stay HONEST that it is impossible to bear the life of Jesus without the power of the Holy Spirit. It is as impossible as a virgin bearing a baby by herself. But the good news is that the Holy Spirit has been given to PARTNER with us, and to make us like Jesus. The Holy Spirit does not possess us, but fills us - where we *cooperate* with Him.
2. Maintain an unquenchable HUNGER for Jesus. Recognize that your life is a scorched ground without His constant waters flowing over you and keeping you soft and fertile
3. Stay HUMBLE by constantly comparing ourselves to Jesus and not to any man or woman. Let us slowly let go of the mental tendency to compare ourselves with others.

Now there's nothing intrinsically divine about making things all start with the same letter, etc. But it does help remember. So hopefully, you will remember these three **H's** when you consider the wood that the Holy Spirit sets ablaze: **Honesty, Hunger, and Humility**.

Finally, look at these words of Jesus said about the Holy Spirit: *Luke 11:11-13 - Now suppose one of you fathers is asked by his son for a fish; he will not give him a snake instead of a fish, will he? Or if he is asked for an egg, he will not give him a scorpion, will he? If you then, being evil, know how to give good gifts to your children, how much more will your heavenly Father give the Holy Spirit to those who ask Him?*

In all that I have written so far, I sincerely hope that I have not made receiving the Holy Spirit more mysterious and complicated than a simple hungry child asking his father for food. I hope that this will be the final word on receiving the free gift of the Holy Spirit.

If asked, a human father will quickly provide fish and food to a hungry child. Loud fanfare, spine-tingling feelings, and earth-shattering experiences may or may not accompany such a provision. The provision of the food is what really matters. So it is when our Heavenly Father gives us His Holy Spirit. There may be the occasional time when feelings or earth-changing events accompany such a visitation. But the evidence of Scripture also proves that such experiences (extraordinary physical events) were the exception rather than the rule. But this I also know from Scripture - the Heavenly Father moves quickly to give His Holy Spirit whenever any human sincerely asks for the Holy Spirit - like a child asking for food.

So if we maintain our honesty, hunger, and humility before God, we can also believe with FULL CONFIDENCE that God freely gives us the Holy Spirit when we ask Him - just like any earthly father or mother would feed their children when they are hungry. So may we also open up our spirits to God, and accept with gratitude the FREE GIFT OF THE HOLY SPIRIT.

(please mail your genuine doubts to: **sandeep@poonen.org**)

# ജീവമൊഴികൾ

വാല്യം 10 ഏപ്രിൽ 2012 ലക്കം 4

**എഡിറ്റോറിയൽ ബോർഡ്**

| വാർഷിക വരിസംഖ്യ | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി. അയയ്ക്കേണ്ട വിലാസം :

**ജീവമൊഴികൾ**
കുമാരനല്ലൂർ പി. ഒ, കോട്ടയം,
കേരള-686016,
ഫോൺ 0481 - 2301519,
8281027519

**വിദേശപ്രതിനിധികൾ**
U.S.A - Biney James
Phone: 512990 2808(R) 512826 5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-84 65 287
E-mail: skuruvi@gmail.com


മൊഴിമുത്ത്

## ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ



'നല്ലതോ'യാലും 'അസുഖകരമായ' അനുഭവമായാലും യാദൃച്ഛികമായി ദൈവം നമുക്ക് അവ അനുവദിക്കുകയില്ലെന്ന് അറിഞ്ഞാലേ നാം ദൈവസ്വഭാവത്തിൽ വളരുകയുള്ളൂ. ഏതു കാര്യവും നമ്മെ നമ്മിൽ നിന്നു വിടുവിച്ച് ദൈവത്തിങ്കലേക്ക് ഓടി അണയുവാൻ ഉദ്ദേശിച്ച് അനുവദിക്കുന്നതാണ്. എല്ലാം സ്വഭാവരൂപീകരണം ലക്ഷ്യമാക്കി ദൈവം അയയ്ക്കുന്നതാണ്. ഇതിന് അപവാദങ്ങളില്ല. ദൈവം മയങ്ങുന്നില്ല ഉറങ്ങുന്നില്ല (സങ്കീ. 121:4). അതുകൊണ്ട് ദൈവം എല്ലാം കാണുന്നവനാണ്. സാത്താന് അവിടുത്തെ 'കണ്ണുവെട്ടിച്ച്' ഒന്നും ചെയ്യുവാൻ കഴിയുകയില്ല. ദൈവത്തെ സംബന്ധിച്ചിടത്തോളം ഒന്നും അത്ഭുതകരമായി സംഭവിക്കുന്നില്ല. ഈ വിശ്വാസത്തിനു മാത്രമേ 'ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ' എന്ന പ്രസ്താവന മനസ്സിലാകുകയുള്ളൂ.

**പോൾ ഇ. ബിൽഹെയ്മർ**

## ഹൃദയത്തെ കാത്തുകൊള്ളുക




'സകലജാഗ്രതയോടുംകൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽനിന്നല്ലോ ആകുന്നത്'. *(സദൃശ. 4:23)*

# A MIND SET ON GOD

People ask me how we can acquire a spirit that can live in and for God. Abstinence is necessary for this. By this we mean that one shuts oneself in with in himself turned away from created things and turned towards God. This is an utter separation that consists of abstaining from all empty and unnecessary conversation-so freed from this present world that one can concern oneself only with those things that God brings across his way, and have a closed ear for all unnecesary things that could become a cause of curiosity.

This inward separation necessitates the shutting of the senses and paying careful attention to the presence of God. Let this separation of spirit be your condition at all times, even in the midst of all your busy work. Take good care then that you are more occupied with outward things than is absolutely necessary; and do not let your thoughts be filled with vain worldly things. Don't tolarate even what could be termed an a 'little' fault in this matter.

If our mind is not separated thus throughtout the day, prayer will become dry and useless. On the contrary, if we live in this separated condition, it will be easy to enter in to a spirit of prayer. In this condition, we will have a sharp eye for all sin, discovering it immediately, resisting it in its very first attack and breaking its power as soon as it begings to exert itself. However, in all this, be careful to be more taken up with God than with yourself.

**John Fletcher** (1780)

## *Just a minute*

*"നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കിയവർ...... ഇല കൊഴിഞ്ഞും ഫലമില്ലാതെയും രണ്ടുരു ചത്തും വേരറ്റും പോയ വൃക്ഷങ്ങൾ". (യൂദ. 4, 12)*

***Pheba Cleetus***

